2016 ഫെബ്രുവരി 10
വാല്യം 09
ലക്കം 03

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription 150/- Pages:12

# ഐ. പി. സി. ജനറൽ ഇലക്ഷൻ അനിശ്ചിതത്വത്തിൽ

## തെരഞ്ഞെടുപ്പ് നീട്ടിവെച്ചതിൽ പങ്കില്ലെന്ന് പ്രസിഡന്റും മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും വെവ്വേറെ പത്രസമ്മേളനത്തിൽ

**കുമ്പനാട്:** എക്സിക്യൂട്ടീവ് കമ്മിറ്റി പരസ്പരം വിഴുപ്പലക്കൽ ആരംഭിച്ചതോടെ ഐ. പി. സി. ജനറൽ ഇലക്ഷൻ എന്നു നടക്കുമെന്ന കാര്യം അനിശ്ചിതത്വത്തിലായി. ജനുവരി 26ന് കാലാവധി അവസാനിച്ച ഈ കൗൺസിലിന് നയപരമായ തീരുമാനം കൈക്കൊള്ളാൻ കഴിയില്ലെന്നും ഇത് സംബന്ധമായ നിയമോപദേശം തേടുമെന്നും ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ തിരുവല്ലയിൽ നടത്തിയ പത്രസമ്മേളനത്തിൽ വ്യക്തമാക്കി. കേരളത്തിന്റെ പുറത്ത് നിന്നുമുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായതായി അറിയുന്നു. പുതിയ ജനറൽ കൗൺസിലിന്റെ തെരഞ്ഞെടുപ്പ് കേരളത്തിൽ നടത്താതിരിക്കുന്നത് ഭരണ പ്രതിസന്ധിക്ക് കാരണമാകും എന്നാണ് പ്രസിഡന്റിനെ



പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ ബേബി വർഗീസ്



പാസ്റ്റർ സാം ജോർജ്ജ്



ബ്രദർ ജോൺ ജോസഫ്

അനുകൂലിക്കുന്നവർ പറയുന്നത്.

എന്നാൽ ഇത്തരം വാദങ്ങൾ തെറ്റാണെന്നും സഭയുടെ ഭരണഘടനപ്രകാരം യാതൊരു പ്രതിസന്ധിയുമില്ലെന്നും പാസ്റ്റർ സാം ജോർജ്ജ് പാസ്റ്റർ ബേബി വർഗീസ്, ബ്രദർ ജോൺ ജോസഫ് എന്നിവർ ഹെബ്രോൻപുരത്ത് നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ, കൂട്ടുത്തരവാദിത്വമില്ലാതെ ജനറൽ പ്രസിഡന്റ് പ്രവർത്തിക്കുന്നു തുടങ്ങിയ ആരോപണങ്ങളും പ്രസിഡന്റിനെതിരെ പത്രസമ്മേളനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി നടത്തി.

ആരോപണ പ്രത്യോരോപണങ്ങളുടെ നടുവിൽ ഇനിയുള്ള ദിനങ്ങൾ സംഘർഷഭരിതമാകുമെന്ന സൂചനയായി ഇതിനെ കാണാം.

ഏപ്രിൽ 28ന് ഭരണ ഘടനാമാറ്റത്തിനായി ജനറൽ കൗൺസിലും ജനറൽ ബോഡിയും കൂടാനിരിക്കെ അപ്രതീക്ഷിത നീക്കത്തിലൂടെ മാർച്ച് 8ന് ജനറൽ പ്രസിഡന്റ് കൗൺസിൽ കൂടുവാൻ നിർദ്ദേശം നൽകിയതായി അറിയുന്നു.

ഐ. പി. സി. എന്ന വലിയ പ്രസ്ഥാനത്തിന് നാണക്കേടായി മാറുകയാണ് ഇത്തരം പോരാട്ടങ്ങൾ. അമിതമായ രാഷ്ട്രീയക്കളികൾക്ക് വിരാമം ഇടത്തക്കനിലയിൽ ഭരണഘടനാ ഭേദഗതി വരുത്തണം എന്നാണ് നിഷ്പക്ഷമതികളുടെ ആവശ്യം. ഹെബ്രോൻപുരത്തിന്റെ വികസനത്തിനും സഭാവളർച്ചയ്ക്കും പുരോഗതിക്കും തടയിടുവാനോ ഇത്തരം പോരാട്ടങ്ങൾ ഉപകരിക്കൂ.

# യു. പി. ജി ദൈവസഭാ സുവിശേഷീകരണ ദൗത്യത്തിൽ പുതിയ മുന്നേറ്റം



പത്രസമ്മേളനത്തിൽ പാസ്റ്റർമാരായ എബ്രഹാം ഫിലിപ്പോസ്, വി. വി. അലക്സാണ്ടർ, ഐസക് സൈമൺ

“സകല ജാതികളേയും ശിഷ്യരാക്കുക” എന്ന യേശുവിന്റെ അന്ത്യകല്പനയുടെ ആധികാരികത ഉൾകൊണ്ട് ചർച്ച് ഓഫ് ഗോഡ് അന്തർദ്ദേശിയ നേതൃത്വം ആരംഭിച്ചിരിക്കുന്ന സുവിശേഷികരണ യജ്ഞമാണ് യു. പി. ജി അഥവാ “അൺ റീച്ച്ഡ് പീപ്പിൽ ഗ്രൂപ്പ്”. ലോകത്തിൽ ഇനിയും സുവിശേഷം എത്തിയിട്ടില്ലാത്ത ജാതികളെയും ഗോത്രങ്ങളേയും ലക്ഷ്യമാക്കുന്ന ഈ പ്രവർത്തനം‘10/40’ വിൻഡോ ഭൂപ്രദേശങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകുവാൻ ശ്രമിക്കുന്നു. ഇൻഡ്യയിൽ കണക്കുകൾ പ്രകാരം ഏകദേശം 1400–ൽ പരം ജനസമൂഹങ്ങൾ അഥവാ “പീപ്പിൾ ഗ്രൂപ്പുകൾക്ക്” ഇനിയും സുവിശേഷം അപ്രാപ്യമായിരിക്കുന്നു. ദൈവസഭയുടെ എല്ലാ റീജിയനുകളിലും ഈ പ്രവർത്തനത്തിന്

04

# പ്രിഫറൻസ് ബാലറ്റ് തുടങ്ങി

## സെൻട്രൽ വെസ്റ്റിൽ ബെനിസൺ മത്തായി ഓവർസിയർ

✱ റെഡ്ഢിയും ജ്ഞാനദാസും തുടരും ✱ കേരളത്തിൽ ജൂണിൽ



പാസ്റ്റർ ബെനിസൺ മത്തായി



പാസ്റ്റർ ജ്ഞാനദാസ്



പാസ്റ്റർ ജ്യോതികുമാർ റെഡ്ഢി

**ഡൽഹി:** ചർച്ച് ഓഫ് ഗോഡ് പ്രിഫറൻസ് ബാലറ്റ് ആരംഭിച്ചു. സെൻട്രൽ വെസ്റ്റ് റീജിയനിൽ പ്രിഫറൻസ് ബാലറ്റിൽ പാസ്റ്റർ ബെനിസൺ മത്തായി 66% വോട്ട് നേടി വിജയിച്ചു. പാസ്റ്റർ ജോസഫ് മാത്യുവിന്റെ ആറു വർഷത്തെ ഭരണംകൊണ്ട് കാര്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല. നേതൃത്വമാറ്റത്തിനുവേണ്ടി ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ പാസ്റ്റർമാരായ വി. ഒ. വർഗീസ്, ബെനിസൺ മത്തായി, മാത്യു ടി. സാമുവേൽ, പി. റ്റി. ജേക്കബ് എന്നിവരുടെ പേരുകൾ സജീവമായി ചർച്ച ചെയ്യപ്പെട്ടു.

ആന്ധ്രാപ്രദേശിൽ പാസ്റ്റർ ജ്യോതികുമാർ റെഡ്ഢി വീണ്ടും ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രിഫറൻസ് ബാലറ്റിൽ ഭൂരിപക്ഷം വോട്ട് നേടിയ റെഡ്ഢിയ്ക്കെതിരെ സ്ഥാനാർത്ഥികൾ രംഗത്തില്ലായിരുന്നു. തമിഴ്നാട്ടിൽ പാസ്റ്റർ ജ്ഞാനദാസ് വീണ്ടും ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രിഫറൻസ് ബാലറ്റിൽ 85% വോട്ട് നേടിയ അദ്ദേഹത്തിനെതിരെ എതിർ സ്ഥാനാർത്ഥികൾ രംഗത്തുവന്നില്ല. കഴിഞ്ഞ നാല് വർഷത്തെ തന്റെ ഭരണം വിവാദങ്ങൾ ഇല്ലാത്തതായിരുന്നു. സൗമ്യനും സ്വാത്വികനുമായ പാസ്റ്റർ ജ്ഞാനദാസ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും കൗൺസിൽ അംഗങ്ങളെ ഒന്നിച്ചുകൊണ്ടു പോകുന്നതിലും വിജയിച്ച വ്യക്തിയായിരുന്നു. സാമ്പത്തിക വിഷയത്തിൽ പുലർത്തുന്ന വിശ്വസ്തതയും സുതാര്യതയുമാണ് എതിരാളികളില്ലാതെ പ്രിഫറൻസിനെ മറി കടക്കാൻ തനിക്ക് കഴിഞ്ഞത്.

കേരളത്തിൽ ജൂണിൽ പ്രിഫറൻസ് ബാലറ്റ് നടക്കുമെന്ന് സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൺ അറിയിച്ചു. സഭയുടെ ആസ്ഥാനങ്ങളായ പാക്കിൽ, മുളക്കുഴ എന്നിവിടങ്ങളിൽ നടക്കുന്ന പ്രിഫറൻസ് ബാലറ്റ് ഇലക്ഷനുവേണ്ടി കളം ഒരുങ്ങി കഴിഞ്ഞു. ശക്തമായ നേതൃത്വമാറ്റം ആവശ്യപ്പെടുന്ന

04

## സാക്ഷി



ഐ. പി. സി. ജനറൽ ഇലക്ഷൻ അനന്തമായി നീളുന്നു.

*ഇലക്ഷൻ എന്ന പ്രക്രിയ ഇല്ലാതിരുന്നാൽ സഭ രക്ഷപ്പെടും.*

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ സമാപിച്ചു



93–ാമത് ജനറൽ കൺവൻഷൻ സ്റ്റേറ്റ് ഓവർസിയർ പി. ജെ. ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു

**തിരുവല്ല:** 93–ാമത് ദൈവസഭ ജനറൽ കൺവൻഷൻ സമാപിച്ചു. 2016 ജനുവരി 25–ാം തീയതി വൈകിട്ട് തിരുവല്ല രാമൻചിറ ദൈവസഭാ കൺവൻഷൻ സ്റ്റേഡിയത്തിൽ 5.30ന് ആരംഭിച്ചു. അസി. ഓവർസിയർ പാസ്റ്റർ പി. ജി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് 2 യോഹന്നാൻ 2:28 ക്രിസ്തുവിൽ വസിപ്പിൻ എന്ന തീം അവതരിപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.

അവനിൽ വസിക്കണമെങ്കിൽ അവനെ അറിയണം. അറിയണമെങ്കിൽ ലൂക്കോസ് 24:44ൽ പറയുന്ന തുസങ്കീർത്തനത്തിലും ന്യായപ്രമാണത്തിലും പ്രവാചക പുസ്തകത്തിലും എഴുതിയിരിക്കുന്ന ക്രിസ്തുവിനെ അറിയുക. യിരമ്യാ 51:15 ൽ ഭൂമിയെ ശക്തിയാൽ സൃഷ്ടിച്ചവൻ ഭൂമണ്ഡലത്തെ സ്ഥാപിച്ചവൻ, വിവേകത്താൽ ആകാശത്തെ വിരിച്ചവനെ ലോകം തലയിൽ മുൾക്കിരീടം അടിച്ചിറക്കി. മീഖാ.5:1ൽ പറയുന്ന ന്യായാധിപതിയെ ചെകിട്ടത്തടിച്ചു. അപ്പോ. പ്രവർത്തിയിൽ മറ്റൊരുത്തനിലും രക്ഷയില്ലായെന്ന് ലോകത്തോട് അറിയിച്ചു. അവനിൽ വസിക്കണമെങ്കിൽ അവന്റെ സ്വഭാവം അറിയണം. അവർക്കുമാത്രമേ മറ്റുള്ളവരെ നേടാനും പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുവാനും കഴിയുകയുള്ളൂ.

പാസ്റ്റർ പി. സി. ചെറിയാൻ സ്വാഗതവും,

04

**ബിലീവേഴ്സ് ജേണൽ**

*പത്രാധിപ സമിതി*

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# യാത്രകൾ കേരളത്തെ രക്ഷിക്കുമോ




തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നു എന്നതിന്റെ തെളിവാണ് കേരളത്തിലെങ്ങും കാണുന്ന യാത്ര. വിവിധ രാഷ്ട്രീയ പാർട്ടികൾ വിവിധ ഓമനപ്പേരുകളിട്ട് നടത്തുന്ന യാത്രകൾ കേരളത്തിലാകെ തലങ്ങും വിലങ്ങും പായുകയാണ്. ചിലതൊക്കെ നേരിട്ട് കണ്ടു; മറ്റുള്ളതൊക്കെ വായിച്ചറിയുന്നു. അധികാരത്തിലെത്തുവാനുള്ള ത്വര എല്ലാവരുടെയും വാക്കിലും പ്രവർത്തിയിലും നിറഞ്ഞു നിൽക്കുന്നു. അധികാരത്തിലിരുന്നവർ അതു നിലനിർത്തുവാനും പുറത്തുള്ളവർ അധികാരം പിടിച്ചെടുക്കുവാനും നടത്തുന്ന യാത്രകളിലൂടെ ജനത്തിന്റെ കണ്ണിൽ പൊടിയിടുകയാണ് എന്നൊരു തോന്നലാണ് എനിക്ക് ഫീൽ ചെയ്തത്.

നമ്മുടെ കേരളത്തിനെന്തുപറ്റിയെന്ന് അറിയാതെ ചിന്തിച്ചു പോയാൽ അതു തെറ്റാകില്ല. അഴിമതിയും ആഭാസത്തരവും നിറഞ്ഞ അന്തരീക്ഷം. അഴിമതിക്കാരെയും അസൻമാർഗികളെയും മഹത്വവൽക്കരിക്കുന്ന നിലയിലേക്ക് നമ്മുടെ കൊച്ചുകേരളം അധഃപതിച്ചിരിക്കുന്നു. ഇന്നു നടക്കുന്ന ചാനൽ ചർച്ചകളിൽ വാഴ്ത്തിപ്പാടുന്നതും മഹത്വവൽകരിക്കുന്നത് ക്രിമിനലുകളെയും തട്ടിപ്പുകാരെയുമാണ്. അത്തരക്കാരുടെ വാക്കുകൾക്കു വേണ്ടി കാതോർക്കുന്ന ജനത്തെയോർത്ത് സഹതപിക്കാനെ സാധിക്കുന്നുള്ളു. പണ്ടൊക്കെ അഴിമതി ആരോപണങ്ങൾ ഉയരുമ്പോഴേക്കും അധികാര കസേരകൾ ധാർമ്മികതയുടെ പേരിൽ വിട്ടുകളയുന്ന രാഷ്ട്രീയ നേതാക്കന്മാരായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. കോൺഗ്രസ് എന്നോ കമ്യൂണിസ്റ്റെന്നോ അതിന് ഭേദമില്ലായിരുന്നു. രാഷ്ട്രീയത്തിനതീതമായ ആദരവ് അന്ന് രാഷ്ട്രീയ നേതൃത്വത്തോട് നമ്മുടെ ജനതക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി പാടേ മാറിയിരിക്കുന്നു. പൊതുജനത്തിന്റെ കണ്ണിൽ പൊടിയിട്ട് അവരെ വിഢ്ഢിവേഷം കെട്ടിച്ച് രാഷ്ട്രീയക്കാർ അഴിമതി വീരന്മാരായി ഇവിടെ അരങ്ങു വാഴുന്നു. അധികാര കസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്നവർ ലജ്ജലവലേശം ഇല്ലാതെ പൊതുജന മുമ്പിൽ നിവർന്നു നിൽക്കുന്നു.

കഴിഞ്ഞ ദിവസം ആറ്റിങ്ങലിൽ ഒരു യുവാവിനെ സംഘം ചേർന്ന് തെരുവിൽ പട്ടിയെ കൊല്ലുന്നതു പോലെ തല്ലിക്കൊന്നത് ഏത് ശിലാഹൃദയനെയും ഞെട്ടിക്കുന്നതായിരുന്നു. ഉത്തരേന്ത്യയിൽ മാത്രം നടക്കുന്ന ഇത്തരം കിരാത പ്രവർത്തികൾ നടത്തത്തക്കനിലയിൽ കേരളവും എത്തിയിരിക്കുന്നു എത്ര ലജ്ജാകരം.

കേരളാ ജനത ആകെ മാറിയിരിക്കുന്നു. പരസ്പര വിശ്വാസം എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ മനസ് എന്നേ ക്രൂരമായി പോയിരിക്കുന്നു. അപകടത്തിൽ പെട്ടുകിടക്കുന്നവരെ രക്ഷപ്പെടുത്തുന്നതിനു പകരം അവരുടെ പടം മൊബൈലിൽ പകർത്തുവാൻ ബദ്ധപ്പെടുന്നവരുടെ നാടാണിത്. സാക്ഷരതയുടെ 100% തികച്ചെന്നഭിമാനിക്കുന്ന നമ്മൾ ഇപ്പോഴും അന്ധതയുടെ ഇരുട്ടിൽ തപ്പിത്തടയുകയാണ്. അഴിമതി തുടച്ചുമാറ്റുവാനും സംസ്ഥാനത്തിന്റെ ആകമാനമായ പുരോഗതി ലക്ഷ്യമാക്കുവാനും അത് പൊതുചർച്ചയാക്കാനും കഴിയണം. കൊച്ചി മെട്രോയും വിഴിഞ്ഞം തുറമുഖവും, സബർബൻ ട്രെയിനും കണ്ണൂർ എയർപോർട്ടും, സ്മാർട്ട്സിറ്റിയുമൊക്കെ കേരളത്തിന്റെ വികസനത്തിന് മുതൽകൂട്ടാണ്. എന്നാൽ ഇത്തരം ചർച്ചകൾ ചാനലുകളിൽ ഇടം പിടിക്കുന്നതിനേക്കാൾ കൂടുതൽ തട്ടിപ്പുകളും മറ്റുമാണ് ഇടം തേടുന്നത്.

ആത്മീയ രംഗത്തും മനുഷ്യരുടെ കണ്ണിൽ പൊടി ഇടുന്ന യാത്രകളും പ്രോഗ്രാമുകളുമാണ് ഇന്ന് നടക്കുന്നത്. ആത്മീയ ആരോഗ്യത്തിന് ഉതകുന്ന വചനപഠനമോ കാത്തിരിപ്പ് യോഗങ്ങളോ ഒന്നും സഭകളിൽ നടക്കുന്നില്ല. അതുകൊണ്ടുതന്നെ ആത്മീയ പൊയ്മുഖങ്ങളാണ് നമുക്കു ചുറ്റും. യാഥാർത്ഥ്യമല്ലാത്തതിനേയും അനുകരണീയമല്ലാത്തതിനേയും യഥാർത്ഥം എന്നപോലെ അവതരിപ്പിച്ചു ഇവിടുത്തെ അഭിനവ ആത്മീയ നേതാക്കന്മാർ തിമിർത്താടുകയാണ്.



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പരസ്പര സ്നേഹവും വിശ്വാസവുമെല്ലാം നഷ്ടപ്പെട്ട സമൂഹമായി നമ്മുടെ സമൂഹം മാറിയിരിക്കുന്നു. അനുകരണം ആത്മീയതയായി വ്യാഖ്യാനിക്കപ്പെടുന്ന ഈ ദുരവസ്ഥ മാറണമെങ്കിൽ പ്രസ്ഥാനത്തിന്റെ ആകമാനമായ പുരോഗതി ലാക്കാക്കി പ്രവർത്തിക്കുന്ന നേതാക്കന്മാർ ഉണ്ടാകണം. സ്വാർത്ഥതയും അഴിമതിയും നമ്മുടെയിടയിൽ ഉണ്ടാകാൻ പാടില്ലാത്ത തിന്മകളാണ്.

ഒരു കാര്യം ഉറപ്പാണ്. ഇനി വരുവാൻ പോകുന്നത് പെന്തെക്കോസ്ത് സമൂഹത്തിന്റെ കാലമായിരിക്കില്ല. പ്രതികൂല സാഹചര്യങ്ങൾ മുമ്പിലുണ്ട് എന്നത് മറക്കാതിരിക്കുക. ഇന്ന് പരസ്പരം പോരടിക്കുന്നവർ അന്ന് കണക്ക് പറയേണ്ടി വരും നിശ്ചയം.

**യുവജന പംക്തി**

# ഒന്നിലേറെ പ്രണയങ്ങൾ



ബിനു ജോസഫ്
വടശ്ശേരിക്കര

വിവാഹത്തിൽ മറ്റൊരാളെ തിരഞ്ഞെടുക്കാൻ കഴിയാതെ പോയ ഏകവ്യക്തി ആദം ആയിരുന്നേക്കാം. മുമ്പിൽ രണ്ട് യുവതികളെ നിർത്തി ഇഷ്ടമുള്ള ഒരു യുവതിയെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ ആദം കുഴഞ്ഞുപോയേനേ! ഇന്നും ഇതു തന്നെയാണ് പലരുടെയും പ്രശ്നം എങ്ങനെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കാം എന്നത് പലരെയും അലട്ടുന്ന ഒരു പ്രശ്നമാണ്. എല്ലാം തികഞ്ഞൊരാൾ എല്ലാത്തിലും പൂർണ്ണരായ ഒരു വ്യക്തിയും ലോകത്തില്ല. അത് കൊണ്ടുതന്നെ എല്ലാം തികഞ്ഞൊരാളെ ജീവിത പങ്കാളി ആക്കാൻ സാദ്ധ്യമല്ല. പരസ്പരപൂരകങ്ങൾ ആയവരെയാണ് ദൈവം കുടുംബ ജീവിതത്തിൽ യോജിപ്പിക്കുന്നത്. തുണി തിരഞ്ഞെടുക്കുമ്പോൾ സാധാരണയായി തുണിക്കടയിൽ വസ്ത്രങ്ങൾ വാങ്ങാൻ കൂടുതൽ സമയം ചിലവിടുന്നത് സ്ത്രീകളാണ്. പല കടകൾ കയറി ഇറങ്ങുവാനും പലരും തയ്യാറാകും. എന്നാൽ ഇത്ര പോലും ശ്രദ്ധ പലരും വിവാഹത്തിന്റെ തീരുമാനത്തിൽ കാണിക്കാറില്ല എന്നതാണ്. ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ അല്പം നന്നായി ആലോചിക്കണം, കാരണം ജീവാന്ത്യം വരെ നിലനിൽക്കുന്ന ഒരു തീരുമാനമാണിത്. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു എന്നു പറയാറുണ്ട്. ശരിയാണ് സ്വർഗ്ഗത്തിൽ ദൈവം ടിക്ക് ഇടുന്ന ഒന്നാണ് വിവാഹം. മറ്റൊരർത്ഥത്തിൽ ദൈവമാണ് 'യുവതി-യുവാവിനെ' വിവാഹത്തിലൂടെ ഒന്നായി യോജിപ്പിക്കുന്നത്. തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം എല്ലാവർക്കും വ്യക്തിപരമാണ്. എന്നാൽ ദൈവീക പദ്ധതിക്കായി നാം ക്ഷമയോടെ കാത്തിരുന്നാൽ ശ്രേഷ്ഠമായത് ലഭ്യമാണ്. ധൃതിപ്പെട്ടാൽ ചതിയിലും കെണിയിലും വീഴാം.

**എങ്ങനെ ദൈവഹിതം അറിയാം**

* പലരും കേവലം ഒറ്റ കാഴ്ചയിലെ ഇഷ്ടത്തിൽ അടിസ്ഥാനപ്പെടുത്തി വിവാഹം ഉറപ്പിക്കുന്നവരാണ്. എന്നാൽ ഇത് ദൈവഹിതമോ എന്ന് ആരായുന്നവർ ചുരുക്കമാണ്.
* ദൈവഹിതപ്രകാരം എടുക്കുന്ന തീരുമാനങ്ങൾ മനസ്സിന് സമാധാനം നൽകുന്നതാണ്. "ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും പിന്നെ അനുസരണമുള്ളതും കരുണയും സൽഫലം.... നിറഞ്ഞതുമാകുന്നു" (യാക്കോ:3:17).
* വിവാഹ തീരുമാനത്തിൽ ആത്മീകതയ്ക്ക് നൽകുന്ന സ്ഥാനം ഒരു പ്രധാനമാനദണ്ഡമാണ്. ഇന്ന് പലരും പണം സ്ഥാനമാനങ്ങൾ ഇവയ്ക്കാണ് പ്രാധാന്യം നൽകുന്നത്.
* രക്ഷിക്കപ്പെട്ട് ദൈവവചനം അനുസരിച്ച് ജീവിക്കുന്നവരെ മാത്രമേ ജീവിത പങ്കാളിയായി തിരഞ്ഞെടുക്കാവൂ.
* നേരിടുന്ന തടസ്സങ്ങൾ ഒരു പക്ഷേ ദൈവം നൽകുന്ന സൂചനകൾ ആകാം.
* വിവാഹ ആലോചനയിൽ മുടക്കം നേരിടുക, മാറിപ്പോകുക തുടങ്ങിയ സാഹചര്യങ്ങളിൽ ദൈവത്തിന് മറ്റൊരു പദ്ധതി ഉണ്ടെന്ന ബോദ്ധ്യത്തോടെ മാത്രം മുന്നേറുക.
* വിവാഹ ആലോചന വരുമ്പോൾ കഴിഞ്ഞ് പെട്ടെന്ന് തീരുമാനം എടുക്കരുത്. മറ്റ് ചിലരോട് കൂടി അഭിപ്രായങ്ങൾ ചോദിക്കാനും പ്രാർത്ഥനയ്ക്കുമായി സമയം കണ്ടെത്തുക.
* സ്വന്തം തീരുമാനത്തോട് വേണ്ടപ്പെട്ടവർ വിയോജിപ്പ് പറയുമ്പോൾ അതും കണക്കിലെടുക്കുക.
* എനിക്ക് തക്കതായ തുണയെ യഥാസമയം ദൈവം നൽകും എന്ന് ഉറപ്പുണ്ടെങ്കിൽ പിന്നെ വ്യാകുലം വേണ്ട.
* രക്ഷിക്കപ്പെടാത്തവർ പിന്നീട് രക്ഷിക്കപ്പെടും എന്നു കരുതി വിവാഹം കഴിക്കുന്നത് ദൈവപദ്ധതിക്ക് പുറത്താണ്. അവിശ്വാസികളോട് ഇണയില്ലാ പിണ കൂടരുത് എന്ന വചനം മറക്കരുത്.

ദൈവഹിതം അറിയുന്നതിന് താഴെ പറയുന്ന ചോദ്യങ്ങൾ ഉപകരിക്കും.

1. രക്ഷിക്കപ്പെട്ട വ്യക്തിയാണോ?
2. ദൈവീക കല്പനകൾ പ്രമാണിച്ച് ജീവിക്കുന്ന വ്യക്തിയാണോ?
3. ഇരു മാതാപിതാക്കൾക്കും സമ്മതമായ ഒരു ബന്ധമാണോ?
4. ഈ തീരുമാനം നിങ്ങളുടെ ഹൃദയത്തിൽ സമാധാനം നൽകുന്നുവോ?
5. കേവലം ഇഷ്ടങ്ങൾ മാത്രം നോക്കിയാണോ ഈ ബന്ധം?
6. ധനം, സൗന്ദര്യം, വിദ്യാഭ്യാസം ഇവ മാത്രം നോക്കിയാണോ വിവാഹം?
7. നിർബന്ധങ്ങൾ കാരണമാണോ നിങ്ങൾ ഈ ബന്ധത്തിന് തയ്യാറാകുന്നത്?
8. ഈ ബന്ധത്തിൽ സ്വന്ത ഇഷ്ടത്തിന് മാത്രമാണോ പ്രധാന്യം?
9. പ്രാർത്ഥിക്കുകയും ദൈവദാസന്മാരോട് ഈ വിഷയം സംസാരിക്കുകയും ഉപദേശം ആരായുകയും ചെയ്തിട്ടുണ്ടോ?
10 വീട്ടുകാരെയും മറ്റും ധിക്കരിച്ചാണോ ഈ ബന്ധത്തിന് തയ്യാറാകുന്നത്?

ഇവയ്ക്ക് ശരിയായ ഉത്തരം കണ്ടെത്തുക.

അല്പം വൈകിയാലും ദൈവഹിതത്തിൽ ചരിക്കുന്നതാണ് അനുഗ്രഹം.

പ്രണയത്തിലും കുരുക്കിലും കിടക്കുന്ന നിരവധി യുവതി- യുവാക്കൾ ആണ് പലപ്പോഴും വിളിക്കുകയും പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്യുന്നത്.

നിങ്ങൾ ദൈവപദ്ധതിക്ക് പുറത്താണെന്ന് തോന്നുന്നെങ്കിൽ, ഒട്ടും വൈകാതെ പുതിയ തീരുമാനത്തിലേക്ക് വരണം.

കർത്താവ് നിങ്ങളെ ഇപ്പോഴും സ്നേഹിക്കുന്നു.

(തുടരും....)

**അതിരുകൾ പാലിക്കുക: അടുത്തലക്കത്തിൽ**

എനിക്കും പറയാനുണ്ട്

# അധികാര കസേരയിലെ ഇത്തിൾ കണ്ണികളും ഒരു കൺവൻഷൻ സീസണും

ജനറൽ കൺവൻഷനുകൾക്ക് തിരശീല വീണു. കുമ്പനാട്ടും തിരുവല്ലയിലും കരിയംപ്ലാവിലും പോയി. കുമ്പനാട് കൺവൻഷനിൽ പതിവിലും കൂടുതൽ ജനപങ്കാളിത്തം ഇക്കുറിയുണ്ടായിരുന്നു. എന്നാൽ പ്രസംഗകർ പൊതുവെ നിരാശരാക്കി. ചിലർ നന്നായി പ്രസംഗിച്ചു. പാസ്റ്റർ ഷാജി ദാനിയേൽ, പാസ്റ്റർ കെ. ജെ. തോമസ്, സണ്ണി ഫിലിപ്പ്, സാം ജോർജ്, ജോൺ കെ. മാത്യു, ഫിന്നി സാമുവേൽ, ജോർജ്ജ് മോനച്ചൻ തുടങ്ങിയവരൊക്കെ നന്നായി പ്രസംഗിച്ചു. കുമ്പനാട്ട് പ്രാർത്ഥന, പ്രസംഗം എല്ലാം സ്പോൺസേർഡ് പ്രോഗ്രാമായിരുന്നു ഇക്കുറി. പൈസ കൊടുത്തവർക്കെല്ലാം പ്രസംഗിക്കുവാനും പ്രാർത്ഥിക്കുവാനുമൊക്കെ അവസരം ലഭിച്ചു. പൈസ കൊടുക്കുന്നവർക്കെല്ലാം അവസരം ഉണ്ടാകുമെന്ന പ്രസിഡന്റിന്റെ പ്രസ്താവന കൂടെ ആയപ്പോൾ അടുത്ത വർഷം രാത്രിയോഗങ്ങളിൽ നാലിനു പകരം അഞ്ച് പ്രസംഗങ്ങൾ കേൾക്കേണ്ട ഗതികേട് കേൾവിക്കാർക്കുണ്ടാകും എന്നുമാത്രം. ഇത്തവണത്തെ കൺവൻഷൻ തീം പീഡനവുമായി ബന്ധപ്പെട്ടതായിരുന്നല്ലോ. ഏറ്റവും വലിയ പീഡനം ഇത്രയധികം പ്രസംഗങ്ങൾ കേൾക്കേണ്ടി വന്നതായിരുന്നു എന്ന ചില രസികന്മാരുടെ കമന്റ് അർത്ഥവത്തായിരുന്നു എന്ന് എനിക്കും തോന്നി. ഗായക സംഘത്തിലെ വിദേശ മലയാളി സാന്നിധ്യം ശ്രദ്ധേയമായി. എന്തു കൊണ്ടും ഇത്തവണ കുമ്പനാട് കൺവൻഷനിൽ എടുത്തു പറയാവുന്ന രണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന് സിസ്റ്റർ പെർസിസ് ജോണിന്റെ പാട്ടും മറ്റൊന്ന് രക്തസാക്ഷികളുടെ കുടുംബത്തെയും സുവിശേഷം നിമിത്തം പീഢ ഏറ്റവരെയും ആദരിക്കുകയും സഹായിക്കുകയും ചെയ്യുവാൻ സമയം വേർതിരിച്ചതുമാണ്. ക്രിസ്തുവിൽ ഞാൻ വളരെ സ്നേഹിക്കുന്ന പാസ്റ്റർ ഷിബു തോമസ് നടത്തിയ ശ്രമഫലമായാണ് ആ കുടുംബങ്ങളെ സഹായിക്കുവാൻ കഴിഞ്ഞത്. സഭാനേതൃത്വം നൽകിയ പിന്തുണയും സ്തുത്യർഹം തന്നെയാണ്. സുവിശേഷ വയലിൽ ശുശ്രൂഷകർ അനുഭവിക്കുന്ന പീഡകളെക്കുറിച്ച് നേതാക്കന്മാർ സാധാരണഗതിയിൽ ബേജാറാകാറില്ല. അടികിട്ടുന്നവൻ വാങ്ങുക എന്നതിലപ്പുറം അതിന് പരിഗണനയും ലഭിക്കാറില്ല. എന്നാൽ താൻ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ പിന്തുണ ഉണ്ട് എന്നത് എപ്പോഴും ആശ്വാസം തന്നെയാണ്.

സിസ്റ്റർ പെർസിസ് ജോണിന്റെ ആലാപനം പന്തലിനെ ഇളക്കിമറിച്ചു എന്നതിൽ സംശയമില്ല. പ്രധാന ദിവസങ്ങളിലെങ്കിലും കേട്ടു തഴമ്പിച്ച പ്രസംഗകർക്ക് പകരം അതിഥി പ്രസംഗകരെ കൊണ്ടുവന്നാൽ അത് ഒരു വലിയ മാറ്റമായിരിക്കും. എന്നാൽ കൺവൻഷൻ കഴിഞ്ഞുടനെ തന്നെ ഐ. പി. സി. നേതൃത്വം ചേരിതിരിഞ്ഞ് ആരോപണപ്രത്യാരോപണങ്ങളുമായി രംഗത്ത് വന്നത് ഇനിയുള്ള കാലം പോരാട്ടത്തിന്റേത് ആണെന്ന് തെളിയിച്ചു. പതിവിന് വിപരീതമായി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ തനിയെ പത്രസമ്മേളനം വിളിച്ച് തന്റെ നിലപാടുകൾ വ്യക്തമാക്കി. രണ്ടു ദിവസം കഴിഞ്ഞ് മറ്റ് ജനറൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ച് പത്രസമ്മേളനം വിളിക്കുകയും ജനറൽ പ്രസിഡന്റിന്റെ നിലപാടുകൾക്കെതിരെ തങ്ങളുടെ നിലപാട് വ്യക്തമാക്കുകയും ചെയ്തു. ഇങ്ങനെപ്പോയാൽ കാലാവധി തീർന്ന ജനറൽ കൗൺസിൽ അടുത്ത കൺവൻഷൻ വരെ തുടരുകയും ഇലക്ഷൻ ഉടനെങ്ങും നടക്കാതിരിക്കുകയും ചെയ്യുമെന്നാണ് തോന്നുന്നത്. പി. സി. എൻ. എ. കെ., ഐ. പി. സി. നോർത്തമേരിക്കൻ ഫാമിലി കോൺഫറൻസ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ സാന്നിധ്യവും എടുത്തു പറയേണ്ടതാണ്.

തിരുവല്ലായിലെ സ്ഥിതി ഇതിൽ നിന്നെല്ലാം വിഭിന്നമായിരുന്നു. ഗ്രൗണ്ട് മണ്ണിട്ട് വൃത്തിയാക്കി പതിവിനു വിപരീതമായി പന്തൽ മനോഹരവും ആക്കി. ആദ്യദിവസങ്ങളിൽ ന്യൂജനറേഷൻ ചായ്വുള്ളവർ പ്രസംഗിച്ചപ്പോൾ ന്യൂജനറേഷൻ ദുരുപദേശ സംഘങ്ങൾക്കെതിരെ പാസ്റ്റർ പി. സി. ചെറിയാൻ തന്റെ പ്രസംഗത്തിൽ ആഞ്ഞടിച്ചു. പാസ്റ്റേഴ്സ് ജോ കുര്യൻ, ജോൺസൺ സഖറിയ, ജോൺ തോമസ്, ബെൻസൻ മത്തായി, പി. ആർ ബേബി തുടങ്ങിയവരൊക്കെ നന്നായി പ്രസംഗിച്ചു.

സ്റ്റേഡിയം മണ്ണിട്ട് നികത്തിയ ആളിനെ വാനോളം പുകഴ്ത്തുന്നത് കേട്ടപ്പോൾ എനിക്കും സന്തോഷം തോന്നി. അദ്ദേഹം സൗജന്യമായിട്ടായിരിക്കും ഇത് ചെയ്തുകൊടുത്തത് എന്ന് തോന്നിപ്പോയി. എന്നാൽ അരക്കോടിയിലധികം കൈപ്പറ്റിയിട്ടാണ് ചെയ്തതെന്ന് പിന്നീടാണ് മനസ്സിലായത്. പിന്നെന്തിനായിരുന്നു ഇത്രയധികം പുകഴ്ത്തിയത് എന്നത് ഇപ്പഴും പിടികിട്ടിയിട്ടില്ല. വണ്ടി പാർക്ക് ചെയ്യാൻ വന്ന ഒരു ദൈവദാസന്റെ മകനെ ഒരു ഇത്തിൾ കണ്ണി കോളറിൽ പിടിച്ച് വണ്ടി മാറ്റിയിടുവാൻ ആക്രോശിച്ചു.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെ വിഭജിച്ച് സൂപ്രണ്ട് പദവി ഉണ്ടാക്കുവാനുള്ള നീക്കം ശക്തമായ എതിർപ്പുകളെ തുടർന്ന് സായ്പ് റദ്ദാക്കിയാണ് മടങ്ങിയത്. മാത്രമല്ല ജൂൺ മാസത്തിൽ കേരളാ സ്റ്റേറ്റ്, റീജിയൻ എന്നിവിടങ്ങളിൽ പ്രിഫറൻസ് ബാലറ്റ് നടത്തുമെന്നും അത് ചർച്ച് ഓഫ് ഗോഡ് ബൈലോ പ്രകാരം 66% എന്ന നിലയിലായിരിക്കുമെന്നും സായ്പ് വ്യക്തമാക്കിയിട്ടുണ്ട്. ആന്ധ്ര, തമിഴ് നാട് എന്നിവിടങ്ങളിൽ അതനുസരിച്ച് അദ്ദേഹം പ്രിഫറൻസ് ബാലറ്റ് നടത്തുകയും ചെയ്താണ് മടങ്ങിയത്. തമിഴ്നാട്ടിലും ആന്ധ്രയിലും നിലവിലുള്ള ഓവർസിയർമാർ വീണ്ടും സ്ഥാനമുറപ്പിച്ചു. ജനോപകാരപ്രദമായി ഭരണം നടത്തുന്നവരെ അംഗീകരിക്കും എന്നതിനുള്ള തെളിവാണ് അവിടെ ഉണ്ടായ ഫലം. മുംബൈയിൽ നടന്ന പ്രിഫറൻസ് ബാലറ്റിൽ പാസ്റ്റർ ബെനിസൺ മത്തായി ഒന്നാമത് എത്തിയത് പല കേന്ദ്രങ്ങളെയും ഞെട്ടിച്ചുകളഞ്ഞു. കാരണം ദീർഘവർഷങ്ങളായി ഇന്ത്യയിൽ ഇല്ലാതിരുന്ന അദ്ദേഹം പ്രിഫറൻസ് ബാലറ്റിൽ ഒന്നാമതെത്തിയത് അപ്രതീക്ഷിതം തന്നെയായിരുന്നു. കളത്തിൽ ഉണ്ടായിരുന്ന പാസ്റ്റർ വി. ഒ. വർഗീസിന്റെ പരാജയവും വരുവാൻ പോകുന്ന കേരളത്തിലെ പ്രിഫറൻസിന്റെ ദിശാസൂചിയായി കണക്കാക്കാം. പുതിയ സ്ഥാനലബ്ദിയിൽ പാസ്റ്റർ ബെനിസൺ മത്തായിക്ക് അനുമോദനങ്ങൾ അറിയിക്കുന്നു. അധികാര കസേരയ്ക്ക് ചുറ്റും ഇത്തിൾ കണ്ണികളെപ്പോലെ പടർന്നുകയറുന്ന പരാന്നഭോജികളെ അകറ്റി നിർത്താതെ ആസ്വദിക്കുന്നവരെ ജനം വെറുക്കും.



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച –



എഡിസൺ തോമസ്, വേങ്ങൂർ
9961336353

ഇന്നത്തെ ഇലക്ഷൻ രീതികളും ബാലറ്റ് സിസ്റ്റവും കോടിക്കണക്കിനു രൂപ ചിലവഴിച്ചുള്ള പ്രചരണങ്ങളും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ദൈവസഭ ഭരിക്കുവാൻ വേണ്ടി നാം തെരഞ്ഞെടുക്കേണ്ടത് ഒരു സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യാം. മറ്റുചിലർ ചേർന്നു മറ്റൊരാളെ നാമനിർദ്ദേശം ചെയ്യാം, നാമനിർദ്ദേശങ്ങൾക്കു അവസാന ദിവസം നിശ്ചയിക്കണം, പിന്നെ സഭ പ്രദേശികതലത്തിലും പൊതുസഭയും തെരഞ്ഞെടുപ്പു സംബന്ധിച്ച് പ്രാർത്ഥനയിൽ ദൈവത്തോട് ചോദിക്കുക, നിശ്ചിത ദിവസം സഭയുടെ പ്രധിനിധികൾ ചേർന്നു നാമനിർദ്ദേശപട്ടിക വായിച്ച് ഓരോ പേരും ഓരോ കടലാസ് തുണ്ടിൽ എഴുതി സ്ഥാനാർത്ഥികളെ ബോധ്യപ്പെടുത്തിയതിനുശേഷം ഒരു ഗ്ലാസ്സ് ഭരണിയിൽ ഇട്ട് കുലുക്കി ഒരു ചെറിയകുട്ടിയെ കൊണ്ട് ഒന്നെടുപ്പിക്കുക. അതായിരിക്കണം അദ്ധ്യക്ഷന്മാരെയും ശുശ്രൂഷകന്മാരെയും സഭയിൽ തിരഞ്ഞെടുക്കേണ്ടതായ രീതി. ഇങ്ങനെ അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുമ്പോൾ സഭ ആത്മീകമായി വളരുകയും ആത്മാക്കളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യും. ഇല്ലായെങ്കിൽ സഭ ഓരോ ദിവസം കഴിയും തോറും പുറകോട്ടും പിൻമാറ്റത്തിലേക്കും മാത്രമെ നീങ്ങുകയുള്ളു. വേർപെട്ട ദൈവമക്കൾ ദൈവവചനത്തിലേക്കും ദൈവകൃപയിലേക്കും മടങ്ങിവരണം. തിരഞ്ഞെടുപ്പിന്റെ പേരിൽ പെന്തെക്കോസ്തുസഭകളിൽ നടക്കുന്ന കൊള്ളാരുതായ്മകളും കോപ്രായങ്ങളും ദൈവഹിതപ്രകാരമുള്ളതല്ല. മറിച്ച് ലൗകീകവും പൈശാചികവുമാണ്. വ്യവസ്ഥയില്ലാതെ ഇപ്പോൾ നടക്കുന്ന തിരഞ്ഞെടുപ്പുകൾ സ്ഥാനമാനങ്ങൾക്കു ഉള്ള കടിപിടി ഉപേക്ഷിച്ച് ദൈവഭാഗത്തേക്കു വന്നിരുന്നെങ്കിൽ കൊള്ളാമായിരുന്നു. സഭ ആത്മീയ ഗൃഹമാണ്, അതുകൊണ്ട് ദൈവസഭ ഭരിക്കേണ്ടത് ആത്മീകരാലാണ്. ഇന്നു ദൈവസഭ ഭരിക്കുന്നത് ജഡീകന്മാരാലാണ്, വിദേശത്ത് പോയി പണം സമ്പാദിച്ചു വീടുകളിൽ വിശ്രമിക്കുന്നവർ സഭക്കുള്ളിലും സമ്പാദിച്ചു വീടുകളിൽ കടന്നുകൂടി നേതാക്കന്മാരുടെ കൈയ്യിൽ നിന്നും കൈവയ്പ്പും ലഭിച്ച് ഏതെങ്കിലും ബൈബിൾ കോളജിന്റെ വരാന്തയിൽ പോയി നിന്നും സാറന്മാരെ ചങ്ങാത്തം പിടിച്ചു ഡിഗ്രികൾ വാങ്ങി പാസ്റ്റർമാർക്കും ശുശ്രൂഷകന്മാർക്കും ഭീഷണിയായി നിൽക്കുന്ന ധാരാളം പേർ ഇതിനകത്ത് കടന്നുകൂടിയിട്ടുണ്ട്. വിവാഹമോചനം ചെയ്തവർ, അവിഹിതബന്ധങ്ങൾ ഉള്ളവർ, തട്ടിപ്പ്, വഞ്ചന, കള്ളം, കപടം എന്നിങ്ങനെ ചെയ്തു ജീവിക്കുന്നവർ പാനലുകൾ ഉണ്ടാക്കി സഭാ ഭരണത്തിൽ കടന്നു കൂടിയവർ, ദൈവസഭയെ ഭരിച്ചാൽ ദൈവസഭ എവിടെ എത്തിച്ചേരും? ഇതിനൊരു പരിഹാരം എന്താണ്?



അദ്ധ്യക്ഷന്മാരുടെ യോഗ്യതകൾ പ്രസ്താവിച്ചതിനു ശേഷം പൗലോസ് ചോദിക്കുന്ന ചോദ്യം സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും എന്നാണ്?. ചിലർക്കു സ്വന്തകുടുംബത്തെ ഭരിക്കുന്നതിനെക്കാൾ മറ്റുള്ളവരുടെ കുടുംബം ഭരിക്കുന്നതാണ് ഇഷ്ടം. ചിലർ മനുഷ്യർക്കു സ്വന്തവീട്ടിലെ ആഹാരത്തെക്കാൾ അന്യന്റെ വീട്ടിലെ ആഹാരമാണ് ഇഷ്ടം. മാത്രമല്ല പുതിയതായി വിശ്വാസത്തിൽ വന്നവരെ ഉത്തരവാദിത്വത്തങ്ങളും ശുശ്രൂഷകളും പക്വത ഇല്ലാതെ നൽകുവാൻ പാടുള്ളതല്ല, അങ്ങനെ കൊടുത്താൽ അത് അഹങ്കാരത്തിലേക്ക് നയിക്കുകയും ഒടുവിൽ വിശ്വാസത്തിൽ നിന്നുപോലും പിന്മാറുവാൻ സാധ്യതയുണ്ട്. നേതൃത്വത്തിൽ നിൽക്കുന്നവർക്കും അകത്ത് നിന്നും പുറത്തു നിന്നും നല്ല സാക്ഷ്യം പ്രാപിച്ചവർ ആയിരിക്കണം. ഇന്നത്തെ ക്രിസ്തീയ സഭയിൽ സാക്ഷ്യമില്ലാത്ത വിശ്വാസികളെയും ശുശ്രൂഷകന്മാരെയും കാണാൻ കഴിയും. പൗലോസ് ഇതെല്ലാം പറഞ്ഞതിനുശേഷം ശുശ്രൂഷകന്മാരെ കുറിച്ച് ചിലകാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ശുശ്രൂഷകന്മാർ എന്നു പറയുമ്പോൾ പ്രവർത്തിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏഴു ശുശ്രൂഷകന്മാരെ നോക്കാം. ശുശ്രൂഷകന്മാർക്കും യോഗ്യതകളുണ്ടായിരിക്കണം. അവരെ ശരിയായ രീതിയിൽ പരീഷിച്ചിട്ടു മാത്രമെ ശുശ്രൂഷകൾ നൽകാൻ. നോക്കുക, അവരെ ആദ്യം പരീക്ഷിക്കേണം, അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏല്ക്കട്ടെ, സാക്ഷ്യമുള്ളവർക്കു മാത്രം ശുശ്രൂഷകളും അവസരങ്ങളും നൽകാൻ. അതിനുശേഷം സ്ത്രീകളെ കുറിച്ച് എഴുത്തുക്കാരൻ പറയുന്നത് ഘനശാലികളും ഏഷണി പറയാത്തവരും നിർമ്മദരും എല്ലാറ്റിലും വിശ്വസ്തതരായിരിക്കുകയും വേണം. സ്ത്രീകൾ പൊതുവെ വായാടികളും വിടുവായ് ഉള്ളവരും ഏഷണി പറയുന്നവരും സന്ദർഭമനുസരിച്ച് പെരുമാറുന്നവരുമാണ്.

ഇന്നു ക്രൈസ്തവ സഭയിലെ വലിയൊരു ചോദ്യം സ്ത്രീകളെ ശുശ്രൂഷയിൽ ഉൾപ്പെടുത്താമോ? ഉൾപ്പെടുത്താമെങ്കിൽ ഏത് ശുശ്രൂഷയിൽ? അപ്പോസ്തലിക ശുശ്രൂഷയോ, ഇടയശുശ്രൂഷയോ? അവർക്കു ചെയ്യുവാൻ അധികാകരമുണ്ടോ? സ്ത്രീകൾ പ്രവചിച്ചതായി ബൈബിളിൽ വായിക്കുന്നുണ്ട്, സുവിശേഷകനായ ഫിലിപ്പോസിന്റെ നാലു കന്യകമാരായ പുത്രിമാർ പ്രവചിച്ചതായി പ്രവർത്തിയുടെ പുസ്തകത്തിൽ വായിക്കുന്നു, പ്രവ:21:9, സ്ത്രീകൾക്കു സുവിശേഷകരാകാം. എന്നാൽ ഇടയശുശ്രൂഷ നിർവ്വഹിച്ചതായി ദൈവവചനത്തിൽ വായിക്കുന്നില്ല. റോമാ ലേഖനത്തിൽ കെംക്രയസഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബയെക്കുറിച്ച് വായിക്കുന്നുണ്ട്. ചിലർ വ്യാഖ്യാനിക്കുന്നത് ഇവർ ശുശ്രൂഷക്കാരിയായിരുന്നുയെന്നാണ്, ശുശ്രൂഷക്കാരി എന്നു പറയുമ്പോൾ ഇടയശുശ്രൂഷ എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ അതല്ലാ അതിന്റെ അർത്ഥം സഭയുടെ പുരോഗതിക്കു വേണ്ടി വിശ്വാസികളുടെ ആത്മീകവർദ്ധനവിനു വേണ്ടി എന്തെല്ലാം ശുശ്രൂഷകൾ ചെയ്യാമോ അതെല്ലാം സേവനവും ശുശ്രൂഷയായി കണ്ടുകൊണ്ടു ദൈവസഭയെ സഹായിക്കാം. (തുടരും...)

# ഡാളസ് പി.സി.എൻ.എ.കെ. കോൺഫറൻസിനെ ഔദ്യോഗികമായി സ്വാഗതം ചെയ്തു

ഫിന്നി സാം, ഡാളസ്

2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ആഡിസൺ റ്റെക്സസിലെ ഡാളസ് പാർക്ക്‌വേയിലുള്ള ഇന്റർ കോണ്ടിനെന്റൽ ഹോട്ടലിൽ വെച്ച് നടത്തപ്പെടുന്ന പി.സി.എൻ.എ.കെ. കോൺഫറൻസിനെ ഡാളസിലേക്ക് ഔദ്യോഗികമായി സ്വാഗതം ചെയ്യുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച സംഗീതനിശ "കോർണർ സ്റ്റോൺ ഡാളസ്" ജനുവരി 10-ന് വൈകിട്ട് 6 മുതൽ 8 വരെ ഐ.പി.സി. ഹെബ്രോൻ ഡാളസിൽ വെച്ച് പാസ്റ്റർ ദാനിയേൽ കെ. ജോർജിന്റെ അദ്ധ്യക്ഷതയിൽ നടന്നു. റവ. മാത്യു വർഗീസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിലേക്ക് കൺവീനർ റവ. കെ.സി. ജോൺ സ്വാഗത പ്രസംഗം നടത്തി. അനന്തരം വിൽസൻ തരകൻ(ലോക്കൽ മ്യൂസിക് കോർഡിനേറ്റർ) സംഗീത നിശയിൽ പങ്കെടുക്കുന്ന ടീമുകളെ പരിചയപ്പെടുത്തി. റവ. ഷാജി.കെ. ദാനിയേൽ (നാഷണൽ കൺവീനർ), എബ്രഹാം മോനീസ് ജോർജ് (നാഷണൽ യൂത്ത് ഡയറക്ടർ) എന്നിവർ നടക്കാൻ പോകുന്ന കോൺഫറൻസിന്റെ ഇതുവരെയുള്ള ക്രമീകരണങ്ങളെ പറ്റി വിശദീകരണം നല്കി. നാഷണൽ സെക്രട്ടറി റ്റിജു തോമസ് കോൺഫറൻസിന്റെ മുഖ്യ പ്രഭാഷകരുടെ പേര് (റവ. റെയ്നാർഡ് ബോങ്കെ, റവ. ഡാനിയേൽ കൊളാൻഡോ, റവ. ഫ്രാൻസിസ് ചാൻ, പാസ്റ്റർ ബാബു ചെറിയാൻ) ഔദ്യോഗികമായി പ്രഖ്യാപിച്ചു. ജോഷുവാ ജോസഫ് സ്പോൺസർഷിപ്പ് നാഷണൽ കൺവീനറിനു കൈമാറി. വെസ്ലി മാത്യു(ലോക്കൽ കോർഡിനേറ്റർ), ബിജു തോമസ്(ലോക്കൽ ട്രഷറർ), റോബിൻ രാജു, ആഷാ ആൻഡ്രൂസ്(ലോക്കൽ യൂത്ത് കോർഡിനേറ്റേഴ്സ്), മേഴ്സി തോമസ് (ചിൽഡ്രൻസ് കോർഡിനേറ്റർ). ലോക്കൽ കമ്മറ്റിയുടെ പ്രവർത്തനങ്ങളെ പറ്റി വിശദികരിക്കുകയും ലോക്കൽ കമ്മറ്റിയെ പരിചയപ്പെടുത്തുകയും ചെയ്തു. റവ. റ്റി. തോമസ്, റവ. ജോൺ.കെ.മാത്യു. റവ. ജോൺസൺ സഖറിയാ, റവ. തോമസ് മുല്ലക്കൽ, റവ. വിജു ജോസഫ്, റവ. ചാക്കോ ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. നാഷണൽ ലോക്കൽ കമ്മറ്റി ചേർന്ന് രജിസ്ട്രേഷനുകൾ സ്വീകരിച്ചു. ഷാജി മണിയാറ്റ്(ലോക്കൽ സെക്രട്ടറി) നന്ദി രേഖപ്പെടുത്തി. റവ. ബേബി ഡാനിയേലിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും മീറ്റിംഗ് സമാപിച്ചു.

## 01 പ്രിഫറൻസ് ബാലറ്റ് തുടങ്ങി....

കേരളത്തിൽ പുതിയ ഓവർസിയർമാർ വരുന്നതിനുള്ള സാഹചര്യം ഉരുത്തിരിഞ്ഞുകഴിഞ്ഞു. കേരളാ റീജിയനിൽ പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി, കേരളാ സ്റ്റേറ്റിൽ പാസ്റ്റർ സി. സി. തോമസ് എന്നിവരുടെ പേരുകളാണ് ഏറെ ചർച്ച ചെയ്യപ്പെടുന്നത്.

ആന്ധ്രയിലും തമിഴ്നാട്ടിലും നടന്ന പ്രിഫറൻസ് ബാലറ്റിൽ നിലവിലുള്ള ഓവർസിയറെ വിലയിരുത്തുന്ന പത്തു ചോദ്യങ്ങൾ ചോദിച്ചിരുന്നു. ഭരണം, സാമ്പത്തിക സുതാര്യത, സംഘാടനം, ഉപദേശം, സ്വഭാവ ദാർഢ്യം, ധാർമ്മികത, വിനയം, നേതൃത്വപാടവം, ശുശ്രൂഷ, ആശയവിനിമയം, പ്രശ്നപരിഹാര ശേഷി, മാനേജ്മെന്റ് വൈദഗ്ദ്ധ്യം, ഇടപെടൽ, ആത്മീക നിലവാരം തുടങ്ങിയ ചോദ്യങ്ങൾമാർക്കിടാൻ അനുവദിച്ചിരുന്നു. ഈ ചോദ്യങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഓവർസിയർമാരെ സൂപ്രണ്ട് വിലയിരുത്തുന്നത്. ഓവർസിയർ തുടരണോ വേണ്ടയോ എന്ന ചോദ്യത്തിന് ഉത്തരം രേഖപ്പെടുത്തിയശേഷം അടുത്ത ഓവർസിയറായി പരിഗണിക്കുന്ന ആളിന്റെ പേര് എഴുതി, വോട്ടറുടെ പേരും ക്രിഡൻഷ്യൽ നമ്പരും പദവിയും എഴുതി ഒപ്പിട്ട് ബോക്സിൽ നിക്ഷേപിക്കുന്ന വോട്ടിംഗ് രീതിയാണ് ആന്ധ്രയിലും തമിഴ്നാട്ടിലും അവലംബിച്ചത്. ഈ ബാലറ്റ് സൂപ്രണ്ട് ഇലക്ഷൻ കമ്മറ്റിയുടെ മുമ്പാകെ പരസ്യമായി എണ്ണി തിട്ടപ്പെടുത്തി, മാർക്ക് വിലയിരുത്തിയശേഷം ഫലം പ്രഖ്യാപിക്കുകയാണ് ചെയ്തത്. നിലവിലുള്ള ഓവർസിയർക്ക് 65% താഴെ വോട്ട് കിട്ടിയാൽ, ഇവാലുവേഷനിൽ മാർക്ക് കുറഞ്ഞുപോയാൽ, അടുത്ത നടപടി കൂടുതൽ പേർ നിർദ്ദേശിക്കുന്നവർക്കു ഓവർസിയർ സ്ഥാനാർത്ഥിയുടെ പേര് അടുത്ത ഓവർസിയറായി പ്രഖ്യാപിക്കുന്നതാണ്.

## ചികിത്സാ സഹായം നൽകുന്നു

കുമ്പനാട്: ഇന്ത്യ ബൈബിൾ കോളജ് & സെമിനാരി (പഴയ ഹെബ്രോൻ ബൈബിൾ കോളജ്) പൂർവ്വ വിദ്യാർത്ഥികളിൽ രോഗികളായി ഭാരപ്പെടുന്നവർക്ക് ചികിത്സാ സഹായം നൽകുന്നു. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ചുമതലയിലാണ് സഹായം നൽകുന്നത്. മാർച്ച് 3ന് നടക്കുന്ന ഗ്രാഡ്യുവേഷൻ സർവ്വീസിൽ സഹായ വിതരണം നടക്കും. അർഹരായ അപേക്ഷകൾ ഫെബ്രുവരി 20നകം ഓഫീസിൽ നൽകണമെന്ന് സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു അറിയിച്ചു.

**വിലാസം**

SECRETARY, ALUMNI ASSOCIATION
INDIA BIBLE COLLEGE & SEMINARY
P.B. NO: 40, KUMBANAD - 689 547

## 01 യു. പി. ജി ദൈവസഭ....

കോ-ഓർഡിനേറ്റേഴ്സിനെ നിയമിക്കുകയും പ്രവർത്തന വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു.

സാമൂഹിക ഇടപെടലുകളിലൂടെയും ആതുര സഹായവും ജീവനോപാധികൾ മുഖാന്തരവും യേശുവിന്റെ സ്നേഹം അവരിലേക്ക് പകരുക എന്ന തത്വത്തിലധിഷ്ഠിതമായിരിക്കും പ്രവർത്തനശൈലി.

ഏഷ്യയുടെ കോ-ഓർഡിനേറ്ററായി കുവൈറ്റ് മുൻ ഓവർസിയർ റവ. വി. അലക്സാണ്ടറും കേരളത്തിന്റെ കോ-ഓർഡിനേറ്ററായി ഇവാ. എബ്രഹാം ഫിലിപ്പോസും നിയമിതരായി. ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷന്റെ പ്രധാന പ്രോജക്ടായ യു. പി. ജിയുടെ കോർ ഗ്രൂപ്പ് അംഗം കൂടിയായ റവ. ഐസക് സൈമൺ ഈ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. കേരളത്തിലുള്ള പ്രവർത്തനങ്ങൾക്ക് നിർദ്ദേശം ക്ഷണിക്കുന്നു.

9633135772

# ഒർലാന്റോ ഐ. പി. സി.ഭാരവാഹികൾ



ഫ്ളോറിഡ: ഐ. പി. സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രമുഖ സഭകളിലൊന്നും റവ. ജേക്കബ് മാത്യു സീനിയർ ശുശ്രൂഷകനായി പ്രവർത്തിച്ചു വരികയും ചെയ്തു കൊണ്ടിരിക്കുന്ന ഒർലാന്റോ ഐ. പി. സി.ക്ക് പുതിയ ഭാരവാഹികളെ പൊതുയോഗം തിരഞ്ഞെടുത്തു.

പാസ്റ്റർ ജേക്കബ് മാത്യു (പ്രസിഡന്റ്), ബ്രദർ സാം ഫിലിപ്പ് (വൈസ് പ്രസിഡന്റ്), ബ്രദർ രാജു ഏബ്രഹാം പൊന്നോലിൽ (സെക്രട്ടറി), ബ്രദർ മനോജ് ഡേവിഡ് (ട്രഷറാർ), കമ്മറ്റി അംഗങ്ങളായി ജോനാഥാൻ ഏബ്രഹാം, ജോൺ തോമസ്, മാത്യു ജോർജ്, നെബു സ്റ്റീഫൻ, സ്റ്റീഫൻ ദാനിയേൽ എന്നിവർ എക്സിക്യൂട്ടീവ് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടു.

ബ്രദർ എ. വി. ജോസ് (മിഷൻ ഡയറക്ടർ), ബ്രദർ ജോൺ മാത്യു (ലൈബ്രറി ഡയറക്ടർ), സിസ്റ്റർ ഷീബാ ജോർജ് (ലേഡീസ് മിനിസ്ട്രീസ് ഡയറക്ടർ), ബ്രദർ റിജോ രാജു (യൂത്ത് ഡയറക്ടർ), ഡാറിൽ സിംഗ് (മ്യൂസിക് മിനിസ്ട്രീസ് ഡയറക്ടർ), സിസ്റ്റർ ഫിലോ മാത്യു (ഇവാഞ്ചലിസം ഡയറക്ടർ), ബ്രദർ ജോസഫ് കുര്യൻ (മെയിന്റൻസ് ടീം ഡയറക്ടർ), ബ്രദർ സജിമോൻ മാത്യു, സിസ്റ്റർ ഹെബ്സിബ ജോർജ് (ഓഡിറ്റേഴ്സ്), ബ്രദർ കോശി മാത്യു (തേർഡ് സിഗ്നേച്ചറി) എന്നിവരെ കൂടാതെ വിവിധ സബ് കമ്മറ്റിയംഗങ്ങളെയും തിരുഞ്ഞെടുത്തു.

# എജി അമേരിക്കൻ മലയാളി കോൺഫറൻസ് മിഷിഗണിൽ



റവ. മാത്യു റ്റി. സാം | റവ. സാജൻ ജോർജ് | റോയി തോമസ് | മാത്യു പി. ചാക്കോ | സന്തോഷ് എബ്രഹാം | ജെർമിയ ജോർജ്

മിഷിഗൺ: എജി അമേരിക്കൻ മലയാളി കോൺഫറൻസ് ജൂലൈ 14 മുതൽ 17 വരെ മിഷിഗണിൽ, നോവൈയിലുള്ള ഷെരാട്ടൻ ഹോട്ടലിൽ നടക്കും. കോൺഫറൻസിന് നേതൃത്വം നൽകാൻ ദേശീയതല ത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. പാസ്റ്റർ മാത്യൂ റ്റി. സാം, മിഷിഗൺ (കൺവീനർ), പാസ്റ്റർ സാജൻ ജോർജ് (പെൻസിൽവാനിയ, ജോയിന്റ് കൺവീനർ), മാത്യൂ ടെക്സാസ്, സെക്രട്ടറി), മാത്യൂ പി. ചാക്കോ (ന്യൂയോർക്ക്, ജോയിന്റ് സെക്രട്ടറി), സന്തോഷ് എബ്രഹാം (ഖജാൻജി, കണക്ടികറ്റ്), ജെർമിയ ജോർജ് (മിസൂറി, യൂത്ത് കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

പ്രദേശീക തലത്തിൽ ഉള്ള കമ്മിറ്റി പാസ്റ്റർ തോമസ് യോഹന്നാന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. കോൺഫറൻസിനായുള്ള ഒരുക്കങ്ങൾ വിവിധ തലങ്ങളിൽ സജീവമായി പുരോഗമിക്കുന്നു. അഭിഷിക്തരായ ദൈവദാസന്മാർ ഈ കോൺഫറൻസിൽ ശുശ്രൂഷിക്കുന്നതായിരിക്കും. രജിസ്ട്രേഷൻ ഫോമും മറ്റ് വിവിരങ്ങൾക്ക് www.Agi-fna2016.com, Email: info@20-16.com

## കൺവൻഷൻ

വെണ്ണിക്കുളം: ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യാ തെള്ളിയൂർ ഒരുക്കുന്ന കൺവൻഷൻ ഫെബ്രുവരി 25, 26, 27 തീയതികളിൽ എഴുമറ്റൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽവച്ച് നടക്കും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ജെയ്സ് പാണ്ടനാട്, റെജിമോൻ (റാന്നി) എന്നിവർ പ്രസംഗിക്കും.

## 01 ചർച്ച് ഓഫ് ഗോഡ് 93-ാമത് കൺവൻഷൻ...

കെ. വി. ജോയിക്കുട്ടി സങ്കീർത്തനവും വായിച്ചു. വിവിധ ദിവസങ്ങളിൽ പാസ്റ്റേഴ്സ് പി.സി. ചെറിയാൻ, ജോൺ തോമസ്, ജോൺസൺ സഖറിയ, ജോ കുര്യൻ, കാനം അച്ചൻ, പി. ആർ ബേബി, ബെനിസൺ മത്തായി, വൈ. റെജി, വി. ഒ. വർഗീസ്, വി. പി. തോമസ്, ജോൺസൺ ദാനിയേൽ, വൈ. ജോസ്, ജെ. ജോസഫ്, കെ. സി. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

# ഗാനസന്ധ്യ

കോഴിക്കോട്: ഐ.സി.പി.എഫിന്റെ സംഗീതവിഭാഗമായ എബലോസ് 25 വർഷത്തെ സേവനം പൂർത്തികരിക്കുന്നതോടനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ ഫെബ്രുവരി 21 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ക്രിസ്തീയ ഗാനസന്ധ്യ നടത്തുന്നു. മഹാകവി കെ.വി.സൈമൺ, സാധു കൊച്ചുകുഞ്ഞ് ഉപദേശി, വി.നാഗൽ, എം.ഇ. ചെറിയാൻ, പി.വി. തൊമ്മി തുടങ്ങിയ ക്രൈസ്തവ ഭക്തന്മാർ അവരുടെ തീവ്രമായ ജീവിതാനുഭവങ്ങളിൽ നിന്ന് രചിച്ച ഗാനങ്ങൾ പ്രമുഖ ഗായകർ കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന ഗാനസന്ധ്യയിൽ ആലപിക്കും. പ്രോഗ്രാം കോർഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഐസിപിഎഫ് ജനറൽ സെക്രട്ടറി ഡോ. സി.റ്റി. ലൂയിസ്കുട്ടി മുഖ്യപ്രഭാഷണം ചെയ്യും. സമകാലിക സംഭവങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് എബലോസ് നേതൃത്വത്തിൽ കുഞ്ഞുമോൻ മാത്യു അവതരിപ്പിക്കുന്ന അറിയുക പ്രിയമിത്രങ്ങളെ എന്ന ചിത്രീകരണം സമ്മേളനത്തോടനുബന്ധിച്ച് നടക്കും. റോയ് മാത്യു ചീരൻ, സുരേഷ് ചാൾസ്, സോളമൻ ടി.സി, സാം കൊണ്ടാഴി, ബാബു ഡാനിയേൽ, ഷിബിൻ വർഗീസ്, ഡാനി ഡേവീസ് എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകും.

# സുവനീർ പ്രകാശനം




ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് എൽ. എം. ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബെഥേൽ ലേഡീസ് ബൈബിൾ കോളജിന്റെ 45 വർഷത്തെ ചരിത്രങ്ങൾ അടങ്ങുന്ന സഫയർ ജൂബിലി സുവനീയർ (BBC Voice) 93-ാമത് ജനറൽ കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ റവ. പി. ജെ. ജെയിംസിന്റെ സാന്നിധ്യത്തിൽ ചർച്ച് ഓഫ് ഗോഡ് ഇന്ത്യാ പ്രെസന്റീവ് പാസ്റ്റർ കെ. സി. ജോൺ ബൈബിൾ സ്കൂൾ ഡീൻ സിസ്റ്റർ പി. ജെ. കുഞ്ഞമ്മക്കു നൽകി പ്രകാശനം ചെയ്തു. കേരളത്തിലെ ഇദംപ്രദമമായി ലേഡീസിന് മാത്രം പഠിക്കാൻ സൗകര്യപ്രദമായിട്ടുള്ള സ്ഥാപനം ആണ് ബെഥേൽ ലേഡീസ് ബൈബിൾ കോളജ്.

**ലേഖനം**

# രാസായുധങ്ങൾ



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709




**എന്താണ് രാസായുധങ്ങൾ?**

മനുഷ്യ നാശത്തിനായി ലോകരാജ്യങ്ങൾ ഉപയോഗിക്കുന്ന ഏറ്റവും മാരകമായ രാസവസ്തുക്കളയാണ് രാസായുധങ്ങൾ (Chemical Weapons) എന്ന് പറയുന്നത്. മനുഷ്യരുൾപ്പെടെയുള്ള ജീവികളുടെ മരണമോ രോഗാവസ്ഥയോ ആണ് ഇത്തരം ആയുധങ്ങൾ ലക്ഷ്യമാക്കുന്നത്. നൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കുമ്പോൾ സംഭവിക്കുന്നതു പോലെ ഇത്തരം ആയുധം ഉപയോഗിക്കുമ്പോൾ മനുഷ്യ നിർമ്മിതമായ വസ്തുക്കൾക്കൊന്നും കേടുപാടുകൾ സംഭവിക്കുന്നില്ല. അതിനാൽ പിന്നിട് ആ രാജ്യത്തിന്റെ ഭൗതികമായ എല്ലാറ്റിനേയും ശത്രു രാജ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും. ഇന്ന് നിലവിലുള്ളതും വികസിപ്പിക്കപ്പെട്ടതുമായ രാസായുധങ്ങളെ താഴെപറയുന്ന തരത്തിൽ ഇനംതിരിക്കാവുന്നതാണ്:

***ശ്വാസംമുട്ടലുളവാക്കുന്നവ (Choking Agents):*** ജീവജാലങ്ങൾക്ക് മാത്രം നാശം സംഭവിക്കാൻ അന്തരീക്ഷ മണ്ഡലത്തിൽ നിന്നും ഓക്സിജൻ അകറ്റി ശ്വാസംകിട്ടാതെയുള്ള മരണം സൃഷ്ടിക്കുന്നവയാണിവ. ഉദാ: ഫോസ്ജീൻ, ഡൈഫോസ്ജീൻ.

***പൊള്ളലുണ്ടാക്കുന്നവ (Blister Agents):*** സെഖ്യര്യാ പ്രവാചകൻ പറയുന്നതു പോലെ കണ്ണ് തടത്തിൽ അഴുകി പോകുന്ന തരത്തിലുള്ള ആയുധമാണിത്. കണ്ണ്, ശ്വാസകോശങ്ങൾ, ത്വക്ക് എന്നിവിടങ്ങളിൽ പൊള്ളലുണ്ടാക്കുന്നവ. ഉദാ: മസ്റ്റാർഡ് വാതകം, വിനൈൽ ആർസിൻ.

***നാഡീവിഷങ്ങൾ (Nerve Agents):*** നാഡീവ്യവസ്ഥയെ തകർക്കുന്നവയോ പേശികളെ തളർത്തുന്നവയോ. ഉദാ: സാറിൻ, ടാബുൻ, സൈക്ലോസാറിൻ.

***ജീവവായുവിനെ തടയുന്നവ (Blood Agents):*** ശരീരകോശങ്ങൾക്ക് രക്തത്തിലൂടെ ഓക്സിജൻ കിട്ടുന്നതിനെ തടയുന്നവ. ഉദാ: സയനോജെൻ ക്ലോറൈഡ്, ഹൈഡ്രജൻ സയനൈഡ്.

***ചൊറിച്ചിലുണ്ടാക്കുന്നവ (Irritant Agents):*** ശരീരത്തിൽ ചൊറിച്ചിൽ, തൊലിപ്പുറത്ത് വ്യണങ്ങൾ, അതികഠിനമായ ഛർദി, തുമ്മൽ, കണ്ണുനീറ്റൽ എന്നിവ സൃഷ്ടിക്കുന്നവ. ഉദാ: സൈലൈൽ ബ്രോമൈഡ്, ആഡംസൈറ്റ്.

***മാനസികനിലയെ തകർക്കുന്നവ (Spychochemical Agents):*** മനുഷ്യനിൽ അസ്വാഭാവികമായ മാനസ്സിക വ്യഥകൾ സൃഷ്ടിച്ച് അവനെ മനൊരോഗിയാക്കി മാറ്റുന്നവ. ഉദാ: ഫെൻസൈക്ലിഡൈൻ, എൽഎസ്ഡി.

രാസായുധം യുദ്ധരംഗത്ത് ആദ്യമായി ഉപയോഗിച്ചത് 1915–ൽ ജർമ്മനി ആയിരുന്നു. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ നടന്ന യുദ്ധത്തിൽ ഓഷോവിറ്റ്സും കടന്ന് ഹിറ്റ്ലറുടെ ഇരിപ്പിടത്തിനടുത്തേക്ക് റഷ്യൻ പട്ടാളക്കാർ വരുന്നതു തടയാൻ നാസികളാണ് രാസയുധം ഉപയോഗിച്ചത്. ബോളിമോവ് എന്ന സ്ഥലത്താണ് ഈ ആക്രമണം ഉണ്ടായത്. ശ്വാസംമുട്ടിക്കുന്ന, ശ്വസനാവയവങ്ങളെ തകർക്കുന്ന സൈലൈൽ ബ്രോമൈഡ് എന്ന വിഷപദാർഥമാണ് ജർമനി റഷ്യൻ സേനയ്ക്കെതിരെ ഉപയോഗിച്ചത്. ചരിത്രത്തിലെ ആദ്യത്തെ രാസായുധ പ്രയോഗമായി ചിത്രീകരിക്കുന്നത് പിന്നെയും മാസങ്ങൾ കഴിഞ്ഞ് വൈപ്രസ് എന്ന സ്ഥലത്തു നടന്ന ചെറുയുദ്ധത്തിൽ ജർമൻകാർ ഫ്രഞ്ചുകാർക്കെതിരെ രാസായുധം പ്രയോഗിച്ചതാണ്. ക്ലോറിൻ വാതകത്തെയാണ് നാസിപ്പട അന്ന് അവിടെ ഉപയോഗിച്ചത്.

അടിസ്ഥാനപരമായി ശ്വസനാവയവങ്ങൾക്ക് അസ്വാസ്ഥ്യം ഉണ്ടാക്കുന്ന രാസപദാർഥമാണ് സൈലൈൽ ബ്രോമൈഡ്. ഇതുകൊണ്ടുള്ള ആക്രമണത്തിനു വിധേയരാകുന്നവർക്ക്, അതിശക്തമായ തുമ്മലും ഛർദി മുതലായ അസ്വാസ്ഥ്യങ്ങളും ഉണ്ടാവും. ഇത് അത്ര ഗൗരവമുള്ള കാര്യമല്ലെങ്കിലും യുദ്ധരംഗത്ത് ഇതിന് തന്ത്രപരമായ പ്രാധാന്യമുണ്ട്. ഛർദിയും തുമ്മലും ഉണ്ടാവുമ്പോൾ ഒരു പട്ടാളക്കാരന് രാസായുധപ്രയോഗത്തെ തടയാനായി ധരിച്ചിരിക്കുന്ന മുഖാവരണം നീക്കംചെയ്യേണ്ടി വരും അപ്പോൾ കൂടുതൽ മാരകമായ രണ്ടാമത്തെ രാസായുധത്തിന്റെ പ്രയോഗം. ശ്വസിച്ചാൽ മരണം ഉറപ്പാവുന്ന തരത്തിലുള്ള വിഷവാതകം പ്രയോഗിക്കും. അതിലൊന്നാണ് ക്ലോറിൻ. ബേയർ തുടങ്ങിയ ജർമൻ രാസവ്യാവസായിക കമ്പനികൾ, അവർ ഉൽപ്പാദിച്ചിരുന്ന രാസപദാർഥങ്ങൾക്കൊപ്പം വെറുതെ പുറന്തള്ളിയിരുന്ന ഉപോൽപ്പന്നമായിരുന്നു ക്ലോറിൻ. ഇതിന് രാസായുധം എന്ന തരത്തിലുള്ള പ്രയോജനക്ഷമത കണ്ടെത്തിക്കൊടുത്തത് പ്രശസ്ത ജർമൻ ശാസ്ത്രജ്ഞനായ ഫ്രിറ്റ്സ് ഹേബർ ആയിരുന്നു. നാസിപ്പടയുടെ ഇതുസംബന്ധമായ നീക്കങ്ങൾ നേരത്തെ അറിഞ്ഞിരുന്നവർ വിഷവാതകപ്രയോഗം തടയുന്നതിന് മുഖാവരണം ഉൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. ഇതു നൽകുന്ന സുരക്ഷ നീക്കം ചെയ്യുന്നതിനായിരുന്നു സൈലൈൽ ബ്രോമൈഡ് ഉപയോഗിക്കപ്പെട്ടത്.

ശ്വാസകോശത്തിലെത്തുന്ന ക്ലോറിൻ വാതകം അവിടെയുള്ള ജലാംശവുമായി പ്രതിപ്രവർത്തിക്കുന്നതിലൂടെ ഏറ്റവും ശക്തമായ ആസിഡുകളിലൊന്നായ ഹൈഡ്രോക്ലോറിക് ആസിഡായി മാറുന്നു. മരിക്കാതെ രക്ഷപ്പെട്ടവർതന്നെ നിലയ്ക്കാത്ത ചുമയുമായി നിത്യരോഗികളായി മാറുന്ന അവസ്ഥയാണ് ഉണ്ടാവുക. മാത്രമല്ല, മാരകഫലങ്ങൾ പുറത്തറിഞ്ഞതിനുശേഷം ഇതിന് മനഃശാസ്ത്രപരമായ ഒരു ആക്രമണശേഷിയും കൈവന്നിരുന്നു. പച്ചനിറത്തിലുള്ള ഒരു പുകയുടെ രൂപത്തിലാണ് ഇത് അന്തരീക്ഷത്തിൽ പടർന്നിരുന്നത്. അതുകൊണ്ട്, പട്ടാളക്കാരിൽ ഭീതിപടർത്താനും ക്ലോറിൻ പ്രയോഗത്തിന് കഴിഞ്ഞിരുന്നു. എന്നാൽ, ഇത് പിന്നീട് നിറമില്ലാത്ത വിഷവാതകങ്ങൾ വികസിപ്പിക്കുന്നതിലേക്കു നയിക്കുകയും ചെയ്തു.

ഇതിന് ഉദാഹരണമാവുന്നതായിരുന്നു ഉടനടിയുള്ള മരണം ഉറപ്പുവരുത്തുന്ന ഫോസ്ജീൻ. ഒന്നാം ലോക യുദ്ധകാലത്ത്,ജർമനിയും ബ്രിട്ടനും ഫ്രാൻസും അമേരിക്കയും വെവ്വേറെയായി 1,90,000 ടൺ ഫോസ്ജീൻ വാതകം സിലിൻഡറുകളിലാക്കി സൂക്ഷിച്ചിരുന്നതായാണ് കണക്ക്. ക്രൂരതയുടെ നേർചിത്രമൊരുക്കി പിന്നീടു വന്നതായിരുന്നു മസ്റ്റാർഡ് വാതകം (Mustard Gas). പാലസ്തീനെതിരെയാണ് ബ്രിട്ടൻ ആദ്യമായി, തങ്ങളുടേതായ മസ്റ്റാർഡ് വാതകം പരീക്ഷിക്കുന്നത്, 1915 ഏപ്രിലിൽ നടന്ന ഗാസാ യുദ്ധത്തിലൂടെ. ഇതിനുശേഷം ഇത്രയും വ്യാപകമായ തരത്തിൽ മസ്റ്റാർഡ് വാതകം ഉപയോഗിച്ചത് ഇറാൻ–ഇറാഖ് യുദ്ധകാലത്തായിരുന്നു. രാസായുധങ്ങൾ വികസിപ്പിച്ചതും ഉപയോഗിച്ചതും ഒന്നാം ലോക യുദ്ധകാലത്തായിരുന്നുവെങ്കിലും യുദ്ധരംഗത്ത് ഏതെങ്കിലും തരത്തിലുള്ള വിഷപദാർഥം ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ടുള്ള രാജ്യാന്തര ഉടമ്പടി നേരത്തെ നിലനിന്നിരുന്നു. 1899–ലെ ഹേഗ് ഉടമ്പടിയുടെ 23–ാം അനുച്ഛേദമായിരുന്നു ഇത് വിലക്കിയിരുന്നത്. എന്നാൽ, ഇത് വിഷംപുരട്ടിയ വെടിയുണ്ടകളോ പീരങ്കിയുണ്ടകളോ ഉപയോഗിക്കുന്നതിനെ മാത്രമാണ് വിലക്കുന്നതെന്നു പറഞ്ഞാണ് ജർമനി, വിഷവാതകങ്ങൾ നിറച്ച ബോംബുകൾ ഉപയോഗിച്ചുതുടങ്ങിയത്. രാസായുധങ്ങളും ജൈവായുധങ്ങളും ഒരു പരിഷ്കൃതസമൂഹത്തിന്റെ മനഃസാക്ഷിക്കു ചേർന്നവയല്ലെന്നു പറഞ്ഞാണ് അവയെ വിലക്കിയത്, ജനീവാ കരാർ ആയിരുന്നു.

1925 ജൂൺ 17ന് ഒപ്പുവയ്ച്ച ഇത് രാസായുധങ്ങളുടെയും ജൈവായുധങ്ങളുടെയും യുദ്ധരംഗത്തെ ഉപയോഗം മാത്രമാണ് വിലക്കിയത്. അവ നിർമിക്കുന്നതിനോ സംഭരിക്കുന്നതിനോ ജനീവാകരാർ വിലക്ക് ഏർപ്പെടുത്തിയില്ല. 133 രാജ്യങ്ങൾ കക്ഷികളായിരുന്ന ഈ ഉടമ്പടി, വെറും നോക്കുകുത്തിയാവുന്നതിന് ഇത് ഇടയാക്കി. രാസായുധ നിയന്ത്രണ ഉടമ്പടി എന്നറിയപ്പെടുന്ന ഇതനുസരിച്ച് കൈവശമുള്ള രാസായുധശേഖരം നശിപ്പിക്കുമെങ്കിലും താൽക്കാലികമായി കൈയിൽവയ്ക്കുമെന്ന് പറഞ്ഞിരിക്കുന്ന രാജ്യങ്ങളിലൊന്നാണ് സിറിയ. ഉടമ്പടിയിൽ ഒപ്പുവയ്ക്കാതെ അത് കൈവശംവയ്ക്കുന്നത് ഇസ്രയേലും. രാസായുധ ഉടമ്പടിയുടെ പരിധിയിൽവരാത്ത ചില രാസവസ്തുക്കൾ ഇന്നും വ്യാപകമായി സംഭരിക്കപ്പെടുന്നുമുണ്ട്. ഉദാഹരണമായി, വിയത്നാമിലും കെറിയൻ യുദ്ധത്തിലും അമേരിക്കയും മലയായിൽ ബ്രിട്ടനും ഉപയോഗിച്ച ഏജന്റ് ഓറഞ്ച് പോലെയുള്ള രാസവസ്തുക്കൾ. ലോകത്ത് ഏറ്റവും കൂടുതൽ രാസായുധശേഖരമുള്ളത് സിറിയയിലാണെന്നു കരുതുന്നു. സൾഫർ മസ്റ്റാഡ്, വി.എക്സ്., സരിൻ എന്നിവയുടെ 1000 ടണ്ണോളം ശേഖരം അവർക്കുണ്ട്. ഫ്രഞ്ച് ഇന്റലിജൻസ് ഏജൻസിക്ക് ഇക്കാര്യം അറിയാം. സിറിയയ്ക്ക് 20 രാസായുധ കേന്ദ്രങ്ങളുണ്ടെന്നാണ് അമേരിക്കയുടെ കണക്കുകൂട്ടൽ. ഇതിനെല്ലാം വേദപുസ്തക പ്രവചനവുമായി വലിയ ബന്ധനമാണുള്ളത്. അവസാന നാളുകളിലെ യുദ്ധങ്ങളായ ഹർമ്മഗദ്ദോൻ യുദ്ധത്തിലും ഗോഗ് മാഗോഗ് യുദ്ധത്തിലും വ്യാപകമായി ഉപയോഗിക്കപ്പെടും എന്ന് പ്രവാചകവര്യന്മാർ മുൻകൂട്ടി അറിയിച്ച വസ്തുതകളിലേക്ക് ഇവ വിരൽ ചൂണ്ടുന്നു.

**കല്ലുകടി**

## പ്രസംഗകന്റെ പൊങ്ങച്ചം

ജനറൽ കൺവൻഷന്റെ പ്രസംഗവേദിയിൽ ഒന്നു ശ്രദ്ധിച്ചാൽ മതി നമുക്ക് ചിരിക്കാനുള്ള വക ധാരാളം. ചില അബദ്ധങ്ങൾ ചിലർ പറയുമ്പോൾ നാമും അറിയാതെ ചിരിച്ചുപോകും. ചിലരുടെ ശാരീരിക പ്രകടനങ്ങളും രസകരമാണ്. എന്നാൽ ഇതൊക്കെ സഹിക്കാവുന്നതേയുള്ളൂ. എന്നാൽ പ്രസംഗവേദിയിൽ ചിലർ വിളമ്പുന്ന പൊങ്ങച്ചം കേട്ടാൽ നാമറിയാതെ മൂക്കത്ത് വിരൽ വെച്ചുപോകും. ഇത്തവണ തിരുവല്ലയിൽ നടന്ന ഒരു ജനറൽ കൺവൻഷനിൽ ഒരു പ്രസംഗകൻ തട്ടിവിട്ടത് കേട്ടാൽ അറിയാവുന്നവർ മൂക്കത്തു വിരൽ വെച്ചുപോകും. പണ്ടേ അദ്ദേഹത്തിനോട് ആരൊക്കെയോ പറഞ്ഞുപോലും താങ്കൾ ഇങ്ങനെ ഇരിക്കേണ്ട ആളല്ല. നേതൃത്വനിരയിൽ എത്തേണ്ട ആളാണ്. സ്വയം നേതാവാണ് എന്ന് തോന്നുന്ന മാനസിക വിഭ്രാന്തി ഇദ്ദേഹത്തിനുണ്ടോ എന്നൊരു സംശയം പണ്ടേ തോന്നിയിട്ടുള്ളതാണ്. പണ്ട് ഇദ്ദേഹം ഗൾഫിലെ സഭാശുശ്രൂഷകനായിപോയി. അന്ന് അദ്ദേഹം പറഞ്ഞത് ദൈവസഭയിൽ ഇത്രയും വിദ്യാഭ്യാസവും കഴിവുമുള്ള ഒരു ശുശ്രൂഷകൻ ഇല്ലായെന്നും താനൊരു വേദശാസ്ത്രകാരനാണ് എന്നുമൊക്കെയായിരുന്നു. കൃപയാൽ അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് നല്ലൊരു പ്രസംഗം പോലും കേൾക്കുവാനുള്ള ഭാഗ്യം ആ സഭയിൽ ഉണ്ടായിട്ടില്ലായെന്ന് പലരും ദുഃഖത്തോടെ പറയുകയുണ്ടായി. ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരുന്ന ഇത്തരം പൊങ്ങന്മാരുടെ പൊങ്ങച്ചം സഹിക്കുവാനുമാത്രം പാവം കേൾവിക്കാർ എന്ത് പിഴച്ചു. കൗൺസിൽ ഇലക്ഷനിലും മറ്റും നേതൃത്വപാടവമുള്ള ഇദ്ദേഹത്തിന് കിട്ടാറുള്ളത് രണ്ടക്ക സംഖ്യമാത്രമാണ്. ശുശ്രൂഷകർക്ക് ബോധമുള്ളതുകൊണ്ട് ഇത്തരം അപകടങ്ങളിൽ നിന്ന് ദൈവസഭ രക്ഷപ്പെടുന്നു എന്നുമാത്രം. പൊങ്ങച്ചം നല്ലതാണെങ്കിലും എല്ലാറ്റിനും അതിരുള്ളത് നന്നായിരിക്കും.

**അടിക്കുറിപ്പ്:** ഇത്തരം ആളുകൾ ഭരണത്തിൽ ഏറുന്നതിനെയായിരിക്കാം ബൈബിളിൽ മഹോപദ്രവ കാലം എന്നു പറയുന്നത്.

## എക്സൽ വിബി എസ്സ് പരിശീലനങ്ങൾ 2016

**തിരുവല്ല:** എക്സൽ വി.ബി.എസ് 2015 ഡയറക്ടേഴ്സ് പരിശീലനങ്ങൾക്കു വിവിധ ചർച്ചുകൾ നേതൃത്വം നൽകും. ഈ വർഷത്തെ പരിശീലനങ്ങളുടെ ക്രമീകരണങ്ങൾ താഴെ പറയുന്ന തീയതികളിൽ നടക്കുന്നു. നിങ്ങളുടെ സമീപത്തുള്ള ട്രെയിനിംഗ് ലിസ്റ്റ് നോക്കി മറക്കാതെ പങ്കെടുക്കുക. Lets Go Luke 4.35 എന്നതാണ് ചിന്താവിഷയം. ഈ വർഷം 3500 ലധികം വിബി എസ്സുകളും 100 ലധികം പരിശീലനങ്ങളും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ചിന്താവിഷയത്തെ അടിസ്ഥാനപ്പെടുത്തി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട, എന്നീ ഭാഷകളിൽ ഉള്ള സിലമ്പസുകൾ തയാറായിപാട്ടുകൾ, ഗെയിമുകൾ, അഭിനയഗാനങ്ങൾ, ബൈബിൾ ടിപ്സ്, ബൈബിൾ പാഠങ്ങൾ എന്നിവ തയാറായി. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും 3500 ൽ അധികം വി.ബി.എസ് കളും യുവജനക്യാമ്പുകളും നടക്കും. ഫെബ്രുവരി 24 കാഞ്ഞങ്ങാട്, സി.എസ്സ്. ഐ ഹാൾ. ഫെബ്രുവരി 25 കണ്ണൂർ,ബൈബിൾ ഭവൻ,മേലേചൊവ്വ, ഫെബ്രുവരി 26 തളിപ്പറമ്പ്, ഹൈവെ ഇൻ, മാർച്ച് 3പാലക്കാട് ടൗൺ എ. ജി. ചർച്ച്, ഫെബ്രുവരി 28 കോതമംഗലം, സയൺസെന്റർ, നെല്ലികുഴി മാർച്ച് 2 നിലമ്പൂർ- പാലുണ്ട ചർച്ച് ഓഫ് ഗോഡ്, മാർച്ച് 2,3 തൃശ്ശൂർ–പറവട്ടാനി, ശാരോൻ ചർച്ച, മാർച്ച് 3 വയനാട്–ബത്തേരി, മാർച്ച് 4 കുന്നംകുളം, കാവന്നൂർ കല്യാണ മണ്ഡപം, മാർച്ച് 5മൂവാററുപ്പുഴ മൈത്രി നഗർ നോർത്ത് മാറാടി, മാർച്ച് 5 മാനന്തവാടി ഹെബ്രോൻ ഹാൾ, മാർച്ച് 5 അടൂർ ടൗൺ ഐപിസി, മാർച്ച് 7 പെരുവ, ഐപിസി ശാലോം,കാരിക്കോട്, മാർച്ച് 7 ചെങ്ങനാശ്ശേരി, ദി ഹോളി ട്രിനിറ്റി ചർച്ച്, മാർച്ച് 9,10 കോട്ടയം, കഞ്ഞിക്കുഴി, ഐപിസി ഫിലദൽഫ്യ. മാർച്ച് 10 എറണാകുളം അപ്പോസ്തോലിക്ക് ചർച്ച്, മാർച്ച് 10 കറ്റാനം ട്രൂ ലൈറ്റ് എ ജി ചർച്ച്, മാർച്ച് 11 വെൺമണി എ ജി ശാലോം ചർച്ച്, മാർച്ച് 11 താമരശ്ശേരി, വ്യാപാര ഭവൻ , മാർച്ച് 12 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ്, മാർച്ച് 12 നെൻമാറാ, ടൗൺ ഐപിസി, മാർച്ച് 12 തൊടുപുഴ, ഉടുമ്പന്നൂർ പ്രയ്സ് സെന്റർ, മാർച്ച് 14 കായംകുളം, ടൗൺ ഏ.ജി ചർച്ച്,മാർച്ച് 14,15നെടുമങ്ങാട് മാർച്ച് 15 കൊല്ലം,ചർച്ച് ഓഫ് ഗോഡ്, മാർച്ച് 16 അടിമാലി, സി.ഡി.സി, ഒഴുവത്തടം,മാർച്ച് 16,17 തിരുവനന്തപുരം, ന്യൂ ലൈഫ് ചർച്ച്,,മാർച്ച് 17 പത്തനാപുരം,റ്റി.ജി ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട്, മാർച്ച് 18,19നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ, മാർച്ച് 19 മുണ്ടക്കയം എ. ജി. ചർച്ച്, മാർച്ച് 19 മാവേലിക്കര ഐ.ഇ.എം, മാർച്ച് 21 കാട്ടക്കട, കൃപാശ്രമം , മാർച്ച് 22 കൊട്ടാരക്കര, ചർച്ച് ഓഫ് ഗോഡ്, മാർച്ച് 23 എറണാകുളം, ചർച്ച് ഓഫ് ഗോഡ്, തോപ്പുംപടി, പാ.പോൾസൻ, മാർച്ച് 25,26 മാരാമൺ, മർത്തോമ റിട്രീറ്റ് സെന്റർ, മാർച്ച് 26 പുനലൂർ YMCA, മാർച്ച് 30, 31 കളിയിക്കാവിള, ഇ.സി.ഐ ചർച്ച് ഹാൾ എന്നിവടങ്ങളിൽ പരിശീലനങ്ങൾ നടക്കും.

കേരളത്തിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന വി.ബി.എസ്സുകൾ, നേതൃത്വ പരിശീലനങ്ങൾ എന്നിവക്ക് അനിൽ ഇലന്തൂർ, ബിനു ജോസഫ് വടശ്ശേരിക്കര എന്നിവർ നേതൃത്വം നൽകും. **കൂടുതൽ വിവരങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ വേണ്ടി നിങ്ങൾക്ക് താഴെ കാണുന്ന നമ്പരുകളിൽ വിളിക്കാവുന്നതാണ്. ബിനു ജോസഫ് വടശ്ശേരിക്കര 9495834994 അനിൽ ഇലന്തൂർ, 9496325026**

# പാസ്റ്റർ സണ്ണി ഫിലിപ്പ്

## ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക്



കുമ്പനാട് കൺവൻഷൻ വിശാലമായ പന്തലും സ്റ്റേജും പതിനായിരങ്ങൾ പങ്കെടുക്കുന്ന മഹായോഗം തൽസമയ സംപ്രേക്ഷണം നടത്തുന്നത് ഇപ്പോൾ നാലഞ്ചു ടീമുകളാണ്. എന്നാൽ വർഷങ്ങൾക്ക് മുമ്പ് ഒരു ക്യാമറയും ഒരു ലാപ്ടോപ്പും കൊണ്ട് ഈ മഹായോഗം തൽസമയം ലോകത്തിന് കാട്ടികൊടുത്തതിന്റെ റിക്കാർഡ് പാസ്റ്റർ സണ്ണി ഫിലിപ്പിനുള്ളതാണ്. ആധുനിക സാങ്കേതിക വിദ്യകളെ നന്നായി ഉപയോഗിച്ചാൽ അത് സുവിശേഷീകരണത്തിന് ഉപയോഗപ്പെടും എന്ന തന്റെ കാഴ്ചപ്പാടായിരുന്നു അന്ന് ഈ ഉദ്യമത്തിന് തന്നെ പ്രേരിപ്പിച്ചത്. 90കളുടെ ആരംഭം മുതൽ കുമ്പനാട് കൺവൻഷനിലെ പ്രസംഗകനായ പാസ്റ്റർ സണ്ണി ഫിലിപ്പിന് പരിചയപ്പെടുത്തലിന്റെ ആവശ്യമില്ലാത്ത സുവിശേഷകനാണ്.

ചെങ്ങന്നൂരിലെ പുരാതന ക്രൈസ്തവ കുടുംബമായ കാടുവെട്ടൂരിന്റെ ശാഖയായ കേളയിൽ കുടുംബത്തിലെ തോമസ് ഫിലിപ്പ്/ ഏലിയാമ്മ ദമ്പതികളുടെ നാലുമക്കളിൽ മൂത്തയാളായി ജനിച്ചു. റാന്നിക്കടുത്ത് വൃന്ദാവനം എന്ന സ്ഥലത്താണ് അന്നു ഈ കുടുംബം താമസിച്ചിരുന്നത്.

റാന്നികോളജിലെ ബിരുദപഠനം പൂർത്തിയാക്കിയ താൻ തിരുവല്ല താഴാംപള്ളത്ത് മേഴ്സിയെ വിവാഹം ചെയ്തു. 1977-ൽ അമേരിക്കയിലെത്തി. ന്യൂയോർക്കിലെ പോളിടെക്നിക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിക്കൽ എഞ്ചിനിയറിംഗ് പാസ്സായി. തുടർന്ന് റിസേർച്ച് കെമിസ്റ്റായും പ്രൊഡക്ഷൻ മാനേജരായും പലവർഷങ്ങൾ ജോലിചെയ്തു. അക്കാലത്ത് മലയാളികളുടെ കുടിയേറ്റം വളരെ ശക്തമായിരുന്നു. കേരളത്തിൽ നിന്ന് കുടിയേറുന്ന മലയാളികളായ കുട്ടികളുടെ ആത്മീയ ഉന്നമനത്തെ ലാക്കാക്കി 1981-ൽ പി.വൈ.എഫ്.എ അരംഭിക്കുന്നതിന് മുൻകൈ എടുത്തു. സ്ഥാപക പ്രസിഡന്റ് എന്ന നിലയിൽ 3 വർഷം പ്രവർത്തിച്ചശേഷം മറ്റൊരാൾക്കായി പദവി മാറിക്കൊടുത്തു. ജോലിയിലിരിക്കെ 1989-ൽ ശാലോം പെന്തെക്കോസ്തൽ റ്റാബർനാക്കിൾ (ഐപിസി) പ്രവർത്തനം ആരംഭിച്ചു. 1994-ൽ മുഴുവൻ സമയ സുവിശേഷ പ്രവർത്തകനായി മാറി. 18 വർഷങ്ങൾ ഈ സഭയുടെ ശുശ്രൂഷകനായി പ്രവർത്തിച്ചു. അമേരിക്കൻ മണ്ണിൽ ജനിച്ചു വളർന്ന കുഞ്ഞുങ്ങൾക്ക് മലയാളം ആരാധന ഗ്രഹിക്കുവാനും ഉൾക്കൊള്ളുവാനും പ്രയാസമായി മാറിയ സാഹചര്യത്തിൽ ആണ് 2003-ൽ ഗേറ്റ് വേ ക്രിസ്ത്യൻ സെന്റർ എന്ന പേരിൽ ഇംഗ്ലീഷ് ആരാധന ആരംഭിക്കുന്നത്. 18 രാജ്യങ്ങളിൽ നിന്നുള്ളവർ ഇവിടെ ഒന്നിച്ചാരാധിക്കുന്നു.

2005-ൽ ഗോൺസിൽ എന്ന സംഘടനയ്ക്ക് ആരംഭം കുറിച്ചു. വിവിധ രാജ്യങ്ങളിലുള്ള ഇൻഡ്യൻ വംശജരായ ദൈവദാസന്മാരുടെ നെറ്റ് വർക്കാണിത്. ധാരാളം ഇന്റർനാഷണൽ കോൺഫറൻസുകൾ ഇതിന്റെ ചുമതലയിൽ വിവിധ രാജ്യങ്ങളിലായി നടത്തി.

25ലധികം രാജ്യങ്ങളിലായി സുവിശേഷ പ്രസംഗം നടത്തിയിട്ടുള്ള പാസ്റ്റർ സണ്ണി ഫിലിപ്പ് കേരളത്തിലെ വിശ്വാസികൾക്ക് സുപരിചിതനാണ്. പി.വൈ.പി.എ ഗോൾഡൻ ജൂബിലി ക്യാമ്പിലും ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രഥമ കൺവൻഷനിലും മുഖ്യ പ്രസംഗകനായിരുന്നു.

ബാലജനസഖ്യം, പി.വൈ.പി.എ, സണ്ടേസ്കൂൾ എന്നിവയിൽ സ്റ്റേറ്റ് തലത്തിൽ പ്രസംഗത്തിന് സമ്മാനാർഹനായിട്ടുണ്ട് ഇദ്ദേഹം. പി.വൈ.പി.എ. റാന്നി ഡിസ്ട്രിക്ട് സെക്രട്ടറിയായി പൊതുരംഗത്ത് പ്രവർത്തനം കുറിച്ച ഇദ്ദേഹം 2007 മുതൽ ഐ.പി.സി മധ്യപ്രേദേശ് സ്റ്റേറ്റ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു.

ഐ.പി.സി ഈസ്റ്റേൺ റീജിയൻ സെക്രട്ടറിയായി രണ്ടു ടേം പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ സണ്ണി ഫിലിപ്പ് ആദ്യ ഐ.പി.സി ഫാമിലി കോൺഫറൻസ് സെക്രട്ടറിയായിരുന്നു. സംഘാടക തലത്തിൽ തനതായ വ്യക്തിമുദ്ര പതിച്ചിട്ടുള്ള ഇദ്ദേഹം 31-ാമത് പി.സി.എൻ.എ.കെ കൺവീനറായിരുന്നു.

മധ്യപ്രദേശ് സ്റ്റേറ്റ് ഐ.പി.സിയുടെ ചുമതല ഏറ്റെടുക്കുമ്പോൾ 25 സഭകളായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ ഇന്ന് 200 ലധികം സഭകളുമായി വളർച്ചയുടെ പാതയിൽ മുന്നേറുകയാണ് ഐ.പി.സി മധ്യപ്രദേശ്.

ഇൻഡ്യാനയിലെ ട്രിനിറ്റി കോളജിൽ നിന്നും എം.എ. നേടിയ ഇദ്ദേഹം ഇപ്പോൾ അറ്റ്ലാന്റിക് കോസ്റ്റ് സെമിനാരിയിൽ തന്റെ പിഎച്ച്.ഡി പൂർത്തിയാക്കി. അർക്കൻസാസിലെ ഫ്രീഡം തിയോളജിക്കൽ സെമിനാരി ഓണററി ഡോക്ടറേറ്റ് നൽകി ഇദ്ദേഹത്തെ ആദരിച്ചു.

മികച്ച സംഘാടകൻ, നല്ല സുവിശേഷ പ്രസംഗകൻ, സുവിശേഷീകരണത്തിനായി കഠിനാധ്വാനം ചെയ്യുന്ന ശുശ്രൂഷകൻ, അധ്യാപകൻ തുടങ്ങി വിശേഷണ പദങ്ങൾ ധാരാളം. സഭയെ ആത്മീക വഴിയിലൂടെ നടത്തുക എന്ന തന്റെ ലക്ഷ്യത്തിൽ നിന്ന് മാറാതെ ഓടുന്ന ഇദ്ദേഹത്തിനൊപ്പം സഹധർമ്മിണി മേഴ്സി നൽകുന്ന പിന്തുണ വലുതാണ്.

മക്കൾ: അനീഷ്, നിഷ, അലീഷ.


ബേർശേബ പബ്ലിക്കേഷൻസ്
BEERSHEBA PUBLICATIONS
ഗ്രൗണ്ട് ഫ്ളോർ, സി.വി.പി.സിറ്റി ടവർ, ടി.കെ.റോഡ്, തിരുവല്ല

ബൈബിൾ – വിവിധ ഭാഷകളിൽ വ്യത്യസ്തരൂപത്തിൽ ഫാൻസി ബൈബിളുകൾ, ഡിക്ഷണറികൾ, കമന്ററികൾ, ഡേക്സ് ബൈബിൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, സണ്ടേസ്കൂൾ പാഠാവലി, കർത്തൃമേശ ഉപകരണങ്ങൾ, സംഗീത ഉപകരണങ്ങൾ, ടീ ഷർട്ടുകൾ, ബൈബിൾ കവറുകൾ, കീ ചെയിനുകൾ, ഡി.വി.ഡി, സി.ഡി, വാക്യബോർഡുകൾ, ഫോട്ടോ ഫ്രെയിം

മലയാളം - ഇംഗ്ലീഷ്, ഹിന്ദി - ഇംഗ്ലീഷ് ബൈബിൾ- പാട്ടുപുസ്തകങ്ങളിൽ അഡ്രസ് വെച്ച് പ്രിന്റ് ചെയ്യുന്നു. യുവജനപ്രസ്ഥാനങ്ങളുടെ മത്സരങ്ങൾക്കാവശ്യമായ സമ്മാനങ്ങൾ, വിവാഹം, ഭവനപ്രതിഷ്ഠ, തുടങ്ങിയവയ്ക്കുള്ള ഗിഫ്റ്റുകൾ, വാക്യബോർഡുകളിൽ അഡ്രസ്സും, ഫോട്ടോയും വെച്ച് ചെയ്തുകൊടുക്കുന്നു

തിരുവട്ടാർ കൃഷ്ണൻകുട്ടി, ഇവാ.പി.റ്റി തോമസ്, പാസ്റ്റർ വർഗീസ് എബ്രഹാം, സുവി. കാനം അച്ചൻ, പാസ്റ്റർ ബാബു ചെറിയാൻ.... പ്രമുഖ ക്രൈസ്തവ പ്രഭാഷകരുടെ പ്രഭാഷണങ്ങൾ, എം.പി.3, ഡി.വി.ഡി രൂപത്തിൽ കുട്ടികൾക്കുള്ള വിവിധ പ്രോഡക്ട്സ്, മേശവിരി, ക്രിസ്ത്യൻ ഫിലിം തുടങ്ങിയവയുടെ വമ്പിച്ച ശേഖരം

ഉടൻ പുറത്തിറങ്ങുന്നു.....
മഹാ കവി കെ.വി. സൈമണാൽ വിരചിതമായ ക്രൈസ്തവ സഭാചരിത്രവും
സുവി. എബ്രഹാം മർക്കോസ് രചിച്ച ബൈബിളിന് ഒരാമുഖം എന്ന ഗ്രന്ഥവും

കൂടുതൽ വിവരങ്ങൾക്ക്:
ബേർശേബ പബ്ലിക്കേഷൻസ്
ഗ്രൗണ്ട് ഫ്ളോർ, സി.വി.പി. സിറ്റി ടവർ, ടി.കെ.റോഡ്, തിരുവല്ല
Ph: 9446440022
Email: beershebapublications@gmail.com

## ഡോ. കോര സംസാരിക്കുന്നു



1. കുമ്പനാട്ട് ഐ. പി. സിയിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ തമ്മിൽ ചേരിതിരിവാണല്ലോ. കോര എന്തു പറയുന്നു? **– എബി, ഡാളസ്**

*ഇതുതന്നെയാണ് ഐ. പി. സി.യുടെ ഐഡിന്റ്റി എന്ന് എബി എന്തേ ഇതുവരെ മനസ്സിലാക്കിയില്ല.*

2. ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ മീഡിയ കൈകാര്യം ചെയ്ത കക്ഷിക്ക് അക്ഷരാഭ്യാസം ഇല്ലെന്ന് പറയുന്നത് ശരിയാണോ? –

*അക്ഷരം അറിയാമോ എന്നത് കോരയ്ക്ക് നിശ്ചയമില്ല. എന്നാൽ ചർച്ച് ഓഫ് ഗോഡിൽ മീഡിയയുടെ ചുമതല വഹിക്കുവാൻ ഉള്ള യോഗ്യത ആൾ അക്ഷരവൈരി ആയിരിക്കണം.*

3. ചർച്ച് ഓഫ് ഗോഡിൽ സൂപ്രണ്ട് പദവി നടപ്പിലാകില്ല **– വാർത്ത**

*മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നം പോലെ എല്ലാം തകർന്നടിഞ്ഞു.*

4. മുംബൈയിലും തമിഴ്നാട്ടിലും ആന്ധ്രയിലുമൊക്കെ പ്രിഫറൻസ് ബാലറ്റ് നടന്നു. കേരളത്തിൽ അതിന് സാധ്യതയുണ്ടോ? **– ജെയിംസ്, ചെങ്ങന്നൂർ**

*വരാനുള്ളത് വഴിയിൽ തങ്ങില്ലെന്നാണല്ലോ പഴമക്കാർ പറയാറുള്ളത്.*



സിസ്റ്റർ പെർസിസ് ജോൺ കുമ്പനാട് കൺവൻഷനിൽ പാടുന്നു



പാസ്റ്റർ ജേക്കബ് ജോൺ പ്രസംഗിക്കുന്നു. സാം ജേക്കബ് (മകൻ) പരിഭാഷപ്പെടുത്തുന്നു



# കുമ്പനാട് കൺവൻഷൻ ക്യാമറക്കണ്ണുകളിലൂടെ



കർത്തൃമേശ: പാസ്റ്റർ എം. വി. വർഗീസ്



ജനറൽ എക്സിക്യൂട്ടീവ്സ്




വിശ്വാസ സമൂഹം



പാ. സാംകുട്ടി ചാക്കോ, നിലമ്പൂർ



വെസ്ലി മാത്യു



സുധി ഏബ്രഹാം, പീറ്റർ മാത്യു



സുബിൻ വർഗീസ്, ഓഫീസ് മാനേജർ



ഫിന്നി പി. മാത്യു, സാം ടി. മുഖത്തല



വിജോയ് സ്കറിയ






ജേണൽ സ്റ്റാൾ: പാസ്റ്റർ കെ. ജെ. മാത്യു







ഐ. പി. സി. ഫാമിലി കോൺഫറൻസ് പ്രതിനിധികൾ: സഹോദരന്മാരായ ജോസ് സാമുവേൽ, സാം വർഗീസ്, സാം മാത്യു









പി. സി. എൻ. എ. കെ. പ്രതിനിധികൾ: റവ. ഷാജി. കെ. ഡാനിയേൽ, ബ്രദർ റ്റിജു തോമസ്, ബ്രദർ തോമസ് വർഗീസ്, ബ്രദർ എബ്രഹാം മോനീസ് ജോർജ്

## എക്സൽ വിബി എസ്സ് പരിശീലനങ്ങൾ 2016

പോകാം...
എക്സൽ വി.ബി.എസ്. പരിശീലനങ്ങൾക്കായി...
നേടാം മികച്ച പരിശീലനം

EXCEL VBS 2016

| | | |
|---|---|---|
| ഫെബ്രു 24 | കാഞ്ഞങ്ങാട്, സി.എസ്സ്. ഐ ഹാൾ. | അലക്സ്. 9400103702 |
| ഫെബ്രു 25 | കണ്ണൂർ,ബൈബിൾ ഭവൻ,മേലേചൊവ്വ, | റജിനോൾഡ് വിൻസന്റ് 9895423871 |
| ഫെബ്രു 26 | തളിപ്പറമ്പ്, ഹൈവെ ഇൻ, | വിനോദ്, 9495082653 |
| ഫെബ്രു 26 | ചിറ്റൂർ , എ. ജി. ചർച്ച് | പാ.സത്യൻ 9605828744 |
| മാർച്ച് 3 | പാലക്കാട് ടൗൺ എ. ജി. ചർച്ച് | പാ.സത്യൻ 9605828744,9495559744 |
| ഫെബ്രു 28 | കോതമംഗലം, സയൺസെന്റർ, നെല്ലികുഴി | പാ.സാബു 9447157936 |
| മാർച്ച് 2 | നിലമ്പൂർ- പാലുണ്ട ചർച്ച് ഓഫ് ഗോഡ് | പാ.. കെ സി ജോസഫ് 9497119129, |
| മാർച്ച് 2,3 | തൃശ്ശൂർ-പറവട്ടാനി, ശാരോൻ ചർച്ച | പാ. ഒ.പി ബാബു 9961197614 |
| മാർച്ച് 3 | വയനാട്-ബത്തേരി, | ബ്ര.റിജോ 8606565568 |
| മാർച്ച് 4 | കുന്നംകുളം, കാവന്നൂർ കല്യാണ മണ്ഡപം | പാ. ജോൺ. 9961685049 |
| മാർച്ച് 5 | മൂവാററുപ്പുഴ മൈത്രി നഗർ നോർത്ത് മാറാടി | അൻസൺ, 9846535388 |
| മാർച്ച് 5 | മാനന്തവാടി ഹെബ്രോൻ ഹാൾ | പാ. ജയ്സൻ,യൂ പി , 9495030917 |
| മാർച്ച് 5 | അടൂർ ടൗൺ ഐപിസി | പാ.ജിനോയി. 9847397347, 9847430140 |
| മാർച്ച് 7 | പെരുവ, ഐപിസി ശാലോം,കാരിക്കോട് | പാ. അജീഷ് 9447490353 |
| മാർച്ച് 7 | ചെങ്ങനാശ്ശേരി, ദി ഹോളി ട്രിനിറ്റി ചർച്ച് | പാ.റോബിൻ 9496570312 |
| മാർച്ച് 9,10 | കോട്ടയം,കഞ്ഞിക്കുഴി,ഐപിസി ഫിലദൽഫ്യ. | സാജു ഫിലിപ്പ് 9747740241 |
| മാർച്ച് 10 | എറണാകുളം അപ്പോസ്തോലിക്ക് ചർച്ച് | ബ. ബ്ലസ്സൻ 9846904487 |
| മാർച്ച് 10 | കറ്റാനം ട്രൂ ലൈറ്റ് എ ജി ചർച്ച് | മിഥുൻ 8157903739 |
| മാർച്ച് 11 | വെൺമണി എ ജി ശാലോം ചർച്ച് | സൂസൻ 9562094739 |
| മാർച്ച് 11 | താമരശ്ശേരി , വ്യാപാര ഭവൻ | പാ.ബോബു എൻ.ഡി 9349338846 |
| മാർച്ച് 12 | കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ് | പാ. ജോസ് 9895480668 |
| മാർച്ച് 12 | നെൻമാറ, ടൗൺ ഐപിസി | സി. ലിജി 9400087239 |
| മാർച്ച് 12 | തൊടുപുഴ, ഉടുമ്പന്നൂർ പ്രയ്സ് സെന്റർ | പാ.ജോബിൻ 9495023466 |
| മാർച്ച് 14 | കായംകുളം, ടൗൺ എ.ജി ചർച്ച് | ബ്ലസ്സൻ 9847652757 |
| മാർച്ച് 14,15 | നെടുമങ്ങാട് KFM Worship Center, | പാ.സ്റ്റുവർട്ട് 9947488279 |
| മാർച്ച് 15 | കൊല്ലം,ചർച്ച് ഓഫ് ഗോഡ്, | ബ്ര.സാംസൺ 9495964095, |
| മാർച്ച് 16 | അടിമാലി, സി.ഡി.സി, ഒഴുവത്തടം | ബിജു. 9745699763 |
| മാർച്ച് 16,17 | തിരുവനന്തപുരം, ന്യൂ ലൈഫ് ചർച്ച്, | പാ.ജോൺസൺ- 9020380111 |
| മാർച്ച് 17 | പത്തനാപുരം,റ്റി.ജി ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് | ജിബിൻ 9745301175 |
| മാർച്ച് 18,19 | നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ | പാ.റെജി 9562482676 |
| മാർച്ച് 19 | മുണ്ടക്കയം എ. ജി. ചർച്ച്, | പാ.ബ്ലസ്സൻ 9961959222 |
| മാർച്ച് 19 | മാവേലിക്കര ഐ.ഇ.എം | റെജി തോമസ്സ്, 9847472016 |
| മാർച്ച് 21 | കാട്ടക്കട, കൃപാശ്രമം | ബ്രൈറ്റ് ഡാനിയേൽ 9446190073 |
| മാർച്ച് 22 | കൊട്ടാരക്കര, ചർച്ച് ഓഫ് ഗോഡ് | പാ. എബ്രഹാം മാത്യു 9447695028 |
| മാർച്ച് 23 | എറണാകുളം,ചർച്ച് ഓഫ് ഗോഡ്,തോപ്പുംപടി, | പാ.പോൾസൻ, 8891260605 9995472323, |
| മാർച്ച് 25,26 | മാരാമൺ, മർത്തോമ റിട്രീറ്റ് സെന്റർ | അനിൽ 9947401731 |
| മാർച്ച് 30-31 | കളിയിക്കാവിള, ഇ.സി.ഐ ചർച്ച് ഹാൾ | റവ.വിക്ളിഫ്. 9496547530 |
| മാർച്ച് 26 | പുനലൂർ YMCA | ജസ്റ്റിൻ 9539014820 |

കൂടുതൽ വിവരങ്ങൾക്ക് : 9495834994, 9496325026

# കൺവൻഷൻ

**മാളികക്കടവ്:** ഫെയ്ത്ത് ഗോസ്പൽ ചർച്ച് ഒരുക്കുന്ന 9–ാമത് മാളികക്കടവ് കൺവൻഷൻ ഫെബ്രുവരി 5–7 വരെ മാളികക്കടവ് കപ്യാരു കവലയ്ക്ക് സമീപം വൈകുന്നേരം 6–9 വരെ നടന്നു. പാസ്റ്റർ കെ. എ. റോയിബെൻ (ഫെയ്ത്ത് ഗോസ്പൽ ചർച്ച്, പ്രസിഡന്റ്) ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, സുബാഷ് (കുമരകം), ബി. മോനച്ചൻ എന്നിവർ പ്രസംഗിച്ചു. വോയ്സ് ഓഫ് ഗോഡ് മ്യൂസിക്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ സന്തോഷ് ഡേവിഡ്, സുവി. കെ. ഡി. പത്രോസ്, സുവി. പി. എസ്. മത്തായി എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

**നിരണം:** സീയോൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സീയോൺ കൺവൻഷൻ ഫെബ്രുവരി 1 മുതൽ 14 വരെ നിരണം വടക്കുംഭാഗത്തുവെച്ച് നടക്കും. പാസ്റ്റർ സി.ജെ സോമൻ ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, എബി ഏബ്രഹാം, ജെയ്സ് പാണ്ടനാട്, സണ്ണികുര്യൻ, ജോസഫ് ഏബ്രഹാം, ഷെമീർ കൊല്ലം, മാത്യു ലാസർ, അനീഷ് കാവാലം, കെ.കെ, ബാബു എന്നിവർ പ്രസംഗിക്കും. ഹീലിംഗ് മെലഡീസ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

**ആര്യങ്കാവ്:** ചർച്ച് ഓഫ് ഗോഡ് ആര്യങ്കാവ് സഭയുടെയും പറക്കോട് പയനീയേഴ്സ് ഫോർ ക്രൈസ്റ്റ് മിഷന്റെയും ആഭിമുഖ്യത്തിൽ കൺവൻഷൻ ഫെബ്രുവരി 25, 26, 27 തീയതികളിൽ ആര്യങ്കാവ് പാലയ്ക്കൽ ആഡിറ്റോറിയം ഗ്രൗണ്ടിൽവച്ച് നടക്കും. പാസ്റ്റർ വർഗീസ് ഏബ്രഹാം(ഡി.പി. ഇടമൺ) ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ജിനുബേബി, ജെയ്സ് പാണ്ടനാട്, ബിനു ജോർജ് പറക്കോട് എന്നിവർ പ്രസംഗിക്കും. പയനിയേഴ്സ് വോയ്സ് പറക്കോട് ഗാനശുശ്രൂഷ നിർവ്വഹിക്കും.



# സഹായിക്കുക



ഇടുക്കി ജില്ലയിലെ കട്ടപ്പന സ്വദേശിയാണ് പാസ്റ്റർ കെ. വി ആന്റണി. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ 1978–ൽ റോമൻ കത്തോലിക്ക വിഭാഗത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച് ആരാധനക്ക് പോകുന്നു. 1986–ൽ ഇദ്ദേഹവും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് പൂർണ്ണ സുവിശേഷ സത്യങ്ങൾക്കായി വേർതിരിഞ്ഞു. 1993 മുതൽ ഇൻഡ്യ പൂർണ്ണ സുവിശേഷ ദൈവസഭയുടെ ശുശ്രൂഷകനായി കേരളത്തിൽ വിവിധ ഇടങ്ങളിൽ സഭയുടെ ശുശ്രൂഷകനായിരുന്നു. പ്രമേഹം മൂലം കണ്ണിന് കാഴ്ച കുറവും കാലുകൾക്ക് മരവിപ്പും അനുഭവപ്പെടുന്നു. വിവിധ ആരോഗ്യപരമായ കാരണങ്ങളാൽ ഇപ്പോൾ ഇടുക്കി ജില്ലയിലെ കട്ടപ്പനക്കടുത്ത് പ്രകാശ് കേന്ദ്രമാക്കി മിഷൻ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ഭാര്യയും രണ്ട് ആൺകുട്ടികളും ഉണ്ട്. മക്കൾ രണ്ടുപേരും പ്ലസ് ടു വരെ പഠിച്ചു എങ്കിലും സാമ്പത്തിക പരാതീനത മൂലം തുടർന്ന് പഠനം നടത്തുവാൻ കഴിഞ്ഞില്ല. ഇപ്പോൾ രണ്ടു പേരും കൂലിപ്പണി ചെയ്യുന്നു. ഭാര്യയ്ക്ക് തൈറോയ്ഡ്, അൾസർ, കൊളസ്ട്രോൾ എന്നീ രോഗങ്ങളാൽ പ്രയാസപ്പെടുന്നു. മറ്റ് സാമ്പത്തീക മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാൽ വാടക വീട്ടിലാണ് താമസം. നിലവിലത്തെ സ്ഥിതിയിൽ വസ്തു വാങ്ങുന്നതിനോ വീട് വെയ്ക്കുന്നതിനോ ആവശ്യമായ സാമ്പത്തിക സ്ഥിതിയില്ല. ഇദ്ദേഹത്തിന് സ്വന്തമായ സ്ഥലവും വീടും ഇല്ല. അഭ്യുദയ കാക്ഷികളായ വായനക്കാരുടെ സഹായം അഭ്യർത്ഥിക്കുന്നു.

K. V Antony
State Bank of Travacore,
Mannarkad Branch (Palakkad),
A/c No: 67146262736, IFSC SBTR0000181

# കൺവൻഷൻ

ഐ. പി. സി. നെടുമ്പാശ്ശേരി ഏരിയുടെ ബൈബിൾ കൺവൻഷൻ ഫെബ്രുവരി 4–7 വരെ കെ. ഒ. കുരിയപ്പൻസ് ഗ്രൗണ്ട്, കരിയാട് നടന്നു. പാസ്റ്റർ സണ്ണി മാത്യു (കൺവീനർ നെടുമ്പാശ്ശേരി ഏരിയ) ഉദ്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ് (സെക്രട്ടറി ഐ. പി. സി. കേരള സ്റ്റേറ്റ്), കെ. ജെ. തോമസ് (കുമളി), സണ്ണി കുര്യൻ (വാളകം), ബി. മോനച്ചൻ (കായംകുളം) എന്നിവർ പ്രസംഗിച്ചു. സാംസ് ബീറ്റ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## സുവിശേഷ മഹായോഗവും സംഗീത വിരുന്നും

**മന്ദമരുതി:** ചർച്ച് ഓഫ് ഗോഡ് സഭയുടെ ചുമതലയിൽ സുവിശേഷ മഹായോഗവും സംഗീത വിരുന്നും മന്ദമരുതി ജംഗ്ഷനു സമീപം ഫെബ്രുവരി 15 മുതൽ 17, വൈകിട്ട് 6–9 വരെ നടക്കും. പാസ്റ്റർമാരായ പി. സി. ചെറിയാൻ, ബാബു ചെറിയാൻ (പിറവം), റെജി ശാസ്താംകോട്ട, പാസ്റ്റർ കെ. എസ്. തോമസ്കുട്ടി എന്നിവർ പ്രസംഗിക്കും. റോബിൻ വെച്ചൂച്ചിറയുടെ നേതൃത്വത്തിൽ ചർച്ച് ക്വയർ ഗാനങ്ങൾ ആലപിക്കും. സഭാശുശ്രൂഷകൻ പാസ്റ്റർ സി. റ്റി. ദാനിയേൽ നേതൃത്വം നൽകും.

# കേരളാ സൂപ്രണ്ട് നിയമനവും റീജിയൻ വിഭജനവും തല്ക്കാലം ഇല്ല

**മുളക്കുഴ:** ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും ശക്തമായ പ്രതിഷേധത്തെ തുടർന്ന് കേരളാ സൂപ്രണ്ട് നിയമനവും റീജിയൻ വിഭജനവും തല്ക്കാലം വേണ്ടെന്ന് വച്ചു. ഓവർസിയർമാരുടെ അധികാരം കവർന്നെടുക്കുകയും കൗൺസിലുകളെ നോക്കുകുത്തിയാക്കുകയും ചെയ്യുന്ന പുതിയ നിർദ്ദേശത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നിരുന്നു. കേരളാ റീജിയൻ കൗൺസിലും ശുശ്രൂഷകന്മാരും പ്രസ്തുത നിർദ്ദേശത്തെ എതിർത്തുകൊണ്ട് നിവേദനം സൂപ്രണ്ടിനു നൽകി. കേരളാ റീജിയന്റെ പാസ്റ്റേഴ്സ് വിശ്വാസികളുടെ ജനറൽ ബോഡിയിൽ ഗൗരവകരമായ ചർച്ച നടത്തി കരടു നിർദ്ദേശനത്തിനെതിരെ മെമ്മോറാണ്ടം സമർപ്പിക്കുകയായിരുന്നു. വിവാദ നിർദ്ദേശത്തിനെതിരെ കേരളാ സ്റ്റേറ്റിലും ഗണ്യമായ എതിർപ്പ് ഉയർത്തിയിരുന്നു. വിശ്വാസികളുടെ വേദിയായ സ്റ്റേറ്റ് ബോർഡ് ഇതിനെതിരേ ശക്തമായി രംഗത്തുവന്നു. പുതിയ കൗൺസിലും സൂപ്രണ്ടിനെ തങ്ങളുടെ വിയോജിപ്പ് അറിയിച്ചു. എന്നാൽ ജനറൽ ബോഡി വിളിച്ചുകൂട്ടി വിഷയം ചർച്ച ചെയ്യാത്തതിൽ വ്യാപകമായ പ്രതിഷേധം ഉയർന്നു. എല്ലാവർക്കും ഉചിതമായ പുതിയ നിർദ്ദേശം വരുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുമെന്ന് സൂപ്രണ്ട് അറിയിച്ചു.

# അന്തർദേശീയ ക്രിസ്ത്യൻ എക്സ്പോ ന്യൂഡൽഹിയിൽ

**തിരുവല്ല:** ലോകപ്രശസ്ത ക്രിസ്ത്യൻ ബുക്ക് സെല്ലേഴ്സ് അസോസിയേഷന്റെ സഹകരണത്തിൽ ഭാരതത്തിലെ ക്രിസ്ത്യൻ മീഡിയായുടെയും ക്രിസ്ത്യൻ എക്സ്പോ സംഘടനയുടെയും ആഭിമുഖ്യത്തിൽ വേൾഡ് ക്രിസ്ത്യൻ എക്സ്പോ സംഘടിപ്പിക്കുന്നു. 2016 നവംബർ 7–12 വരെ ന്യൂഡൽഹി വൈ. എം. സി. എ. ഹാളിൽ നടക്കുന്ന ക്രിസ്ത്യൻ എക്സ്പോയുടെ പ്രാഥമിക ഒരുക്കങ്ങൾ ആരംഭിച്ചു. മിഷനറി സംഘടനകൾ, സഭകൾ, ചാരിറ്റബിൾ ഓർഗനൈസേഷനുകൾ, പബ്ലിഷേഴ്സ്, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മാധ്യമങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിലായി നാനൂറോളം സ്റ്റാളുകൾ പ്രവർത്തിക്കും. ഭാരത ക്രൈസ്തവ സഭാചരിത്രം, ഭാരത മിഷനറിമാർ, പുരാതന ബൈബിൾ പ്രദർശനം എന്നിവയ്ക്ക് പ്രത്യേക പവലിയനുകൾ പ്രവർത്തിക്കും. പുസ്തകമേളയിൽ ദേശീയ അന്തർദേശീയ പ്രസാധക ഗ്രൂപ്പുകൾ പങ്കെടുക്കും. മേളയോടനുബന്ധിച്ച് എല്ലാ ദിവസവും കൂടാതെ എല്ലാ ദിവസവും ക്രിസ്ത്യൻ ഫിലിമുകൾ പ്രദർശിപ്പിക്കുന്ന മിനിതിയറ്ററും മേളയിൽ ഉണ്ടായിരിക്കും. ഇന്ത്യൻ മിഷൻ, പബ്ലീഷിംഗ് & എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളിലുള്ള സെമിനാറുകളും മേളയുടെ ഭാഗമായി നടക്കും.

രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന ക്രിസ്ത്യൻ എക്സ്പോയിൽ ലോകപ്രശസ്തരായ സംഗീത ഗ്രൂപ്പുകൾ അണിനിരക്കുന്ന സംഗീതമേള, ക്രിസ്ത്യൻ സംസ്കാരത്തിൽ അധിഷ്ഠിതമായ നൃത്തനൃത്യങ്ങൾ എന്നിവ സന്ദർശകർക്ക് കുളിർമയേകും. പുതിയ തലമുറക്ക് ആത്മീയ ഉന്നമനത്തിനും ശാരീരിക മാനസിക ഉല്ലാസങ്ങൾക്കും ഉതകുന്ന കിഡ്സ് കോർണർ-വിശ്വാസി സമൂഹത്തിന് ഒത്തുചേരാനും ആത്മീക അനുഭവങ്ങൾ പങ്കുവെയ്ക്കാനും പരിചയങ്ങൾ പുതുക്കാനും സഹായമാകുന്ന വിശാലമായ പബ്ലിക് സ്ക്വയർ എന്നിവയെല്ലാം ഈ മഹാമേളയിൽ ഒരുങ്ങുന്നു.

# നിത്യതയിൽ



**പി.റ്റി. തോമസ്**

**തൊടുപുഴ:** പ്രമുഖ വ്യവസായിയും ക്രിപ്റ്റംസ് ഗ്രൂപ്പ് സ്ഥാപകനുമായ താഴയിൽ പ്ലാക്കൂട്ടത്തിൽ പി.റ്റി.തോമസ് (ബേബിക്കുട്ടി-67) കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. കേരള ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബോർഡ് മുൻ അംഗമാണ്. പത്തനംത്തതിട്ട, റാന്നി നെല്ലിക്കമൺ സ്വദേശിയാണ്. ഐ.പി.സി തൊടുപുഴ സെന്ററിന്റെ ട്രഷറർ ആയിരുന്നു കഴിഞ്ഞ 30 വർഷം

ഭാര്യ: മറിയാമ്മ

മക്കൾ: റിൻസിയ(ഷാർജ), റിനു(ഓസ്ട്രേലിയ), സില്ല, ഫേബ

മരുമക്കൾ: സാം ബേബി, എബി തോമസ്, ഡെന്നീസ് ജോൺ.



**പാസ്റ്റർ വൈ. സെൽവരാജ്**

**കളത്തുകാൽ (തിരുവനന്തപുരം) :** 31 വർഷം കർത്തൃസേവയിൽ നിരതനായിരുന്ന പാസ്റ്റർ സെൽവരാജൻ (77) വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് സ്വഭവനത്തിൽ നിത്യതയിൽ. സംസ്കാരം നടന്നു. പാസ്റ്റർ വി.റ്റി. അലക്സാണ്ടർ (പാറശ്ശാല സെന്റർ പാസ്റ്റർ) പാസ്റ്റർ കെ. ജോസഫ് (നെയ്യാറ്റിൻകര സെന്റർ പാസ്റ്റർ) എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. IPC കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ദൈവവചനം ശുശ്രൂഷിച്ചു.

പരേതയായ കമലാഭായിയാണ് ഭാര്യ. മക്കൾ: സ്റ്റെല്ലാപ്രവി, മേബിൾ, പുഷ്പ, ശേഭ, പാസ്റ്റർ കെ.എസ്, ക്ലമന്റ് (IPC നെയ്യാറ്റിൻകര), പാസ്റ്റർ കെ.എസ്. ബൈജു (പാറശ്ശാല സെന്റർ)

# സെന്റർ കൺവൻഷൻ




**ആലപ്പുഴ:** 44-ാമത് ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്റർ കൺവൻഷനും സംഗീത സായാഹ്നവും ജനുവരി 6 - 10 വരെ ആലപ്പുഴ ടൗൺ ഹാൾ അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എബ്രഹാം ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ രാജേഷ് ഏലപ്പാറ, സുരേഷ് ബാബു, ബാബു ചെറിയാൻ എന്നിവർ പ്രസംഗിച്ചു. വെള്ളിയാഴ്ച സംയുക്ത ഉപവാസ പ്രാർത്ഥനയും ഉച്ചയ്ക്ക് 2.30-ന് സോദരീ സമാജം വാർഷികവും, സമ്മാനദാനവും ശനിയാഴ്ച ഉച്ചയ്ക്ക് സണ്ടേസ്കൂൾ, പി.വൈ.പി.എ സംയുക്ത വാർഷികവും സമ്മാനദാനവും നടന്നു. പാസ്റ്റർമാരായ ജോസഫ് ജോൺ, എൻ. സ്റ്റീഫൻ, ഒ. ജെയിംസ്. ഷിജു സാമുവേൽ വിവിധ ദിവസങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ഞായറാഴ്ച്ച രാവിലെ നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർമാരായ ജോർജ് സി. മാത്യു, കെ.എം. ജോസഫ് എന്നിവർ പ്രസംഗിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എബ്രഹാം ജോർജ് നേതൃത്വം നൽകി. ശാലേം വോയ്സിന്റെ നേതൃത്വത്തിൽ നടന്ന ഗാനശുശ്രൂഷയിൽ ഡോ. ബ്ലെസൺ മേമന, ബ്രദർ സാം കുഴിക്കാല എന്നിവർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ ഷിജു സാമുവേൽ, ബ്രദർ വെസ്ലി പി. എബ്രഹാം, സാം അലക്സ് തോമസ് എന്നിവർ പബ്ലിസിറ്റി കൺവീനർമാരായി പ്രവർത്തിച്ചു.

**ആൽപ്പാറ:** ഐ. പി. സി. പീച്ചി സെന്റർ കൺവൻഷൻ ഫെബ്രുവരി 11-14, വൈകിട്ട് 6 മുതൽ 9 വരെ ആൽപ്പാറ സെന്ററിനു സമീപം നടക്കും. പാസ്റ്റർമാരായ സാം ജോർജ്ജ് (ഐ. പി. സി. ആക്ടിങ്ങ് സെക്രട്ടറി), റ്റി. ഡി. ബാബു (എറണാകുളം), പി. സി. ചെറിയാൻ (റാന്നി), തോമസ് ഫിലിപ്പ് (വെൺമണി), കെ. ജെ. മാത്യു (പുനലൂർ) എന്നിവർ പ്രസംഗിക്കും. സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. ഗാനശുശ്രൂഷ മിസ്പ വോയ്സ് മണ്ണുത്തി നിർവ്വഹിക്കും.

**അടൂർ:** ഐ.പി.സി വെസ്റ്റ് സെന്റർ കൺവൻഷൻ ഫെബ്രുവരി 3 മുതൽ 7 വരെ കടമ്പനാട്, കല്ലുകുഴി ഐ.പി.സി. ഹെബ്രോൻ ചർച്ച് ഗ്രൗണ്ടിൽ നടന്നു. സീനിയർ മിനിസ്ട്രർ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്ററന്മാരായ റ്റി.ഡി. ബാബു, ജോയി പാറയ്ക്കൽ, ഡോ.ജോയി ജോസഫ്, ഫിലിപ്പ് പി.തോമസ്, കെ.സി.തോമസ്, സിസ്റ്റർ ഷീലദാസ് എന്നിവർപ്രസംഗിച്ചു. കൺവൻഷനോടനുബന്ധിച്ച് സണ്ടേസ്കൂൾ, പി.വൈ.പി.എ സോദരി സമാജം വാർഷിക മീറ്റിംഗ് നടന്നു. ഗാന ശുശ്രൂഷ സെന്റർ കൺവൻഷൻ ക്വയർ നടത്തി. പാസ്റ്ററന്മാരായ തോമസ് ജോസഫ്, സാജൻ ഈശോ, മാർക്ക് എൻ തങ്കച്ചൻ, ബിജു കോശി, എ.സി. ജോസ് എന്നിവർ നേതൃത്വം നല്കി.

**ചെന്നൈ:** ഐ.പി.സി ചെന്നൈ മെട്രോ ഡിസ്ട്രിക്ട കൺവൻഷൻ ഫെബ്രുവരി 5,6.7 തീയതികളിൽ മഡിപാക്കം ഏബനേസർ ഐ.പി.സി. സഭാഹാളിൽ വച്ച് നടത്തി. 5-ാം തീയതി വൈകിട്ട് 6-ന് സെന്റർ പാസ്റ്റർ രാജു എം. ചെറിയാൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഈ യോഗങ്ങളിൽ പാസ്റ്റർ ടോമി ജോസഫ് മുഖ്യ പ്രഭാഷകനായിരിക്കും. മെട്രോ മെലഡീസ് ഗാനശുശ്രൂഷ നടത്തി.

**പൊൻകുന്നം:** ഐ.പി.സി. പൊൻകുന്നം സെന്റർ കൺവൻഷൻ പുളിക്കൽ കവല (14-ാം മൈൽ)യിൽ വെച്ച് ഫെബ്രുവരി 4 മുതൽ 7 വരെ നടന്നു. സെന്റർപാസ്റ്റർ റവ. ഇ.റ്റി. കുഞ്ഞുമോൻ ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ സാംജോർജ്ജ്, കെ.എസ്. ഏബ്രഹാം, റ്റി.ഡി. ബാബു, ജെയ്സ് പാണ്ടനാട്, ജെയിംസ് എം. പോൾ, സിസ്റ്റർ മേഴ്സിതോമസ് എന്നിവർ പ്രസംഗിച്ചു.

**തിരുവല്ല:** ഐ.പി.സി. തിരുവല്ല സെന്റർ കൺവൻഷൻ ഫെബ്രുവരി 19 വെള്ളി മുതൽ 21 ഞായർ വരെ മഞ്ഞാടി ഐ.പി.സി പ്രെയർ സെന്റർ സ്റ്റേഡിയത്തിൽ നടക്കും. 19 ന് രാവിലെ 10 ന് സംയുക്ത ഉപവാസ പ്രാർത്ഥനയിൽ സെന്റർ ശുശ്രൂഷകനും സഭാ മുൻ ജനറൽ പ്രസിഡന്റുമായ പാസ്റ്റർ കെ.സി ജോൺ ഉദ്ഘാടനം ചെയ്യും. സീനിയർ മിനിസ്റ്റർ പാസ്റ്റർ പി.വി. ഐസക്ക് അദ്ധ്യക്ഷത വഹിക്കും. വൈകിട്ട് പാസ്റ്റർ കെ.സി. ജോൺ പ്രസംഗിക്കും.

പി.വൈ.പി.എ വാർഷീകം സ്റ്റേറ്റ് പ്രസിഡന്റ് സുധി ഏബ്രഹാം ഉദ്ഘാടനം ചെയ്യും. ജിൻസൺ കെ.ജോഷ അധ്യക്ഷത വഹിക്കും. വൈകിട്ട് പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിക്കും. ഞായർ രാവിലെ 8.30 ന് സംയുക്ത സഭായോഗത്തിൽ തിരുവത്താഴ ശുശ്രൂഷ നടക്കും. സമാപന സമ്മേളനത്തിൽ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിക്കും. പാസ്റ്റർ കെ.എം. ജോസഫ് വചനപ്രഭാഷണം നടത്തും. സെന്റർ ക്വയർ ഗാനശുശ്രൂഷ നടത്തും. സെക്രട്ടറി സുവി. അജു അലക്സ് ജനറൽ കൺവീനറായി വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു. വിവിധ സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ക്രമീകരിച്ചിട്ടുണ്ടെന്ന് മീഡിയ കൺവീനർമാരായ ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർ സാം പി. ജോസഫ് എന്നിവർ അറിയിച്ചു.

## കവിത

**ഷീബാ തങ്കച്ചൻ**

# നിറക്കൂട്ട്

മർത്യനായി ജനിച്ചവൻ തന്നുടെ ജീവിതം
വർണ്ണങ്ങളാൽ നിറഞ്ഞതല്ലയോ സോദരാ?
വിരഹത്തിൽ വർണ്ണവും സ്നേഹത്തിൽ വർണ്ണവും
കോപത്തിൽ വർണ്ണവും അങ്ങനെയങ്ങനൊ-
രായിരം വർണ്ണങ്ങൾ കോർത്തിണക്കീയതിൻ
ചേലൊന്നു കൂട്ടുവാൻ ഏവനും ശ്രമിക്കുന്നു.
പാടുപെടുന്നു പരാജയംമേല്ക്കുന്നു
ചാലേ എഴുന്നേറ്റു വീണ്ടും ശ്രമിക്കുന്നു
ചെത്തിമിനുക്കുന്നു കുത്തിക്കുറിക്കുന്നു
പറ്റുന്നതൊക്കെയും ചെയ്തങ്ങു കൂട്ടുന്നു
പറ്റുന്നതൊക്കെയും ചെയ്തങ്ങു കൂട്ടിട്ടും
കിട്ടുന്നതില്ലൊരു സുന്ദരജീവിതം.
മിഥ്യയാം വർണ്ണങ്ങൾ ചാലിച്ചാലെങ്ങനെ
കിട്ടും നിനക്കൊരു സുന്ദരജീവിതം?
സ്നേഹവും കോപവും മിഥ്യയാം വർണ്ണമോ
എന്നു നീ ചോദിച്ചാൽ എന്നുടെ ഉത്തരം
അല്ലെന്നു തന്നെയാണെങ്കിലും സോദരാ
ഒന്നു ഞാൻ ചൊല്ലുന്നു നിന്നുടെ നന്മയ്ക്കായി
ഇക്കാണും മർത്യരീ ലോകത്തിലാകവേ
പൊള്ളയാം ചായങ്ങൾ കോരിയൊഴിക്കുന്നു
പൊള്ളയാം സ്നേഹവും പൊള്ളയാം നന്മയും
എങ്ങും പടർത്തുന്നു, വാരി വിതറുന്നു.
സത്യവും ശാന്തിയും നന്മയും എല്ലാമീ
ലോകത്തിൽ നിന്നിന്നു മാഞ്ഞുപോയീടുന്നു.
ശുദ്ധമായുള്ളൊരു ചായവുമില്ലിന്ന്
പിന്നെങ്ങനെ ജീവിതം സുന്ദരമായീടും?
കേൾക്കുക സോദരാ എൻ ചോരയിൽ പിറന്നോനേ
ഈ ലോകത്തിൽ പിന്നാലെ നീയും പോയിടല്ലേ
ആചാര്യശ്രേഷ്ഠന്മാർ കാണിച്ചുതന്നതാം
നന്മതൻ പാതയിൽ നീയും പോയീടുകിൽ
നീ പൂശുന്ന ചായവും നിനയ്ക്കുന്ന ചിത്രവും
സുന്ദരമല്ലതിസുന്ദരം ആയിടും

# ഏകദിന സെമിനാർ




**റാന്നി:** മന്ദമരുതി ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയിൽ 'ദൗത്യം തിരുവചനവെളിച്ചത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി 2016 ജനുവരി 14 വ്യാഴാഴ്ച ഏകദിന സെമിനാർ നടത്തപ്പെട്ടു. റവ. സജീവ് ഏബ്രഹാം സെഷനുകൾ നയിച്ചു. പ്രിൻസിപ്പാൾ ഡോ. സാബു പോൾ, രജിസ്ട്രാർ റവ. തോമസ് മാത്യു, റവ പ്രിസ്റ്റ്ലി വർഗീസ് എന്നിവർ നേതൃത്വം നല്കി. അടുത്ത അദ്ധ്യയനവർഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചുതുടങ്ങി.

# 21 ദിന ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗവും

**കറ്റോട്:** ഐ. പി. സി. എബനേസർ വർഷിപ്പ് സെന്റർ (സിമിന്റ് ഗോഡൗണിന് സമീപം) ഫെബ്രുവരി 22 മുതൽ മാർച്ച് 13 വരെ 21 ദിവസ ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗവും രാവിലെ 10 - 1.30, വൈകിട്ട് 6.30 - 9 വരെ നടക്കും. കൃപാവരപ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കും. പ്രത്യേക വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഏവർക്കും സ്വാഗതം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446190211, 9446676463

# കുടുംബസംഗമം

അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ ഇരുപതാമത്തെ കുടുംബസമ്മേളനം 2016 ജൂലൈ മാസം 14 മുതൽ 17 വരെ മിഷിഗൺ നോവൈയിലുള്ള ഷെരാട്ടൻ ഹോട്ടലിൽ വച്ച് നടത്തുവാൻ അതിന്റെ സംഘാടകർ തീരുമാനിച്ചിരിക്കുന്നു. കോൺഫറൻസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കു ദേശീയ തലത്തിൽ ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിക്കുകയും അതിലേക്ക് പാസ്റ്റർ മാത്യു റ്റി. സാം(മിഷിഗൺ, കൺവീനർ), പാസ്റ്റർ സാജൻ ജോർജ്ജ് (പെൻസിൽവാനിയ, ജോയിന്റ് കൺവീനർ), ബ്രദർ രാജു മാത്യു (ടെക്സാസ്, സെക്രട്ടറി), ബ്രദർ സന്തോഷ് എബ്രഹാം(കണക്ടിക്റ്റ്, ഖജാൻജി), ബ്രദർ ജെരിമ്യാ ജോർജ് (മിസൂറി, യൂത്ത് കോർഡിനേറ്റർ) തെരഞ്ഞെടുക്കപ്പെട്ടു.

പ്രാദേശിക തലത്തിലുള്ള കമ്മറ്റി പാസ്റ്റർ തോമസ് യോഹന്നാന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നു. കോൺഫറസിനായുള്ള ഒരുക്കങ്ങൾ വിവിധ തലങ്ങളിൽ സജീവമായി പുരോഗമിക്കുകയും അഭിഷിക്തരായ ദൈവദാസന്മാർ ഈ കോൺഫറൻസിൽ ശുശ്രൂഷിക്കുന്നതായിരിക്കും.

## ധ്യാനം

# ത്യജിച്ചുകൊണ്ടൊരു യാത്ര



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com

ദൈവരാജ്യത്തിന്റെ പുതിയ നിയമ വെളിപ്പാട് യോഹന്നാന്റെ രംഗപ്രവേശനത്തോട് കൂടി ആരംഭിക്കുകയാണ്. സമീപിച്ചിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്ക് മാനസാന്തരത്തിലൂടെ പ്രവേശിക്കുവാൻ യെഹൂദ്യമരുക്കാടുകളെ നടുക്കുന്ന യോഹന്നാന്റെ ശബ്ദം യെഹൂദ്യദേശക്കാരെയും യോർദ്ദാന്റെ ഇരുകരയിലുമുള്ള നാട്ടുകാരെയും തന്നിലേക്ക് ആകർഷിച്ചു. ദൈവരാജ്യത്തിന്റെ പ്രവേശനം മാനസാന്തരത്തിലൂടെ ആണെങ്കിൽ അതിന്റെ അനുഗമനം സാധ്യമാകുന്നത് തന്റെ ക്രൂശുമെടുത്തു കൊണ്ടുള്ള പ്രയാണത്തിലൂടെയാണ്. അതിന്റെ ഗമന വഴികളിൽ ഇടർച്ചകൾ സംഭവിക്കുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾക്ക് നാം വിലകൊടുക്കുന്നുണ്ടോ എന്നത് ഗൗരവമായ വിഷയമാണ്. ദൈവരാജ്യത്തിൽ അനുഷ്ഠിക്കപ്പെടേണ്ട ഒട്ടനവധി നിയമാവലികൾ ഉണ്ട്. അപ്പോൾ തന്നെ ഈ വ്യവസ്ഥാപിത ദൈവരാജ്യം ചില സിദ്ധാന്തങ്ങളാൽ ബന്ധിതമാണ് താനും. അതിലൊന്നാണ് പരിത്യാഗം. ഏതൊന്നിനോ വേണ്ടി സ്വയം ത്യജിക്കാലോ ഒന്നുമല്ലാതായി തീരുകയോ ഒക്കെയാണ് ഇതിന്റെ വ്യവഹാര പരിധിയിൽ വരുന്നത്. പരിത്യാഗത്തിന്റെ പ്രായോഗികത ഏറ്റവും കൂടുതൽ പ്രകടമാക്കേണ്ട ഇടമാണ് ദൈവരാജ്യം. അതിന്റെ ബഹുമുഖ പ്രതിഫലനങ്ങളാൽ ഉണ്ടാകുന്ന വെളിച്ചമാകണം നമ്മെ മുന്നോട്ട് നയിക്കേണ്ടത്. ദൈവരാജ്യത്തെ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നത് തന്നെ നമ്മുടെ ആത്മാവിന്റെ അഗാധമായ അന്വേഷണത്വരയുടെ ഏറ്റവും ഉദാത്തമായ അനുഭവമാണ്. ഇപ്പോൾ പിന്തുടരുന്നതിനെക്കാൾ മൂല്യമുള്ളതൊന്നു കണ്ടെത്തുമ്പോൾ അതിനെ പിന്തുടരുവാൻ വേണ്ടി നാം നമ്മുടേതായ ചിലത് ഒന്നുമല്ലാതായി കാണുന്നു. നമുക്ക് മാന്യമെന്നു തോന്നുന്ന പലതിനെയും നാം ബലികഴിക്കുന്നു. എന്തൊന്നിനോ വേണ്ടി നിലകൊണ്ട നമുക്ക് അവസ്ഥാഭേദം സംഭവിച്ചിട്ടു നാം മഹത്തായ മറ്റൊന്നിലേക്ക് കൂറ് മാറുകയാണ് ഇവിടെ സംഭവിക്കുന്നത്. ഇങ്ങനെ മറ്റൊരു രാജ്യത്തിലെ വ്യവസ്ഥകളെ നാം ഹൃദയപൂർവ്വം അംഗീകരിച്ചു കൊണ്ട് അതിനുവേണ്ടി നാം നമ്മെ തന്നെ ത്യജിച്ചു ആ രാജ്യത്തിൽ ഉയർത്തപ്പെടേണ്ടവനെ ഉയർത്തുവാൻ നാം തുടങ്ങുമ്പോൾ ദൈവരാജ്യത്തിലെ പരിത്യാഗ സിദ്ധാന്തത്തിന്റെ പ്രയോഗിക പ്രവർത്തനങ്ങൾ നമ്മിൽ ആരംഭിക്കും. പരിത്യജിക്കൽ പല കാരണങ്ങൾ കൊണ്ടും എളുപ്പത്തിൽ ഉണ്ടാകുന്നതല്ല. ഇത് ഒരിക്കൽ സംഭവിക്കുന്ന വെറുമൊരു പ്രതിഭാസമല്ല മറിച്ച് ദിനംതോറും നമ്മിൽ നടക്കേണ്ട പ്രവർത്തനമാണ്. ദൈവരാജ്യത്തിന്റെ പങ്കാളികൾ ആക്കി നമ്മെ തീർക്കുന്നത് ഈ പരിത്യാഗമാണ്.

താഴ്മയാണ് ദൈവരാജ്യത്തിന് വഴി ഒരുക്കുന്നവന്റെ പ്രഥമ ലക്ഷണം. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനോളം വലിയവനില്ല എന്ന് യേശുക്രിസ്തു തന്നെ പറഞ്ഞ സ്നാപക യോഹന്നാൻ, യേശുവിനെ പരിചയപ്പെടുത്തുമ്പോൾ പറയുന്നത് "എന്നിലും ബലമേറിയവൻ എന്റെ പിന്നാലെ വരുന്നു; അവന്റെ ചെരുപ്പിന്റെ വാറു കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല" എന്നായിരുന്നു. യേശുക്രിസ്തുവിനെ ലോകത്തിനു പരിചയപ്പെടുത്തുക എന്ന മഹത്തായ ദൗത്യ നിർവഹണത്തിന് വേണ്ട അടിസ്ഥാനയോഗ്യത തന്നെത്താൻ താഴ്ത്തുവാനുള്ള മനോഭാവമാണ്. പൗരോഹിത്യ കുടുംബത്തിൽ ജനസമ്മതനായ സെഖര്യാവിന്റെ മകനായി ജനിച്ച യോഹന്നാൻ, പാരമ്പര്യത്തിന്റെ ഉടയാടകൾ അഴിച്ചുവച്ചിട്ടു ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും ലഭ്യമായ കനത്ത യാഗശിഷ്ടവും ഉപേക്ഷിച്ചു വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷണമാക്കി, നീണ്ട ആണ്ടുകളായി അടഞ്ഞുകിടന്ന അന്ധകാര വഴിയിലൂടെ മാനസാന്തരത്തിന്റെ കാഹളവുമൂതി ദൈവരാജ്യത്തിന്റെ പുത്തൻ വഴി വെട്ടിത്തുറന്നു യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് ആനയിക്കുമ്പോൾ "ഞാനോ കുറയേണം-അവനോ വളരേണം" എന്ന തത്വത്തിൽ നിലനിന്നുകൊണ്ട് യോഹന്നാൻ ഒന്നുമല്ലാതായി തീരുകയാണ്. വഴി ഒരുക്കുന്നവൻ ചെറുതായി ചെറുതായി ഒടുവിൽ കാണാതെ ആയാൽ മാത്രമേ ലോകത്തിനു യേശുക്രിസ്തുവിനെ കാണുവാൻ കഴിയും. വഴി ഒരുക്കുന്നവൻ പ്രസിദ്ധനായാൽ ക്രിസ്തുവിനെ ലോകം അറിയാതെ വരും. ദൈവരാജ്യത്തിന്റെ വഴി ഒരുക്കൽ നമ്മുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയുമല്ല. നട്ടവനും നനയ്ക്കുന്നവനും ഏതുമല്ലാതായി തീരുമ്പോൾ മാത്രമേ വളരുമാറാക്കുന്ന ക്രിസ്തു എല്ലാമായി തീരുകയുള്ളൂ. തലകുനിച്ചു തന്റെ നുകം ഏറ്റെടുത്തു എന്നോട് പഠിപ്പിൻ എന്നാണ് ക്രിസ്തുവിന്റെ ആഹ്വാനം എന്നിരിക്കെ, ദൈവപദ്ധതിയിലേക്ക് സ്വയം പ്രദർശനത്തിനുള്ള വേദിയാക്കുമ്പോൾ ലോകം യേശുക്രിസ്തുവിനെയും അവനിലൂടെ മാത്രമുള്ള രക്ഷയും അറിയാതെ പോകുന്നു എന്നത് ഖേദകരം തന്നെ!!!

പരിത്യാഗം അതിന്റെ പൂർണ്ണത കൈവരിക്കുന്നത് ഒരിക്കൽ നാം ത്യജിച്ചു കളഞ്ഞതിനെകുറിച്ചുള്ള ചിന്ത ഒരിക്കൽ പോലും നമ്മിൽ വീണ്ടും ആവർത്തിക്കപ്പെടാതിരിക്കുമ്പോൾ മാത്രമാണ്. അമൂല്യമായതൊന്നു നേടുവാൻ നാം വിട്ടുകളഞ്ഞത് വിലയില്ലാത്തതായി കാണുമ്പോൾ ഒരിക്കൽ നാം എടുത്ത അർത്ഥപൂർണ്ണമായ തീരുമാനങ്ങളിൽ നയവ്യതിയാനം സംഭവിക്കുമ്പോൾ ദൈവരാജ്യത്തിലെ പരിത്യാഗ സിദ്ധാന്തം ചോദ്യം ചെയ്യപ്പെടുകയാണ്. വിട്ടതിലേക്ക് നാം വീണ്ടും മടങ്ങുമ്പോൾ നാം നടക്കുന്നത് പിന്നിലേക്കായിരിക്കും. പരിത്യാഗത്തിന്റെ സഞ്ചാരപാതയിൽ ദൈവരാജ്യത്തിലെ പ്രജകൾക്കു പിന്നോട്ടൊരു യാത്ര അനുവദനീയമല്ല. ത്യാഗ മാർഗ്ഗത്തിലൂടെ എപ്പോഴും മുന്നിലേക്ക്!! പലതിനെയും ത്യജിച്ചിട്ടാണ് നാം യേശുവിനെ സ്വീകരിക്കുന്നതെങ്കിലും ക്രിസ്തു നമ്മുടെ ഉള്ളിൽ വാസം ചെയ്യുന്ന സമയ മുതൽ ഈ പരിത്യാഗ സ്വഭാവം കൂടുതൽ കരുത്താർജിക്കുകയാണ്. ഓരോ ദിവസവും നാം പലതിനെയും ത്യജിച്ചു ലക്ഷ്യത്തിലേക്ക് നടന്നടുക്കുകയാണ്. വർത്തമാനകാല രക്ഷയുടെ ബഹുമുഖസ്വഭാവങ്ങളിൽ ഒന്നാണ് ദിനംതോറുമുണ്ടാകേണ്ട ഈ പരിത്യാഗ മനോഭാവവും. ഇവിടെ യേശുവിന്റെ വാക്കുകൾ പ്രസക്തമാണ്. "അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല". വിട്ടുപിരിയുക-ശിഷ്യനാകുക! ശിഷ്യത്വത്തിന്റെ നിയമാവലികളിൽ ഏറ്റവും പ്രാധാന്യമേറിയതും ഇത് തന്നെ. യേശുവിന്റെ ശിഷ്യത്വം വളരെ ഗൗരവമേറിയതാണ്. അതിനാൽ തന്നെ പരിത്യാഗികൾ മാത്രമായിരിക്കും അവന്റെ യഥാർത്ഥ ശിഷ്യന്മാർ. വിട്ടുപരിഞ്ഞതിലേക്കുള്ള മടക്കം ക്രിസ്തുവശിഷ്യത്വത്തെ വികലമാക്കുന്ന വിലകുറഞ്ഞ നയമാണ്. പരിത്യാഗസ്വഭാവമുള്ള ക്രിസ്തുശിഷ്യത്വം പ്രായോഗികമാകുന്നത് പലതിനോടും വിടപറയുവാൻ നാം എടുക്കുന്ന നിർണ്ണായകമായ തീരുമാനങ്ങളിലൂടെ മാത്രമായിരിക്കും!!

## ലേഖനം

# ജയിക്കുന്നവൻ ശുഭ്രവസ്ത്രം ധരിക്കും



പാസ്റ്റർ കെ.ജെ.മാത്യു

സർദ്ദീസ് സഭയ്ക്കുള്ള ദൂതിൽ സഭാനാഥനായ കർത്താവ് പറയുന്ന ഒരു വാചകമാണ് മുകളിൽ ഉദ്ധരിച്ചത്. ലിസിയയുടെ തലസ്ഥാന നഗരമായിരുന്നു. പാറക്കെട്ടുകളുടെ മുകളിൽ പണിയപ്പെട്ടിരുന്ന ഒരു പട്ടണമായിരുന്നെങ്കിലും നിനച്ചിരിക്കാത്ത സമയത്തും വിധത്തിലും കാവൽപ്പട ഉറങ്ങികിടന്ന സമയത്ത് ശത്രു സൈന്യങ്ങൾ അവരുടെ സ്വാഭാവിക കോട്ട ഭേദിച്ച് പട്ടണം രണ്ട് പ്രാവശ്യം പിടിച്ചെടുത്ത ചരിത്രവും അതിനുണ്ട്. പേർഷ്യൻ ചക്രവർത്തി കോരെശും, സിറിയൻ രാജാവ് അന്തിയോക്കസുമാണ് സർദ്ദീസ് കീഴടക്കിയത്. വെളിപ്പാടു പുസ്തകം എഴുതുന്ന AD ആയപ്പോഴേക്കും അത് പുതുക്കി പണിത ഒരു റോമ നഗരമാണ്.

ഇവിടെ സഭ ഉറങ്ങി കിടക്കുന്നു എന്നാണ് ക്രിസ്തുവിന്റെ പരാതി. അവിടത്തെ പ്രാദേശിക സഭയ്ക്ക് ചില കാര്യങ്ങളിൽ മാന്യമായ പേര് നേടുവാൻ കഴിഞ്ഞെങ്കിലും അത് യഥാർത്ഥത്തിൽ മൃതാവസ്ഥയിലായിരുന്നു. വീണ്ടും ജനിച്ച ക്രിസ്ത്യാനിയുടെ സവിശേഷമായ ജീവന്റെ ലക്ഷണങ്ങൾക്കു ഘടകവിരുദ്ധമാണിത്.. നിർജ്ജീവാവസ്ഥമൂലമാണ് സഭയുടെ വിശ്വാസ സാക്ഷ്യത്തിന് ന്യൂനത ഭവിച്ചിരിക്കുന്നത്. തന്റെ വരവിനായി ഒരുങ്ങി പ്രാർത്ഥിച്ചും ജാഗരിച്ചും ഇരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യേശു തന്റെ ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകിയിരുന്നു. ലോകത്തിന്റെ ചിന്തകൾ, മാമ്മോനോടുള്ള പ്രീയം എന്നിവ ഏറ്റവും നല്ല വിശ്വാസികളെപ്പോലും നിദ്രാലുക്കളാക്കും. ഒരുവൻ നിദ്രയിലാണെങ്കിൽ തന്റെ ചുറ്റുമുള്ള യാഥാർത്ഥ ലോകത്തു നടക്കുന്നതിനെക്കുറിച്ചൊന്നും അവനു ബോധം ഉണ്ടായിരിക്കുകയില്ല. മിഥ്യയായ സ്വപ്നലോകത്തെ കുറിച്ചായിരിക്കും അവൻ കൂടുതലും ബോധവാനായിരിക്കുന്നത്. ആത്മീക നിദ്രയിലായിരിക്കുന്നവരെ സംബന്ധിച്ചും ഇങ്ങനെയാണ്. ദൈവരാജ്യമെന്ന യാഥാർത്ഥ ലോകത്തെക്കുറിച്ചോ, ചുറ്റും നശിച്ചു പോകുന്ന ആത്മാക്കളെക്കുറിച്ചോ, നിത്യതയിലെ യാഥാർത്ഥ്യങ്ങളെ കുറിച്ചോ അവർക്കു ബോധം ഉണ്ടായിരിക്കില്ല. ഭൗതീക സമ്പത്ത്, സുഖസൗകര്യം, ലോകമാനം പ്രശസ്തി എന്നിവയുടെ മിഥ്യയായ താല്കാലിക ലോകത്തേകാണ് അവർ ഉണർന്നിരിക്കുന്നത്. അതുകൊണ്ട് കർത്താവ് പറയുന്നു "ഉണരുക, ചാവാറായ നിലയിൽ ശേഷിച്ചവയെ ശക്തിപ്പെടുത്തുക". ഉണർന്നു ജാഗരൂകരായിത്തീരുന്നില്ലെങ്കിൽ കാവൽക്കാർ ഉറങ്ങികിടന്നപ്പോൾ പട്ടണത്തിൽ ശത്രുസൈന്യങ്ങൾ പ്രവേശിച്ചതുപോലെ പിശാചു വന്ന് നിങ്ങളെ കീഴടക്കും.

അങ്ങനെ ആത്മീയ ഉണർവ്വ് സാധിക്കണമെങ്കിൽ ആദിമുതൽ സഭയ്ക്ക് ലഭിച്ച സുവിശേഷ സന്ദേശം ഓർത്തു മുറുകെ പിടിക്കുകയാണാവശ്യം. വിശുദ്ധ പൗലോസും തന്റെ ലേഖനത്തിൽ കൂടെ നമ്മെ അറിയിച്ചതും നിങ്ങൾ സ്വീകരിച്ചതും നിങ്ങൾ ഉറച്ചു നിൽക്കുന്നതുമായ സുവിശേഷത്തെ പറ്റി നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു ഞാൻ നിങ്ങളോട് പ്രസംഗിച്ച വചനം നിങ്ങൾ മുറുകെ പിടിക്കുന്നുവെങ്കിൽ ഈ സുവിശേഷം മുഖേന നിങ്ങൾ രക്ഷിക്കപ്പെടുന്നു. അല്ലാത്തപക്ഷം നിങ്ങൾ വിശ്വസിച്ചത് വ്യർത്ഥമായി തീരും"(1കൊരി:15:1,2 NIBV). സുവിശേഷസന്ദേശം നിരന്തരം ശ്രദ്ധിക്കാത്തതുകൊണ്ടാണ് അവരുടെ ആത്മീയതയ്ക്കു ജീവനില്ലാതെ പോയത്. പൊതുവെ സഭ മന്ദീഭവിച്ചു പോയെങ്കിലും തങ്ങളുടെ വസ്ത്രം മലീനപ്പെടുത്താതെ കുറെപ്പേർ സർദ്ദിസിലുണ്ട്. ക്രിസ്തുവുമായുള്ള നിരന്തരം ബന്ധത്തിലൂടെയാണ് ഉണർവുള്ള ആത്മീയ ജീവനും അന്ത്യത്തോളം വിശ്വസ്ത സാക്ഷ്യത്തിലൂടെ ജയവും ജയത്തിന്റെ സമ്മാനമായ സമൃദ്ധ ജീവനും മനുഷ്യന് ലഭിക്കുക. അതു കൊണ്ട് കർത്താവ് പറയുന്നു. എങ്കിലും ഉടുപ്പ് മലിനമാക്കാത്ത കുറെ പേർ സർദ്ദിസ്സിൽ നിനക്കുണ്ട്. അവർ യോഗ്യന്മാരാകയാൽ വെള്ള ഉടുപ്പ് ധരിച്ചും കൊണ്ട് എന്നോടു കൂടെ നടക്കും. യേശുക്രിസ്തുവിനെ തള്ളിക്കളയുന്നവരിൽ നിന്ന് തുലോം വ്യത്യസ്തമായി അവനെ കൈക്കൊള്ളുന്നവരുടെ അനുഗ്രഹീതാവസ്ഥയെപ്പറ്റി നാം വെളിപ്പാട് 22:14ൽ വായിക്കുന്നു. "ജീവന്റെ വൃക്ഷത്താൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ". ക്രിസ്തുയേശുവിന്റെ നീതിയാൽ തങ്ങളുടെ വസ്ത്രം അലക്കുന്നവർക്ക് ജീവവൃക്ഷത്താൽ അധികാരം ലഭിക്കുന്നു. അവർ എന്നേക്കും ജീവിക്കുന്നു.

സഭയുടെ എല്ലാ കാലഘട്ടങ്ങളിലെയും പോലെ കർത്താവിനോട് വിശ്വസ്തരായിരുന്ന വിശുദ്ധന്മാർ ഈ കൃപായുഗത്തിന്റെ അന്ത്യദിനങ്ങളിലും ഉണ്ട്. അവർ ആഢംബര പ്രധാനമായ കൂദാശകളുടെയും കർമ്മങ്ങളുടെയും ധാടിമോടികൾക്കും വെളിയിൽ ക്രിസ്തുവിനെ കാണുകയും തങ്ങളുടെ രക്ഷകനായും കർത്താവുമായി അവനെ അവർ വ്യക്തിപരമായി കൈക്കൊള്ളുകയും ചെയ്തു. അവനിലുള്ള വിശ്വാസവും വചനത്തോടുള്ള അനുസരണവും ഹേതുവായി തങ്ങളുടെ ഉടുപ്പ് മലിനമാക്കുവാൻ കൂട്ടാക്കാത്ത ലോക നടപ്പും രീതികളുമായുള്ള നീക്കുപോക്കുകൾ ഉപേക്ഷിച്ച് അവർ വേർപാടുള്ള ഭക്തി ജീവിതം തിരഞ്ഞെടുത്തു. പരമാർത്ഥമായി കർത്താവിനെ സേവിക്കുന്ന തന്റെ ജനത്തോട് കർത്താവു പറയുന്നു, 'നീതിമാൻ ഇനിയും നീതിചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെ തന്നെ വിശുദ്ധീകരിക്കട്ടെ' വെളിപ്പാട് 22:11. വെളിപ്പാട് പുസ്തകത്തിൽ ദൂത് ആരംഭിക്കുന്നത് ഇന്ന സഭയുടെ ദൂതന് എഴുതുക എന്ന് പറഞ്ഞ് പൊതുസഭയോടാണ്. എന്നാൽ ദൂത് അവസാനിക്കുന്നത് വ്യക്തിപരമായിട്ടാണ്. ഈ ദുഷ്ടതയുള്ള ലോകത്തിൽ നിന്നും വരുവാനുള്ള കോപത്തിൽ നിന്നും വിടുതൽ ആഗ്രഹിക്കുന്ന ദൈവമക്കൾ സമയം നഷ്ടമാക്കാതെ ലക്ഷ്യത്തിലേക്ക് കുതിക്കട്ടെ. വ്യക്തികൾ ഓരോരുത്തരായി വിശുദ്ധി ഏറ്റെടുക്കട്ടെ. വിശുദ്ധിയുടെ അടയാളമാണ് ശുഭ്രവസ്ത്രം, അവർ ഭാഗ്യവാന്മാർ അഥവാ നിത്യസന്തോഷം പ്രാപിക്കുന്നവരായിരിക്കും. ഗതിഭേദത്താൽ ആച്ഛാദനം വരാത്ത തിരുവചന സത്യങ്ങളിൽ അധിഷ്ഠിതമായിരിക്കുന്ന പ്രമാണങ്ങളുടെ പ്രകാശനമാണ് ദൈവഹിതപ്രകാരമുള്ള വിശുദ്ധി. ദൈവഹിതപ്രകാരമുള്ള വിശുദ്ധിയിൽ നിൽക്കുന്നവർ ജയാളികളാണ്. അവർ ശുഭ്രവസ്ത്രം ധരിക്കും.

ലേഖനം

# കൺവൻഷനുകളും കർത്തൃമേശയും



ജോൺസൺ കണ്ണൂർ

കർത്തൃമേശ എന്ന മഹനീയ ശുശ്രൂഷയുടെ പേരിൽ നിരവധി ചർച്ചകളും വിവാദങ്ങളും ആത്മീയ ലോകത്ത് അലയടിച്ച നാളുകൾ പലരും മറന്നിട്ടില്ല. ന്യൂജനറേഷനിലെ കുട്ടപ്പന്മാർ യാതൊരു വ്യവസ്ഥകളും ഇല്ലാതെ വരുന്നവർക്കും പോകുന്നവർക്കും കൊടുക്കാമെന്നും വീട്ടിൽ അപ്പനും അമ്മയും മക്കളും കൂടി നടത്താമെന്നും ജനത്തെ തെറ്റ് ധരിപ്പിച്ചു. ഞങ്ങൾ മീറ്റിംഗിന് പോയതെന്നും അവിടുന്ന് പ്രസാദം കിട്ടിയെന്നും പറഞ്ഞതായ ശ്രോതാക്കളുണ്ട്. സ്നാനമോ വിശുദ്ധി ജീവിതമോ ബാധകമല്ലെന്ന് വന്നാൽ അനേകരുടെ സ്തോത്രകാഴ്ച കിട്ടും. ഈ സിദ്ധൻ പെട്ടെന്ന് കോടിശ്വരനാകുകയും ചെയ്യും. ഇതിനെ നമ്മൾ നഖശിഖാന്തം എതിർക്കുന്നു.

എന്നാൽ നമ്മുടെ ജനറൽ കൺവൻഷനുകളിൽ അവസാന ദിവസമായ ഞായറാഴ്ച തിരുമേശയുണ്ട്. വളരെ പരിപാവനമായ ശ്രേഷ്ഠകരമായ ശുശ്രൂഷയെ അതിന്റെ കാര്യഗൗരവം കളയുന്ന ഏർപ്പാടായി ചിലടത്തൊക്കെ മാറുന്നുണ്ടോ എന്ന് സംശയം കൂടിവരുമ്പോൾ എല്ലാം തിരുമേശ നടത്തണമെന്ന് വേദപുസ്തകത്തിൽ വാക്യമില്ല. അതുകൊണ്ട് തന്നെ സഭകളുടെ ജനറൽ കൺവൻഷനുകളിൽ തിരുമേശ നടത്തിയില്ലെങ്കിലും ഒന്നും സംഭവിക്കാൻ പോകുന്നില്ല. കാരണം പതിനായിരങ്ങൾ കൂടുന്ന കൂട്ടായ്മയിൽ അതിന്റെ ഭയഭക്തി ഇല്ലാതാകുന്നു എന്ന സങ്കോചത്തോടെ മാത്രമല്ല വഴിയെ പോകുന്ന സകലർക്കും എടുക്കാം. ആരാ, എന്താ, എവിടുന്നാണ് കൊടുക്കുന്ന ആൾക്ക് അറിയില്ല. എടുക്കുന്നവരോട് എടുക്കരുത് എന്ന് പറയാനും സാധ്യമല്ല. 95% വിശ്വാസികളാണ് ജനറൽ കൺവൻഷന്റെ സമാപന ദിവസം വരുന്നത് എന്ന സത്യം മറക്കുന്നില്ല. എങ്കിലും പൊതുസ്ഥലത്ത് വെച്ച് ഇപ്രകാരം നടത്തുന്നതുകൊണ്ട് മറ്റുപലരും പങ്കെടുക്കാൻ സാധ്യതയുണ്ട്. മാത്രമല്ല സമാപന ദിവസം തല്ലിപഴുപ്പിച്ച് 2 മണിയാകുന്നത് വലിയ കഷ്ടമാണ്. കുറഞ്ഞത് 12.30–ന് ആശീർവാദം പറയണം.

"മാറ്റുവിൻ ചട്ടങ്ങളെ" ഇല്ലെങ്കിൽ പുതിയ തലമുറ വരുമ്പോൾ തനിയെ മാറ്റിക്കൊള്ളും. പാട്ട് ആരാധന, പ്രബോധനങ്ങൾ, അറിയിപ്പുകൾ, സമാപനത്തിൽ വചന സന്ദേശം.

**ഇപ്രകാരം ജനറൽ കൺവൻഷൻ സമാപിച്ചാൽ എന്താ ദൈവം കോപിക്കുമോ?**

കർത്തൃമേശയ്ക്കു കൊടുത്ത അപ്പവും വായിലിട്ട് ഇരുകൈകളിലും ബാഗുകളും ഏന്തി ബസ്സ് കിട്ടാൻ ഓടുന്ന രംഗം കാണേണ്ടത് തന്നെയാണ്. അവസാന ദിവസം പല തിരക്കുകൾക്കിടയിൽ കാൽവറിയോ ക്രൂശോ എത്ര വിശദീകരിച്ചാലും എല്ലാവരും ഒരുപോലെ ഹൃദയം ഏകാഗ്രമാക്കണമെന്നില്ല. എന്നാൽ അതിന്റെ രണ്ട് ദിവസം മുമ്പാണെങ്കിൽ കുഴപ്പമില്ല. നാളുകളായി കണ്ടു കേട്ടു പലരോട് സംസാരിച്ചും അഭിപ്രായങ്ങൾ ആരാഞ്ഞും പഠനം നടത്തിയിട്ടാണ് ഇത് കുത്തി കുറിക്കുന്നത്. ഇനിയും ജനറൽ കൺവൻഷനുകളിൽ തിരുമേശ നടത്തിയേ തീരുമെങ്കിൽ കൺവൻഷൻ തുടങ്ങി രണ്ടു ദിവസം കഴിയുമ്പോൾ ഈ ശുശ്രൂഷ നടത്തിയാൽ ശരിയാകില്ലേ?. തിരുമേശ എടുക്കാൻ വേണ്ടി മാത്രം വരുന്നവരാണ് ഞായറാഴ്ച വരുന്നത്.

ഒരു വെള്ളിയാഴ്ച പകൽ തിരുമേശയും ഉണ്ടായിരിക്കും എന്ന് അറിയിപ്പ് നൽകുക. താല്പര്യമുള്ളവരൊക്കെ വെള്ളിയാഴ്ച വരും. വലിയ തിക്കും തിരക്കും കാണുകയുമില്ല. അമേരിക്കൻ കാറോടിച്ചതും ലണ്ടനിൽ പട്ടം പറത്തിയതും ഇസ്രായേലിൽ പോയതും വിശദീകരിക്കാൻ സമയം കൊടുക്കരുത്. കാൽവറിയിലെ പരമയാഗത്തെ കുറിച്ചും വിശുദ്ധജീവിതത്തെ കുറിച്ചും നമുക്കു ലഭിച്ച വീണ്ടെടുപ്പിനെകുറിച്ചും വിശദമായും ആഴമായും പറയുവാൻ എന്തെങ്കിലും കർത്താവിൽ നിന്ന് പ്രാപിച്ചവർക്ക് മൈക്ക് കൊടുക്കണം. കൺവൻഷൻ ചിലവിലേക്ക് സ്തോത്രകാഴ്ച കിട്ടാൻ കാലിഫോർണിയയിൽ നിന്ന് വന്ന അച്ചായന് സമയം കൊടുത്ത് ജനത്തെ വഞ്ചിക്കരുത്. ഇനിയെങ്കിലും ഇത് ശ്രദ്ധിച്ചില്ലെങ്കിൽ അടുത്ത വർഷങ്ങളിൽ ജനറൽ കൺവൻഷനുകളിൽ സ്റ്റേജിൽ ഇരിക്കുന്ന നേതാക്കന്മാർ മാത്രം കാണുകയുള്ളൂ എന്ന സത്യം മറക്കേണ്ട.

ആഴമായ ദൈവവചന കേഴ്വിയിൽ ജനം പൊട്ടിക്കരയണം. തുടർന്ന് കർത്തൃമേശയും നടത്തണം.

ഏകദേശം 80 വർഷങ്ങൾക്ക് മുമ്പുള്ള സംവിധാനമാണ് ഇന്നും തുടരുന്നത്. ഇതൊക്കെ പരിഷ്കരിക്കാൻ സമയമായില്ലേ? വർഷങ്ങൾക്ക് മുമ്പുള്ള ഗ്രൗണ്ടിലാണ് ഇന്നും യോഗം നടത്തുന്നത്. ഞായറാഴ്ച എല്ലാവരും കൂടിവന്നാൽ പഴയ ഗ്രൗണ്ടിൽ ഉൾക്കൊള്ളില്ല. നിന്ന് തിരിയാൻ സ്ഥലമില്ലാത്തിടത്ത് ഈ അപ്പവും വീഞ്ഞും കൊണ്ട് നടക്കുന്നത് കണ്ടാൽ സങ്കടം തോന്നും. ചിലരൊന്നും എടുക്കാറില്ല. പലരും ഗ്രൗണ്ടിൽ കയറാറില്ല. അവസാനം വരുന്നവർക്ക് സ്ഥലമില്ല എന്നത് തന്നെ കാരണം.

സെന്റർ കൺവൻഷനുകളുടെ സമാപനദിവസം കർത്തൃമേശ നടത്തിയാൽ ഇത്രയും തിരക്കില്ല. എനിക്ക് അപ്പം ലഭിച്ചു വീഞ്ഞ് കിട്ടിയില്ല എന്ന് ആർക്കെങ്കിലും ഉണ്ടെങ്കിൽ നിങ്ങളുടെ മുമ്പിൽ എത്തിക്കുന്നതായിരിക്കും എന്ന് അറിയിച്ചാലും ചിലരൊന്നും പ്രത്യക്ഷപെടാറില്ല.

ഇവയൊന്നും സ്വീകാര്യമല്ലെങ്കിൽ വരുന്ന ജനത്തെ മുഴുവൻ ഉൾക്കൊള്ളാനും ഇടുക്കമില്ലാതെ ഇരിക്കുവാനുള്ള ക്രമീകരണം ചെയ്യുക. ഇപ്പോഴത്തെ സാഹചര്യത്തിൽ അത് എത്രത്തോളം നടപ്പിൽ വരുമെന്ന് കണ്ടറിയണം. സമാപന ദിവസം ഈ പറഞ്ഞവയെല്ലാം കഴിയുമ്പോൾ 2 മണിയാകും. ദിവസങ്ങളായി ദൂരത്ത് ന്നിന്ന് വരുന്നവർ ചെറിയ കുട്ടികൾ, രോഗവും ക്ഷീണമുള്ളവർ ഇവരെയൊക്കെ ബുദ്ധിമുട്ടിക്കണോ? ഇത് ഒരു വിവാദാക്കാതെ ഇതിന്റെ സത്യാവസ്ഥ ആരായുകയും പൊതുജനചർച്ചയ്ക്ക് വെയ്ക്കുകയും ഉചിതമായ അഭിപ്രായങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യണം.

ഇരുപത്തൊന്നു ദിവസം ഉപവസിച്ചിട്ട് സമാപനം കർത്തൃമേശ നടത്താതിരുന്നിട്ടും ദൈവം കോപിച്ചില്ല. പിന്നെയാണോ 7 ദിവസത്തെ കൺവൻഷന്റെ സമാപനം. കൺവൻഷൻ സമയത്ത് തിരുമേശ കൊടുക്കുവാൻ തിരഞ്ഞെടുത്താൽ അവരിൽ ചിലർക്ക് തലക്കനമാണ്.

**തിരുമേശയും വിശുദ്ധ ചുംബനവും**

"സകല സഹോദരന്മാരെയും വിശുദ്ധ ചുംബനത്താൽ വന്ദനം ചെയ്വീൻ"(1തിമോ: 5:26)

ഇവിടെയെങ്ങും കർത്തൃമേശയുടെ കാര്യം പറയുന്നില്ല. തിരുമേശ ഉള്ള ദിവസമേ വിശുദ്ധചുംബനം നടത്താവൂ എന്ന നിയമം എവിടുന്നാണ് വന്നത്. കർത്തൃമേശ ഇല്ലാത്ത ദിവസം വിശുദ്ധചുംബനം നടത്തിക്കൂടെ. വഴിക്ക് വെച്ച് മൂക്കു മുട്ടിയാൽ മിണ്ടാത്തവർ എങ്ങനെ ചുംബനം കൊടുക്കും. ചിലർ മുട്ടനാട് കുത്തുന്നതുപോലെ ചുണ്ടു കൊണ്ട് ഒരു കുത്താണ്. ചടങ്ങ് ചുംബനം കൊണ്ട് ഒരു ഗുണവുമില്ല. ഹൃദയത്തിൽ നിന്ന് ഒഴുകുന്ന ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് വിശുദ്ധചുംബനം. ക്രിസ്തുവിൽ എന്റെ സഹോദരൻ എന്ന ചിന്തയിലാണ് ചുംബനം കൊണ്ട് വന്ദനം പറയുന്നത്. ക്രിസ്തുവിന്റെ മനോഭാവമുള്ളവർക്ക് അത് എപ്പോൾ വേണമെങ്കിലുമാവാം ഒരപ്പത്തിന്റെ അംശികളും ഒരു പാനപാത്രത്തിന്റെ ഓഹരിക്കാരുമായവർക്ക് തമ്മിൽ വിശുദ്ധ ചുംബനവും നടത്താൻ തിരുമേശയുള്ള ദിവസം മാത്രമേ സാധിക്കൂ എന്നൊന്നുമില്ല.

കണ്ടതും കേട്ടതും

# ഹെലിക്യാമുകൾ പറക്കുന്ന കാലം

ജയ്മോഹൻ അതിരുങ്കൽ
9567759748

കുമ്പനാട്ടു ഹെബ്രോൻപുരത്തു നടന്ന കൺവെൻഷൻ പന്തലിലേക്ക് 22–ാം തീയതി വെള്ളിയാഴ്ച രാത്രിയിൽ കയറിയപ്പോൾ കണ്ട കാഴ്ച എന്നെ അദ്ഭുതപ്പെടുത്തി. മുടന്തൻ നടന്നതോ കുരുടനു കാഴ്ച കിട്ടിയതോ അല്ല, മറിച്ച് ഒരു പറക്കുന്ന ക്യാമറ (ഹെലിക്യാം) പന്തലിലൂടെ പറന്നുവരുന്നു! ഇതിനെക്കുറിച്ചു വായിച്ചിട്ടുണ്ടെങ്കിലും, കാണുന്നത് ആദ്യമായിട്ടാണ്. അത് യാതൊരു ശല്യവുമുണ്ടാക്കാതെ അതിന്റെ ജോലി ചെയ്യുകയാണ്. ആളുകളൊക്കെ അതിനെ ശ്രദ്ധിക്കുന്നുണ്ട്. ഉടനെ അറിയിപ്പു വന്നു: "ക്യാമറ പറത്തിവിടരുത്; ആളുകൾ ശ്രദ്ധിക്കും; ഉടനെ അതു നിർത്തണം". പിന്നെ അതിനെ കണ്ടില്ല. ആദ്യത്തെ ഒരു കൗതുകം കഴിഞ്ഞാൽ ആളുകൾ പ്രസംഗം ശ്രദ്ധിക്കുകയേയുള്ളൂ. പാസ്റ്റർ വത്സൻ ഏബ്രഹാമിന്റെ പ്രസംഗം, തുടർന്നു പ്രസംഗിച്ച പാസ്റ്റർ ബാബു ചെറിയാൻ പറഞ്ഞതുപോലെ 'സിസ്റ്റമാറ്റിക്' ആയിരുന്നു.

കൺവെൻഷനിൽ ആത്മീയാനുഭൂതി ഉയർത്തിയ ഒന്നായിരുന്നു പെർസിസ് ജോണിന്റെ പാട്ട്. ഇതുപോലെ പാട്ടു പാടുന്ന, ആത്മനിറവിൽ പാടുന്ന ഒരു സഹോദരിയെ ഞാൻ കണ്ടിട്ടില്ല. ഇംഗ്ലിഷ്, മലയാളം, ഹിന്ദി എന്നീ മൂന്നു ഭാഷകളിലും സംസാരിച്ച ആ സഹോദരിയുടെ പാട്ട് പന്തലിലുണ്ടായിരുന്ന സകലരെയും ആത്മീയമായി സ്പർശിച്ചുവെന്നു വേണം പറയാൻ. അസാധാരണമായ, അപൂർവ്വമായ ഒരനുഭവമായിരുന്നു ആ ശുശ്രൂഷ.

ഹെലിക്യാം ഇപ്പോൾ നിരോധിച്ചെങ്കിലും, താമസിയാതെ അതു നമ്മുടെ യോഗങ്ങൾക്കെല്ലാം അത്യാവശ്യമായി വരും. വീഡിയോ ക്യാമറയെയും റ്റെലിവിഷനെയുമൊക്കെ അവജ്ഞയോടെ വീക്ഷിച്ചവരാണു നമ്മളെന്നതു മറക്കേണ്ട. മൊബൈൽ ഫോണിനെതിരെയും വാട്ട്സാപ്പിനെതിരെയുമൊക്കെ പ്രസംഗിക്കുന്നവരൊക്കെ ഇതെല്ലാം ഉപയോഗിക്കുന്നുണ്ടെന്നുള്ളതാണു വാസ്തവം.




കുമ്പനാട് ഹെബ്രോൻ പുരത്തു നിന്നു തിരുവല്ലായിലെ രാമൻചിറയിലേക്കു വരാം. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷനാണ് അവിടെ നടന്നത്. വ്യാഴാഴ്ച മുതലുള്ള യോഗങ്ങളിൽ പങ്കെടുത്തു (രാത്രിയോഗങ്ങളിൽ). കാനമച്ചന്റെ പ്രസംഗം നിലവാരം പുലർത്തി. പാസ്റ്റർ ബെനിസൺ മത്തായിയുടെ പ്രസംഗവും നന്നായിരുന്നുവെന്നു പറഞ്ഞു കേട്ടു (അതു കേൾക്കാനെനിക്കു കഴിഞ്ഞില്ല). മൂന്നു പേരാണു പ്രസംഗ പരിഭാഷകരായുണ്ടായിരുന്നത്. മൂന്നുപേരുടെ പരിഭാഷയും ശരിയായില്ലെന്നു പറഞ്ഞാൽ കോപിക്കരുത്. ഭക്ഷണം നല്ലതു കിട്ടി. ഞായറാഴ്ച കർത്തൃമേശയുടെ പ്രബോധനം വഴിവിട്ടുപോയി. ശുശ്രൂഷകന്മാരുടെ യോഗത്തിൽ പറയേണ്ടുന്ന കാര്യങ്ങളാണ് അവിടെപ്പറഞ്ഞത്. അവസാനം അല്പ നിമിഷങ്ങൾ കർത്തൃമേശയെക്കുറിച്ചു പറഞ്ഞു. മുമ്പൊരു കൺവെൻഷനിൽ സ്റ്റേറ്റ് സെക്രട്ടറി കർത്തൃമേശയെക്കുറിച്ചു പ്രസംഗിച്ചത് ഓർത്തുപോയി.

പാട്ടുകളൊക്കെ എത്രമാത്രം നിലവാരം പുലർത്തിയെന്നു തന്നെത്താൻ ചോദിച്ചാൽ മതി. കൂടം കൊണ്ടു നെഞ്ചത്തടിക്കുന്നതുപോലെയുള്ള 'ബീറ്റാ'യിരുന്നു. പശ്ചാത്തല സംഗീതം പശ്ചാത്തലത്തിലല്ലായിരുന്നു. പശ്ചാത്തലസംഗീതത്തിൽ പാട്ടുകൾ മുങ്ങിപ്പോയി. ഓരോ വർഷവും കൺവൻഷനു വേണ്ടി ഇറക്കുന്ന സിഡിയിലെ പാട്ടുകളുടെ നിലവാരത്തെക്കുറിച്ച് എന്തു പറയാനാണ്! ആയുസ്സില്ലാത്ത പാട്ടുകളാണ് അവയെല്ലാം. കുറെ വർഷങ്ങൾക്കു മുമ്പിറക്കിയ "ആതീ ഇറങ്ങട്ടെ.... സഭയിൽ ഇറങ്ങട്ടെ" എന്ന പാട്ട് ആരെങ്കിലും ഇന്നു പാടുന്നുണ്ടോ? യാതൊരു ചൈതന്യവുമില്ലാത്ത ഗാനങ്ങൾ! ഇങ്ങനെയുള്ള വെറും ചെലവുകൾ അവസാനിപ്പിച്ചാൽ നല്ലതാണെന്ന അഭിപ്രായം ആരും പരിഗണിക്കുകയില്ല.

പ്രസംഗകരേ, നിങ്ങൾ മൈക്കിൽ നിന്ന് നിശ്ചിത അകലം പാലിച്ചുനിന്നാൽ അതു കേൾക്കാൻ കൊള്ളാം. രാഷ്ട്രീയക്കാരുടെ പ്രസംഗങ്ങൾ കേൾക്കണം. എത്ര നന്നായിട്ടാണ് അവർ അവരുടെ ആശയങ്ങൾ അവതരിപ്പിക്കുന്നത്! നിങ്ങൾ വിചാരിക്കുന്നത്, മൈക്രോഫോൺ വായോടു ചേർത്തു പിടിച്ച് ഒച്ച വയ്ക്കുമ്പോൾ, നിങ്ങൾ 'സൂപ്പർ സ്പിരിചലെ'ന്ന് എല്ലാവരും വിചാരിക്കുമെന്നാണ്. മൈക്രോഫോണിനു സ്റ്റാൻഡ് വേണ്ട; സമ്മതിച്ചു. മൈക്രോഫോണിനോടു പരിധിവിട്ട് അടുക്കുമ്പോഴുള്ള ആരോഗ്യ പ്രശ്നത്തെക്കുറിച്ചു ചിന്തിക്കുക.

ലതാമങ്കേഷ്ക്കറുടെയും യേശുദാസിന്റെയുമൊക്കെ ഗാനമേള ഇന്റർനെറ്റിലുണ്ട്. നമ്മുടെ പാട്ടുകാർ അതൊക്കെ ഒന്നു കേട്ടു നോക്കുക. അതിലെ സാഹിത്യം ആസ്വദിക്കാനല്ല; മറിച്ച് ശബ്ദക്രമീകരണം ശ്രദ്ധിക്കാനാണ്. എല്ലാ സംഗീതോപകരണങ്ങളും വിദഗ്ദ്ധമായി വായിക്കുന്ന ഈ പരിപാടികളിൽ പാട്ട് വ്യക്തമായിത്തന്നെ കേൾക്കാം.

ഇനി ആരാധനാഗാനങ്ങളാണെങ്കിൽത്തന്നെ പോൾ വിൽബറുടെയും മറ്റും 'ലൈവ് പ്രോഗ്രാ'മുകൾ കേൾക്കുക. അവയിലും പാടുന്നതു വ്യക്തമാണ്. നമ്മുടെ പരിപാടിപോലെ കർണ്ണപീഡനമല്ല– "ലെറ്റ് ദ ഫയർ ഫാൾ" (സംഗതി മറന്നു പോയിക്കാണും; അതുകൊണ്ട് എഴുതിയതാണ്).

**നീക്കിബാക്കി:** കഴിഞ്ഞ ലക്കത്തിലെ കാർട്ടൂൺ കണ്ടിട്ട് അതിലെ ആദ്യഭാഗമായ 'കൺവെൻഷൻ ഈസ് എ കമൺടാമിനേഷൻ..' എന്നീ മുഴുവൻ ഉദ്ധരിച്ചുകൊണ്ട് ഒരു സഹോദരൻ വാട്സാപ്പിൽ പ്രതികരിച്ചു: "ഇത് കലക്കി. കൊള്ളാമല്ലോ, മൗലികമാണോ? മറുപടിയയച്ചു: "അതേ, നൂറുശതമാനവും". ആശയദാരിദ്ര്യം ഇന്നുവരെ ഉണ്ടായിട്ടില്ല, വാക്കുകൾക്കും പഞ്ഞമില്ല.

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 03

BELIEVERS JOURNAL

PUBLISHED ON 10/02/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Annual Sub. ₹150

ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജറി ഒഴിവാക്കാം
പാർശ്വഫലങ്ങളില്ലാത്ത
ആയുർവേദ
ചികിത്സയ്ക്ക്



# നവജ്യോതി
## ആയുർവേദ ഹോസ്പിറ്റൽ

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

## ഹാർട്ട് അറ്റാക്കിന് ഒറ്റമൂലിയുമായി ബിനോയ് വൈദ്യർ തിരുവല്ലയിൽ

"രോഗിക്ക് വൈദ്യനെ കൊണ്ട് ആവശ്യമുണ്ട്" എന്ന യേശുക്രിസ്തുവിന്റെ വചനങ്ങൾ അന്വർത്ഥമാക്കുകയാണ് പ്രശസ്ത ആയുർവേദ ചികിത്സകൻ ബിനോയ് വൈദ്യനും അദ്ദേഹത്തിന്റെ കുടുംബവും. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ വിജയകരമായി പ്രവർത്തിച്ചു വരുന്ന നവജ്യോതി ഗൃഹവൈദ്യശാല മലയാളി സമൂഹത്തിൽ വിജയകരമായ ചികിത്സാവിധികൾ കൊണ്ട് ശ്രദ്ധേയമായി മാറി. മധ്യതിരുവിതാംകൂറിലെ ജനങ്ങളുടെ നിരന്തര അഭ്യർത്ഥനയെത്തുടർന്ന് നവജ്യോതി ആയുർവേദ ആശുപത്രി 2015-ൽ തിരുവല്ലക്കടുത്ത് പായിപ്പാട്ട് പ്രവർത്തനമാരംഭിച്ചു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഭാരതത്തിൽ ആരംഭിച്ച് ഇന്ന് ലോകമെങ്ങും അംഗീകരിക്കപ്പെട്ട ചികിത്സാ സമ്പ്രദായമാണ് ആയുർവേദം. ഏത് മാറാ രോഗത്തിനും ഫലകരമായ ചികിത്സ ആയുർവേദത്തിലുണ്ട്. പാർശ്വഫലങ്ങളില്ലാത്ത പ്രകൃതിയോടിണങ്ങിയ പ്രകൃതിദത്തമായ മരുന്നുകൾ കൊണ്ട് നടത്തുന്ന ഈ ചികിത്സ ജനലക്ഷങ്ങൾക്ക് ആശ്വാസകരമാണ്.

"ഹൃദയ വാൽവുകളിൽ ബ്ലോക്കുണ്ട്. ഓപ്പൺ ഹാർട്ട് സർജറി അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല". അലോപ്പതിയിലെ വിദഗ്ദ്ധ ഡോക്ടർമാർ ഇങ്ങനെ വിധിയെഴുതിയ രോഗികളോട് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ നവജ്യോതി എന്ന ആയുർവേദ ഗൃഹവൈദ്യശാല നടത്തുന്ന ചെറുപ്പക്കാരൻ ബിനോയ് വൈദ്യർക്ക് ഒരപേക്ഷയുണ്ട്.

ഓപ്പൺ ഹാർട്ട് സർജറിക്ക് ലക്ഷക്കണക്കിന് രൂപ ചിലവ് വരും. ചിലവിടുന്നതിനുമുമ്പ് ഒരു നിമിഷം ചിന്തിക്കുക. നവജ്യോതിയിൽ വന്ന്, നിർബന്ധ പഥ്യത്തോടുകൂടിയുള്ള ആയുർവേദ പച്ചമരുന്ന്. ചികിത്സയ്ക്ക് വിധേയനായാൽ, ഓപ്പറേഷന്റെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി ആയുർവേദത്തിലൂടെ ആരോഗ്യപരമായ ജീവിതം നയിക്കാവുന്നതാണ്. നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ പറയുവാനുണ്ട്. നിങ്ങൾ ഡോക്ടറോട് ഓപ്പറേഷനുള്ള തീയതി നിശ്ചയിക്കുമ്പോൾ പത്തു ദിവസം മുന്നോട്ടാക്കി നിശ്ചയിക്കുക. എന്നിട്ട് നിങ്ങൾ പായിപ്പാട് നവജ്യോതിയിൽ വരിക. ഇവിടെ താമസിച്ച് പച്ചമരുന്ന് ചികിത്സയ്ക്ക് വിധേയമാകുക. പത്തു ദിവസത്തിന് ശേഷം തിരികെ ചെന്ന് സ്കാനിംഗാ ഉൾപ്പെടെയുള്ള പരിശോധനകൾ ചെയ്തു നോക്കുക. വീണ്ടും ആവശ്യമെന്ന് ഡോക്ടർ നിർദ്ദേശിക്കുന്നുവെങ്കിൽ മാത്രം ഓപ്പറേഷന് വിധേയമാകുക.

ഇതു പറയുമ്പോൾ ബിനോയ് വൈദ്യൻ പൂർണ്ണ ആത്മവിശ്വാസത്തോടെ അവകാശപ്പെടുന്നു "ഇവിടോ ചികിത്സ കഴിഞ്ഞ് പരിശോധന നടത്തുമ്പോൾ ഒരു ബ്ലോക്കും ഉണ്ടായിരിക്കുകയില്ല. രോഗത്തിന്റെ ഏതു സ്റ്റേജിലാണെങ്കിലും ഈ ചികിത്സ ഫലകരമാണ്". നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ പറയുവാനുണ്ട്.

ക്രമരഹിതമായ ഭക്ഷണ ശീലങ്ങൾ, വ്യായാമമില്ലാത്ത ശരീരം, മദ്യപാനം, പുകവലി തുടങ്ങിയ ലഹരി ഉപയോഗം എന്നിവയാണ് ഹൃദയസംബന്ധമായ രോഗങ്ങളുടെ അടിസ്ഥാന കാരണം. കുടുംബപാരമ്പര്യമാണ് മറ്റൊരു കാരണം. കേരളത്തിൽ ഹൃദയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. ഹൃദയരോഗങ്ങളുടെ അലോപ്പതി ചികിത്സ ഭീമമായ സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാകുന്നത്. ഈ ചിലവുകൾ താങ്ങാനാവാതെ സാധാരണക്കാർ വലയുന്ന സാഹചര്യത്തിലാണ് ബിനോയ് വൈദ്യരുടെ ചിലവു കുറഞ്ഞ ചികിത്സാ രീതി അനേകർക്ക് ആശ്വാസമാകുന്നത്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തു നിന്ന് അരനൂറ്റാണ്ട് മുമ്പ് മലബാറിലെ നിലമ്പൂരിനടുത്ത് വെള്ളാരമുണ്ടയിലേക്ക് കുടിയേറിയ കാഞ്ഞിരപ്പറമ്പിൽ ജേക്കബിന്റെ കൊച്ചുമകനാണ് ബിനോയി. പിതാവ് കെ.ജെ. മത്തായി, അമ്മ മോളി.

കപ്പയും മുളയരിയും ഭക്ഷണമാക്കി മണ്ണിനോട് പടവെട്ടി കനകം വിളയിച്ച കർഷകകുടുംബത്തിൽ നിന്നാണ് പാരമ്പര്യ ചികിത്സയുടെയും നാട്ടു വൈദ്യത്തിന്റെയും പിൻബലത്തോടെ ബിനോയി വൈദ്യർ തന്റെ ചികിത്സാ രീതികൾ വികസിപ്പിച്ചെടുത്തത്. ഓരോ പച്ചമരുന്നും ഞങ്ങൾ തന്നെ ശേഖരിച്ച് വൃത്തിയാക്കി പ്രാർത്ഥനാപൂർവ്വം മരുന്നുകൾ തയ്യാറാക്കുന്നു. ഇതൊരു മെഗാ ബിസിനസ്സാക്കുവാനോ വ്യവസായികാടിസ്ഥാനത്തിൽ മരുന്നുല്പാദിപ്പിച്ച് ലാഭം കൊയ്യുവാനോ താത്പര്യമില്ല. ഞങ്ങളെ നേരിട്ട് സമീപിക്കുന്ന രോഗിയെ ഞങ്ങളോടൊപ്പം താമസിപ്പിച്ച് പ്രാർത്ഥനാപൂർവ്വം ഞങ്ങൾ ചികിത്സിക്കുന്നു.

എറാണകുളത്ത് പ്രശസ്തനായ പത്മനാഭൻ വൈദ്യരുടെ സഹായിയായി പത്തുവർഷത്തെ അനുഭവവും ഇടുക്കിയിലെ ടോമിൻ ഗുരുക്കളുടെ ശിഷ്യത്വം സ്വീകരിച്ച് മറ്റ് നിരവധി നാട്ടുവൈദ്യന്മാരുടെ കൂടെ നിന്ന് അനുഭവ സമ്പത്തും മലബാറിലെ നാട്ടു ചികിത്സയും സംയോജിപ്പിച്ചാണ് ബിനോയി വൈദ്യൻ ചികിത്സയുടെ പടവുകൾ കയറിയത്.

ഹൃദയരോഗങ്ങൾ മാത്രമല്ല ബിനോയി വൈദ്യരുടെ ചികിത്സയിൽ 'സോറിയാസിസ്' പ്രധാന രോഗമാണ്. സോറിയാസിസ് വന്ന് സൗഖ്യമാകാതെ ആത്മഹത്യ ചെയ്തവരെപ്പോലും എനിക്കറിയാം. ഇപ്പോൾ നിരവധി പേർക്ക് സോറിയാസിസ് രോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ഞങ്ങളുടെ ചികിത്സ മുഖാന്തരമാകുന്നു. ഡിസ്ക്കുകളുടെ തകരാർ മൂലമുള്ള നടുവിന് വേദന കിഡ്നി സ്റ്റോൺ, വിവിധ വാതരോഗങ്ങൾ, തുടങ്ങി അൾസർ വരെയുള്ള രോഗങ്ങൾക്കും ബിനോയി വൈദ്യർ ചികിത്സ നൽകുന്നു.



### പ്രത്യേക ചികിത്സകൾ

#### ഡിസ്ക് തകരാറുകൾ

കാലപ്പഴക്കമേറിയ നടുവേദന മുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട്, രക്തയോട്ടമില്ലായ്മ എന്നിവയ്ക്ക് ചുരുങ്ങിയ ദിവസം കൊണ്ട് ഫലപ്രാപ്തി കാണുന്നു.
ഡിസ്ക് തള്ളൽ കാരണം സുഷുമ്നാ നാഡിയ്ക്ക് ക്ഷതം സംഭവിക്കാനും ഭാവിയിൽ തളർന്നു പോകാനും സാധ്യതയുള്ള രോഗാവസ്ഥയിൽ പോലും ഞങ്ങളുടെ **പ്രത്യേക ബോൺ സെറ്റിംഗ് ചികിത്സയിൽ ആശ്വാസം** കിട്ടിയിട്ടുണ്ട്.

#### പ്രമേഹം

ലോകത്തിലെ 5 പ്രമേഹരോഗികളിൽ ഒരാൾ ഇന്ത്യക്കാരനാണ്. പാൻക്രിയാസിന്റെ പ്രവർത്തനത്തിന്റെയും ഇൻസുലിൻ ഹോർമോണിന്റെയും തകരാറു മൂലം ഉണ്ടാകുകയും Type I, Type II പ്രമേഹങ്ങൾക്ക് ഫലപ്രദമായ ചികിത്സ ഇവിടെ ലഭ്യമാണ്.

#### ഹൃദയ ധമനിയിലെ കൊഴുപ്പുകൾ

ഹൃദയധമനികളിൽ അടിഞ്ഞുകൂടി ഹൃദയസ്തംഭനത്തിനുവരെ കാരണമായേക്കാവുന്ന കൊഴുപ്പുകൾ... ലക്ഷങ്ങൾ ചിലവില്ലാതെ, ഓപ്പറേഷന്റെ വേദനയില്ലാതെ പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ പച്ചമരുന്ന് പഥ്യത്തോടുകൂടിയുള്ള ചികിത്സ.

#### സോറിയാസിസ് തുടങ്ങിയ ത്വക്‌രോഗങ്ങൾ

തലയിൽ വിട്ടുമാറാത്ത താരൻ, ദേഹം മുഴുവൻ വട്ടത്തിൽ പാടുകൾ, ചൊറിച്ചിൽ, തൊലിയിളകുക, പരുപരുത്തതാകുക തുടങ്ങിയ ത്വക് രോഗങ്ങൾക്ക് ഫലപ്രദമായ പച്ചമരുന്ന് ലഭ്യമാണ്.
കൂടാതെ വിട്ടുമാറാത്ത അസിഡിറ്റി, മൈഗ്രേൻ, പൈൽസ്, മുട്ടുവേദന, കഴുത്ത്വേദന, വാതരോഗങ്ങൾ, അൾസർ, വെള്ളപോക്ക്, കൊളസ്ട്രോൾ, ബ്ലഡ് പ്രഷർ, ആസ്ത്മ തുടങ്ങി അനവധി രോഗങ്ങൾക്ക് ഫലപ്രദമായ ആയുർവേദ ചികിത്സകൾ വിദഗ്ദ ഡോക്ടർമാരുടെ സേവനത്തിൽ ലഭ്യവുമാണ്.

**പച്ചമരുന്ന് ചികിത്സ, പഥ്യം നിർബന്ധം**

തിരുമ്മു ചികിത്സയ്ക്ക് വരുന്നവർക്ക് താമസസൗകര്യം ക്രമീകരിക്കുന്നു.

**നവജ്യോതി ആയുർവേദ ഹോസ്പിറ്റൽ**
പായിപ്പാട്, തിരുവല്ല,
ഹെഡ് ഓഫീസ്: പയ്യന്നൂർ, കണ്ണൂർ,
09496214000, 09048712570

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.